
# Marthanais




Malabar Christian College Magazine 2020-21




REDMI NOTE 9 PRO
AI QUAD CAMERA







# Education without Discrimination




പ്രിയപ്പെട്ടവരെ
ഇത് അതിജീവനത്തിന്റെ കാലമാണ്.
കഴിഞ്ഞ കുറച്ചു കാലമായി ജൈവികമായ
ആനുഭവിക ഇടങ്ങളിൽ നിന്ന് നമുക്ക്
ഉൾവലിയേണ്ടിവന്നു. പരസ്പരം കാണാനോ
മിണ്ടാനോ പറ്റാത്ത വിധം രോഗഭരിതമായ
കാലം നമ്മെ ഭയത്തിലാഴ്ത്തിക്കൊണ്ടിരുന്നു.
തോളിൽ കയ്യിട്ടും ആർത്തുല്ലസിച്ചും അകല
മെന്തെന്ന് അറിഞ്ഞിട്ടില്ലാത്ത ക്യാമ്പസുകൾ
നിശബ്ദമായി. എന്നിട്ടും അകലങ്ങളിലിരുന്ന്
നാം കിനാവ് കണ്ടു. പ്രതിരോധങ്ങൾ തീർത്തു.
അതിജീവനത്തിന്റെ പുതിയ പാട്ടുകൾ പാടി.
അങ്ങനെ നാം അതിജീവിച്ച കാലത്തിന്റെ
വരകളും വർണങ്ങളും വാക്കുകളും
സ്വപ്നങ്ങളും ചേർത്തുവെച്ച്
Marthanais
നിങ്ങൾക്കു മുന്നിലേക്കെത്തുകയാണ്.
'Marthanais' എന്ന ഐറിഷ് വാക്കിന്റെ അർത്ഥം
അതിജീവനം എന്നാണ്.
ഭാഷാധിനിവേശത്തിന്റെ പരുക്കേൽക്കേണ്ടിവന്ന
ജനതകളോടും ഭാഷകളോടും
അരികുവൽക്കരിക്കപ്പെട്ട എല്ലാറ്റിനോടുമുള്ള
ഐക്യപ്പെടൽ കൂടിയാണ് 'Marthanais'
ഒപ്പം പ്രതിസന്ധികളെ മറികടക്കാനുള്ള ശ്രമവും.
അതെ എല്ലാ കെട്ട കാലങ്ങളെയും നാം
അതിജീവിക്കുക തന്നെ ചെയ്യും

എഡിറ്റോറിയൽ ബോർഡ്

ചിത്രീകരണം:
അലൻട്രീസ സേവ്യർ
ഐശ്വര്യ എ
ഗ്രാഫിക്സ് : ഷൈജു ഷാ

പ്രിന്റിംഗ് & ഡിസൈനിംഗ്
ഗുരു ഓഫ്സറ്റ് & ഗ്രാഫിക്സ് കോഴിക്കോട്, ഫോൺ 8921289588

# ഓൺലൈൻ
## പഠന സർവെ



കോവിഡ് എന്ന മഹാമാരി ലോകം മുഴുവൻ കീഴടക്കിയ സാഹചര്യത്തിൽ നമ്മുടെ ജീവിതക്രമങ്ങൾ എല്ലാം താളം തെറ്റി. വിദ്യാഭ്യാസം, കല, കായികം, തൊഴിൽ തുടങ്ങി സർവ്വ മേഖലകളിലും പലതരം പ്രതിസന്ധികൾ കോവിഡ് മൂലം ഉണ്ടായി.
ഒരു നാടിന്റെ ഭാവി വാഗ്ദാനങ്ങൾ വിദ്യാലയങ്ങളിലും കോളേജുകളിലും സർവകലാശാലകളിലുമാണ്. ആ തലമുറയെയാണ് കോവിഡ് ഏറെ ബാധിച്ചത്
ഈ മഹാമാരി രാജ്യത്തെ 280 ദശലക്ഷത്തിലധികം വിദ്യാർത്ഥികളുടെ പഠനത്തുടർച്ചയെ ബാധിച്ചു.
ക്ലാസ്സുകൾ എപ്പോൾ തുറക്കും എന്ന നിശ്ചയമില്ലായ്മ അധ്യാപകരെയും വിദ്യാർഥികളെയും അവരുടെ കുടുംബങ്ങളെയും ആശങ്കയിലാഴ്ത്തി.
ഇതോടൊപ്പം സാമ്പത്തിക സാമൂഹിക പ്രത്യാഘാതങ്ങളു
മുണ്ടായി. ഒരു രാജ്യത്തിന്റെ സാമ്പത്തിക ഭാവിയിലേക്ക്

സംഭാവന ചെയ്യുന്നതിൽ നിർണായക ഘടകമായ ഉന്നത
വിദ്യാഭ്യാസ മേഖലയെയും ഈ പ്രതിസന്ധി സാരമായി
ബാധിച്ചു.കോവിഡിനെ അതിജീവിക്കാനുള്ള പലതരം
ശ്രമങ്ങൾ ലോകമെമ്പാടും നടന്നു. അതിജീവനമാണ്
മനുഷ്യകുലത്തിന്റെ മുഖമുദ്ര എന്ന തിരിച്ചറിവിൽ ഈ
സാഹചര്യത്തെ അടിയന്തരമായ ബദൽ സംവിധാനത്തി
ലൂടെ മറികടക്കാൻ കോളേജുകളും സർവ്വകലാശാലക
ളും തീരുമാനിച്ചു. അങ്ങനെ ഓൺലൈൻ ലേണിങ്
സിസ്റ്റം ഉപയോഗിച്ച് ക്ലാസ് ആരംഭിച്ചു.
ക്യാമ്പസുകളിൽ വന്ന് പഠിച്ചിരുന്ന കാലത്തുനിന്നും പെ
ട്ടെന്ന് ഓൺലൈൻ പ്ലാറ്റ്ഫോമുകളിലേക്ക്
വിദ്യാർഥികൾക്ക് മാറേണ്ടി വന്നു. പരസ്പരം
കൂടിയിരിക്കാനും ഒരുമിച്ച് ഒരു ക്ലാസ് മുറിയിൽ
ഇരുന്നു പഠിക്കാനും സാധിക്കാത്ത കാലം ഓൺലൈൻ
വിദ്യാഭ്യാസത്തിലേക്ക് എല്ലാ കാമ്പസുകളും മാറിയ
സാഹചര്യത്തിൽ നമ്മുടെ കോളേജും കാര്യക്ഷമമായി
വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠന സൗകര്യമൊരുക്കി.
കോഴിക്കോട് നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി
ചെയ്യുന്ന നമ്മുടെ കലാലയം വിവേചനം ഇല്ലാത്ത
വിദ്യാഭ്യാസം എന്ന മുദ്രാവാക്യം ഉയർത്തിപ്പിടിച്ചു
കൊണ്ടാണ് പ്രവർത്തിക്കുന്നത്. നമ്മുടെ കോളേജിൽ
കോഴിക്കോട് ജില്ലയ്ക്ക് പുറമേ മലപ്പുറം
വയനാട്, കണ്ണൂർ, പാലക്കാട് എന്നിവിടങ്ങളിൽ നി
ന്നുമുള്ള വിദ്യാർത്ഥികളുണ്ട്. ഈ വിദ്യാർഥികളെല്ലാം
ഓൺലൈൻ പഠന സംവിധാനത്തിലേക്ക് മാറിയ സാഹ
ചര്യത്തിൽ പലതരം പ്രയാസങ്ങളും വെല്ലുവിളികളും നേ
രിട്ടു. ഓൺലൈൻ പഠനം വരുംകാലങ്ങളിലും തുടരാൻ
സാധ്യതയുള്ളതുകൊണ്ട് തന്നെ ഓൺലൈൻ പഠന
രംഗത്ത് വിദ്യാർത്ഥികൾ അനുഭവിക്കുന്ന
പ്രയാസങ്ങളും പ്രതിസന്ധികളും വെല്ലുവിളികളും
എന്തൊക്കെയാണെന്ന അന്വേഷണം ഏറെ
പ്രസക്തമാണ്.
അതുകൊണ്ടാണ് കോളേജ് മാഗസിന്
വേണ്ടി ഓൺലൈൻ പഠന സർവ്വേ നടത്താൻ തീരുമാനി
ച്ചത്. കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേ
ജിലെ അഞ്ചാം സെമസ്റ്റർ ബിരുദ വിദ്യാർത്ഥികളെ
കേന്ദ്രീകരിച്ചാണ് ഈ സർവ്വേ നടത്തിയത്. ആ ബാച്ചിനെ
തെരഞ്ഞെടുക്കാനുള്ള കാരണം അവർ ഒന്നാം
സെമസ്റ്ററിൽ വന്നപ്പോൾ ക്യാമ്പസിൽ കളിച്ചും ചിരിച്ചും
പഠിച്ചും കഴിഞ്ഞ അനുഭവമുള്ളവരാണ്. അതുകഴിഞ്ഞ്
ഓൺലൈൻ കാലത്തേക്ക് മാറിയ അനുഭവവും




അവർക്കുണ്ട്. കൊറോണയ്ക്ക് മുമ്പുള്ള ക്യാമ്പസ്സ്
പഠനവും അതു കഴിഞ്ഞ് കൊറോണയ്ക്കൊപ്പമുള്ള പ
ഠനവും അനുഭവിച്ച വിദ്യാർത്ഥികൾ എന്ന നിലയ്ക്കാണ്
ഈ ബാച്ചിനെ സർവ്വേയ്ക്കായി തെരഞ്ഞെടുത്തത്.
ഭാഷ, ശാസ്ത്രം, സാമൂഹിക ശാസ്ത്രം എന്നീ വിഭാ
ഗങ്ങളിലെ എട്ട് ഡിപ്പാർട്ട്മെന്റുകളിൽ നിന്നുമുള്ള
വിദ്യാർത്ഥികളാണ് സർവ്വേയിൽ പങ്കെടുത്തത്. ഒരു
ട്രാൻസ്ജെൻഡർ, ആൺകുട്ടികൾ 91, പെൺകുട്ടികൾ
176 എന്നിവരടക്കം 268 വിദ്യാർഥികളാണ് ഈ സർവ്വേയു
ടെ ഭാഗമായത്.

വിദ്യാർത്ഥികളുടെ പഠന സംബന്ധമായ പ്രയാസങ്ങൾ,
ആരോഗ്യപ്രശ്നങ്ങൾ സാമ്പത്തിക പരാധീനതകൾ
എന്നിവയെല്ലാം വിശകലനം ചെയ്യുന്ന തരത്തിലാണ്
സർവ്വേ വിഭാവനം ചെയ്തത്. ഇതിനായി ഒരു ഗൂഗിൾ
ഷീറ്റിൽ ചോദ്യങ്ങൾ തയ്യാറാക്കുകയും അത് ക്ലാസ്
ഗ്രൂപ്പുകൾ വഴി വിദ്യാർഥികളിൽ എത്തിക്കുകയും അവ
രുടെ മറുപടി കൃത്യമായി വിശകലനം ചെയ്തു
നിഗമനങ്ങളിൽ എത്തുകയും ചെയ്യുന്ന രീതിയാണ്
സർവ്വേ സ്വീകരിച്ചത്.

ബഹുഭൂരിപക്ഷം വിദ്യാർഥികളും സാമ്പത്തികമായി
വലിയ ഉയർച്ചയിൽ ഉള്ളവരല്ല. 45% വിദ്യാർഥികളുടെയു
സാമ്പത്തിക വരുമാനം പ്രതിവർഷം 50,000 താഴെയാണ്
17.54% വിദ്യാർഥികൾക്ക് മാത്രമേ വാർഷികവരുമാനം
രണ്ടു ലക്ഷത്തിനുമുകളിൽ ഉള്ളൂ. ഓൺലൈൻ
പഠനം നടത്തുന്നവരുടെ എണ്ണം കണക്കിലെടുത്തപ്പോൾ



ആകെയുള്ള 268 കുട്ടികളിൽ 48.1 മൂന്ന് ശതമാനം പേ
രുടെയും വീടുകളിൽ ഒരാൾ മാത്രമാണ്
ഓൺലൈനായി പഠനം മുമ്പോട്ട് കൊണ്ടുപോകുന്നത്
42.5 4% വിദ്യാർത്ഥികളുടെ വീടുകളിൽ രണ്ടുപേരും
8.23 %വിദ്യാർഥികളുടെ വീടുകളിൽ മൂന്നുപേരും 1.12%
ശതമാനം വിദ്യാർഥികളുടെ വീടുകളിൽ നാലുപേരും
ഓൺലൈനായി പഠനം നടത്തുന്നു. 268 വിദ്യാർഥികൾ
ഇന്റർനെറ്റ് സംവിധാനത്തിന്റെ കണക്കെടുത്തപ്പോൾ
219 പേരും മൊബൈൽ ഡാറ്റയെയാണ് ആശ്രയി
ച്ചിരിക്കുന്നത്. 49 പേർക്ക് മാത്രമാണ് വീടുകളിൽ
വൈഫൈ സംവിധാനം ലഭ്യമായിട്ടുള്ളത്. ഓൺലൈൻ
വിദ്യാഭ്യാസത്തിനായി 261 പേരും മൊബൈൽ ഫോൺ

ഉപയോഗിക്കുമ്പോൾ ആകെ ഏഴ് പേർക്ക് മാത്രമേ വീടുകളിൽ ലാപ്ടോപ്പ് സൗകര്യം ലഭ്യമായിട്ടുള്ളൂ.




ഓൺലൈൻ വിദ്യാഭ്യാസം കാരണം കുട്ടികൾ നേരിടുന്ന ബുദ്ധിമുട്ടുകളിൽ പ്രധാനപ്പെട്ട ഒന്നാണ് വിദ്യാഭ്യാസത്തിന്റെ ചെലവ് അതായത് ഡാറ്റാ റീചാർജുമായി ബന്ധപ്പെട്ടുള്ളത്. അതിൽ 127 വിദ്യാർത്ഥികളും 200നും 300നും ഇടയിൽ പ്രതിമാസം റീച്ചാർജ് ചെയ്യുന്നവരാണ്. 100 നും 200 നും ഇടയിൽ ചെലവുവരുന്ന 43 കുട്ടികളും 300 നും 400 നും ഇടയിൽ ചെലവുവരുന്ന 33 കുട്ടികളും 400 നും 500 നും ഇടയിൽ ചെലവുവരുന്ന 39 കുട്ടികളുമാണുള്ളത്. 600 നും 1000 നും ഇടയിൽ 26 കുട്ടികളും റീചാർജ് ചെയ്യുന്നു. വെബ്ബ് കോൺഫറൻസിംഗിലൂടെയും വീഡിയോ പ്രഭാഷണങ്ങളിലൂടെയും ഓൺലൈൻ ക്ലാസുകൾ നൽകാൻ ശ്രമിക്കുന്നുണ്ടെങ്കിലും 268 കുട്ടികളുടെ ഇടയിൽ നടന്ന സർവ്വേ പ്രകാരം ഏകദേശം 90% (241) വിദ്യാർത്ഥികൾ ഓഫ്‌ലൈൻ പഠനം ഇഷ്ടപ്പെടുന്നവരാണ് ബാക്കി വരുന്ന 10% ആളുകൾ മാത്രമാണ് ഓൺലൈൻ പഠനം ഇഷ്ടപ്പെടുന്നത് അനിയന്ത്രിതവും അനാരോഗ്യകരവുമായ ഡിജിറ്റൽ മീഡിയ ഉപയോഗം വീടുകളിൽ പലതരത്തിലുള്ള മാനസികവും ശാരീരികവുമായ പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്.

99% വിദ്യാർത്ഥികളും ആരോഗ്യപ്രശ്നങ്ങൾ നേരിടുന്നവരാണ് ഇതിൽ 35 ശതമാനം പേരുടെയും പ്രശ്നം തലവേദനയാണ് കണ്ണുവേദന ഡിപ്രഷൻ കഴുത്തുവേദന എന്നിവയാണ് മറ്റു പ്രശ്നങ്ങൾ എന്നാൽ 22 % വിദ്യാർഥികൾക്കും കാര്യമായ ആരോഗ്യപ്രശ്നങ്ങൾ ഒന്നും തന്നെ ഇല്ല. പ്രകൃതിയെ അറിഞ്ഞ് പ്രകൃതിയിൽ ലയിച്ച് അറിവ് നേടിയിരുന്ന കാലം നമുക്കുണ്ടായിരുന്നു പിന്നീട് വിദ്യാലയങ്ങൾ മാറിയതോടെ ഗുരുശിഷ്യ ബന്ധങ്ങളിൽ മാറ്റം വന്നു തുടർന്ന് വിദ്യാഭ്യാസ രീതികളും മാറി. ഇതോടെ ക്ലാസ് മുറികളിൽ നിന്നും സ്വന്തം വീടുകളിലേക്ക് വിദ്യാർഥികൾ ഒതുങ്ങുകയും ചെയ്തു. ഓൺലൈൻവ്യവസ്ഥ അധ്യാപക-വിദ്യാർഥി ആശയവിനിമയത്തെ ബാധിക്കുന്നതായി ഇരുന്നൂറോളം വിദ്യാർത്ഥികളും പറയുന്നു 25% (68) വിദ്യാർഥികൾ ഇത് അധ്യാപക-വിദ്യാർഥി ബന്ധത്തെ ബാധിക്കില്ല എന്ന് റിപ്പോർട്ട് ചെയ്തു കലാകായിക മത്സരങ്ങൾ നടക്കാത്തത് പഠനത്തെ മെച്ചപ്പെടുത്തുന്നു ഉണ്ടോ എന്ന് അന്വേഷണത്തിന് 85.07% വിദ്യാർഥികളും ഇല്ല എന്ന ഉത്തരമാണ് നൽകിയത് 268 വിദ്യാർത്ഥികളിൽ 40 വിദ്യാർത്ഥികൾ മാത്രമാണ് കലാകായിക മത്സരങ്ങളുടെ അഭാവത്തിൽ പഠനത്തെ മെച്ചപ്പെടുത്താൻ സാധിച്ചതായി അഭിപ്രായപ്പെട്ടത്. ഭൂരിഭാഗം വിദ്യാർഥികളും പഠനത്തോളം പ്രാധാന്യം കലാകായിക മേഖലയ്ക്ക് നൽകുന്ന വരാണെന്ന് ഈ ഓൺലൈൻ സർവ്വേ തെളി യിക്കുന്നു. ഓൺലൈൻ പരീക്ഷകൾ വിദ്യാർത്ഥികളു ടെ പഠന മികവിന് അളക്കാൻ കഴിയില്ല എന്ന് 66.57 % വിദ്യാർത്ഥികളും പറയുന്നു 29 വിദ്യാർഥികൾമാത്രമാണ് അളക്കാൻ സാധിക്കുന്നു എന്നതിനോട് യോജിച്ചത്. ഭൂരിഭാഗം വിദ്യാർത്ഥികളും ഓൺലൈൻ പഠനത്തെ എതിർത്തപ്പോൾ വളരെ ചുരുക്കം വിദ്യാർത്ഥികൾ ഓൺലൈൻ പഠനത്തെ ഇഷ്ടപ്പെടുന്നവരാണ്. വിദ്യാർഥികൾ ഓൺലൈൻ പഠനത്തിൽ സന്തുഷ്ടരല്ല എന്നതാണ് ഈ പഠനത്തിൽ നി ന്ന് മനസ്സിലാക്കാൻ സാധിക്കുന്നത്. 60% ലധികം വിദ്യാർഥികളും ഓൺലൈൻ പഠനം ഇഷ്ടപ്പെടാത്തവരാണ്. മാനവിക വിഷയങ്ങളായാലും സാമൂഹികശാസ്ത്ര ശാസ്ത്രപഠനമായാലും ക്ലാസ്റൂം പഠനം ഒഴിവാക്കാൻ പറ്റാത്തതാണ്. ശാസ്ത്ര വിഷയം പഠിക്കുന്ന വിദ്യാർഥികൾ നേരിടുന്ന മറ്റൊരു പ്രതിസന്ധി പ്രാക്ടിക്കൽ ക്ലാസ്സുകൾ ഓൺലൈൻ വിദ്യാഭ്യാസത്തിലൂടെ ഒരിക്കലും പഠിച്ചെടുക്കാൻ പറ്റില്ല എന്നതാണ്. ഇത് മറ്റൊരു വെല്ലുവിളിയാണ്. ലൈബ്രറി സൗകര്യങ്ങൾ ലഭിക്കാത്തതാണ് മറ്റൊരു പ്രയാസമായി വിദ്യാർത്ഥികൾ ഉന്നയിക്കുന്നത്. ഫിസിക്സ്, സുവോളജി, മാത്സ്, ഫിസിക്സ്, കെമിസ്ട്രി എന്നീ വിഷയങ്ങളിലെ ചില സൂത്രവാക്യ ങ്ങൾ ഫോർമുലകൾ എന്നിവ ഓൺലൈനായി പഠിച്ചെടുക്കാൻ സാധിക്കില്ല എന്ന് വിദ്യാർത്ഥികൾ മിക്കപേരും പറയുന്നു. പുസ്തകങ്ങൾക്ക് പുറത്തേക്കുള്ള പഠനം ഉണ്ട് അത് കേവലം ഓൺലൈൻ പഠനത്തിലൂടെ കൈവരിക്കാൻ സാധിക്കില്ല ക്ലാസ്സ് മുറി എന്ന നാല് ചുവരുകൾക്ക് പുറത്തേക്ക് ഒരു ലോകവും സൗഹൃദവലയം അധ്യാപകരുടെ പഠന സഹായവും ഒരു വിദ്യാർത്ഥികൾക്ക് കലാലയത്തിൽ നിന്ന് ലഭിക്കുന്നു വെല്ലുവിളികളും സാധ്യതകളും മനസ്സിലാക്കി നിലവിലെ വിദ്യാഭ്യാസം കൂടുതൽ അർത്ഥവത്താക്കാൻ പ്രേരിപ്പിക്കുന്ന ചില നി ർദ്ദിഷ്ട ഇടപെടലുകൾ ഉൾക്കൊള്ളിച്ച് മാതൃകാപരമായ മാറ്റത്തെ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട് എന്നിരുന്നാലും ഓൺലൈൻ പഠനത്തേക്കാൾ ക്ലാസ് മുറിയിലിരുന്നുള്ള പഠനം തന്നെയാണ് നല്ലതെന്ന് നമ്മുടെ കോളേജിലെ ഭൂരിഭാഗം വിദ്യാർത്ഥികളും അഭിപ്രായപ്പെടുന്നു.

ചോദ്യവും
പറച്ചിലും

“

കവിതയ്ക്കുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയ ഒ.പി സുരേഷുമായി മലബാർ ക്രിസ്ത്യൻകോളേജ് വിദ്യാർത്ഥികളായ വിസ്മയ കെ എം, ശ്രീശ്യാം എസ്. ചന്ദന എസ് രാജ് എന്നിവർ നടത്തിയ അഭിമുഖം.





**? താങ്കളുടെ കുട്ടിക്കാലം, വളർന്നുവന്ന പശ്ചാത്തലം ഇവയെല്ലാം കാവ്യജീവിതത്തെ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ട്? ഈയൊരു കാവ്യ ജീവിതത്തിലേക്ക് കൈപിടിച്ചു നടത്തിയ ഏതെങ്കിലും ഘടകങ്ങളെയോ ഓർമ്മകളെയോ ഒന്ന് വിശദീകരിക്കാൻ സാധിക്കുമോ?**

കവിതയുടെയോ എഴുത്തിന്റെയോ സാഹിത്യത്തിന്റെയോ പാരമ്പര്യത്തിൽ ജനിച്ചയാളല്ല ഞാൻ. ആശാരിപ്പണിയായിരുന്നു അച്ഛന്. വളരെ ദരിദ്രം എന്നൊന്നും പറയാൻ പറ്റില്ല. പട്ടിണി ഒന്നും കിടന്നിട്ടില്ല. ആശാരിമാർക്ക് അത്യാവശ്യം നല്ല കൂലിയൊക്കെ കിട്ടുന്ന കാലമായിരുന്നത് കൊണ്ട് നല്ല രീതിയിൽ കഴിഞ്ഞിരുന്നു. അച്ഛന് ഏഴാംക്ലാസ് വിദ്യാഭ്യാസം ആണുള്ളത്. നാലാംക്ലാസ്സ് വരെയേ എന്റെ അമ്മ സ്കൂളിൽ പോയിട്ടുള്ളൂ. രണ്ടുപേർക്കും സാഹിത്യവുമായി ബന്ധമൊന്നുമില്ല. പക്ഷേ അമ്മയാണ് ആദ്യമായിട്ട് എനിക്ക് എഴുത്തച്ഛന്റെ 'കണ്ണാടി കാണ്മോളവും' എന്ന കവിത ചൊല്ലി തരുന്നത്. അമ്മ സ്കൂളിൽ പഠിച്ചതായിരുന്നു അത്. വളരെ സാധാരണമായിട്ടുള്ള കൂലിപ്പണിക്കാർ ജീവിച്ചിരുന്ന നാട്ടിൻപുറത്തായിരുന്നു കുട്ടിക്കാലം. വിദ്യാഭ്യാസപരമായും സാമൂഹികമായും എല്ലാഅർത്ഥത്തിലും, വളർച്ചാ സൂചികയുടെ ഡെവലപ്മെന്റ് സ്റ്റാറ്റസ് അടിസ്ഥാനമാക്കിയുമൊക്കെ വളരെ പിന്നോക്കം നിൽക്കുന്ന ഒരു പ്രദേശം. എന്നാൽ അവിടെ ഒരുപാട് സമ്പന്നമായിട്ടുള്ള സംഗതികളും സങ്കൽപ്പങ്ങളും ഉണ്ടായിരുന്നു. മന്ത്രവാദികൾ, അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ആളുകൾ, വെള്ളം മന്ത്രിച്ച് ഊതി രോഗം മാറ്റുന്ന ആളുകൾ, ചരട് മന്ത്രിച്ച് ഊതികെട്ടി കൊടുക്കുന്ന ആളുകൾ,പാമ്പ് കടിച്ചാൽ വിഷം ഇറക്കുന്ന ആളുകൾ, അങ്ങനെയുള്ള അത്ഭുത സിദ്ധികളുള്ളവർ എന്നൊക്കെ പറയാവുന്ന അന്ധവിശ്വാസങ്ങൾ ഒരുപാട് ഉണ്ടായിരുന്നു.

അന്ധവിശ്വാസങ്ങളാണ് ഭാവനയുടെ ജീവൻ എന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. യുക്തിക്ക് എപ്പോഴും പരിമിതിയുണ്ട്. അന്ധവിശ്വാസത്തെ പറ്റി ഒ വി വിജയൻ പറഞ്ഞിട്ടുള്ള ഒരു കാര്യമുണ്ട് : അന്ധവിശ്വാസികൾ ആയതുകൊണ്ടാണ് റൈറ്റ് സഹോദരന്മാർ വിമാനം

കണ്ടുപിടിച്ചത് എന്ന് . പക്ഷിയെ പോലെ പറക്കാനാവും എന്ന അന്ധമായ വിശ്വാസത്തിൽ നിന്നാണ് അതുവരെ ഇല്ലാത്ത ഒന്നിനെ അവർ കണ്ടുപിടിച്ചതും വിമാനം സാധ്യമാക്കിയിട്ടുള്ളതും. വിശ്വാസികൾക്ക് വലിയ പ്രശ്നങ്ങൾ ഒന്നും ഇല്ലല്ലോ അവിശ്വാസികൾക്ക് ഇങ്ങനെ പ്രശ്നങ്ങൾ കൂടി കൊണ്ടിരിക്കും. എന്നാൽ അന്ധവിശ്വാസികളുടെ പ്രശ്നങ്ങളാണ് അതിനേക്കാൾ തീവ്രമായത്. അന്ധതയാണ് അവരെ നയിക്കുന്നത്. അന്ധവിശ്വാസങ്ങൾ നിറഞ്ഞ നാടായിരുന്നു എന്റേത്. കോമരങ്ങൾ,കാവിലെ ഉത്സവങ്ങൾ, അവിടെ കണ്ടു ഇവിടെ കണ്ടു എന്നൊക്കെ പറയുന്ന നിരന്തരമായ യക്ഷികളുടെയും ഗന്ധർവ്വന്മാരുടെയും കഥകൾ, എന്നിങ്ങനെ ഫാന്റസികളുടെ ഒരു വലിയ ലോകം ആയിരുന്നു നാട്. വൈദ്യുതി ഒന്നും എത്താത്ത പ്രദേശമായതു കൊണ്ടുതന്നെ യക്ഷികൾക്കൊക്കെ ഒരുപാട് സാധ്യതകൾ ഉള്ള സാഹചര്യമായിരുന്നു . അത്തരം കഥകൾ നിറഞ്ഞ ഫിക്ഷൻ പോലെയുള്ള ഒരു കാലമായിരുന്നു അതെന്ന് ഇന്ന് നോക്കുമ്പോൾ തോന്നാറുണ്ട് . എന്റെ കുട്ടിക്കാലത്ത് ഞാൻ ഒരു കോമരമായിരുന്നു. നാലാം ക്ലാസിൽ പഠിക്കുമ്പോൾ ഒരുപാട് കൽപ്പനകൾ ഒക്കെ പുറപ്പെടുവിക്കുന്ന, ഉറഞ്ഞുതുള്ളുന്ന കുട്ടിച്ചാത്തൻ എന്ന മൂർത്തിയുടെ കോമരം ആയിരുന്നു ഞാൻ. ഇതൊക്കെയാണ് കുട്ടിക്കാലത്ത് എനിക്ക് ലഭിച്ച വ്യത്യസ്തമായ അനുഭവങ്ങൾ. അച്ഛന്റെ വീട്ടിലെ അനുഭവങ്ങളിൽ നിന്ന് വ്യത്യസ്തമായി വേറൊരു തരത്തിലായിരുന്നു അമ്മയുടെ വീടും ചുറ്റുപാടുകളും. അമ്മയുടെ ബ്രദർ ഹെഡ്മാഷായിരുന്നു. അതുകൊണ്ടുതന്നെ സാംസ്കാരിക പരമായി കുറെ കൂടി മുന്നിലായിരുന്നു അവർ. മനോരാജ്യം, മാതൃഭൂമി എന്നിങ്ങനെയുള്ള ആഴ്ചപ്പതിപ്പുകളും പത്രങ്ങളും സുലഭമായിരുന്നു അവിടെ. ആഴ്ചയിലോ മാസത്തിലോ ഒക്കെ അമ്മാവന്റെ വീട്ടിൽ ചെന്നിട്ട് ഒരുമിച്ചായിരുന്നു പത്രങ്ങൾ വായിക്കുന്നത്. കുട്ടിക്കാലത്ത് തന്നെ റെഗുലറായിട്ടല്ലെങ്കിലും അമ്മാവന്റെ വീട്ടിലെത്തി ഒരുമിച്ചാണ് മാതൃഭൂമി ആഴ്ചപ്പതിപ്പുകൾ വായിച്ചിരുന്നത്.
ഇതൊക്കെ വിൽക്കാനായി ആയി കെട്ടി വെച്ചിട്ട് ഞാൻ ചെന്ന് വായിച്ചതിനുശേഷം മാത്രമേ വിൽക്കുകയുള്ളൂ. കുട്ടിക്കാലത്ത് എന്റെ വായന തുടങ്ങുന്നത് അവിടെ വെച്ചാണ്.

**?ഇക്കാലത്ത് ഓൺലൈൻ മാധ്യമങ്ങളിൽ എഴുത്തിന് ഒരുപാട് സാധ്യതകൾ നൽകുന്നുണ്ട്. അപ്പോൾ സംശോധകന്റെ ആവശ്യമില്ലാതെ തന്നെ പ്രസിദ്ധീകരണങ്ങൾ വന്നുകൊണ്ടിരിക്കുകയാണ്. ഇതിൽതന്നെ രണ്ട് പക്ഷങ്ങൾ ഉണ്ട്. ഒരു പക്ഷം പറയുന്നത് നിലവാരത്തകർച്ചയിലേക്ക് തിരിയാനുള്ള ഒരു സാധ്യതയുണ്ടെന്നാണ്, എന്നാൽ മറുപക്ഷം പറയുന്നത് ആത്യന്തികമായിട്ടുള്ള എഴുത്തിന്റെ സ്വാതന്ത്ര്യമാണ് എന്നാണ്. ഇതിൽ ഏതു പക്ഷത്താണ് താങ്കൾ?**

പക്ഷം ചേരുകയല്ല പക്ഷേ, ഇവിടെ അച്ചടി വന്നതുമുതൽ പ്രിന്റിങിന്റെ ഒരു ആധികാരികത വന്നു. അച്ചടിക്കപ്പെട്ടതിന് ആധികാരികത ഉണ്ടെന്നാണ് നമ്മുടെയൊക്കെ വിചാരം. അതുകൊണ്ട് തന്നെയാണ് പത്രങ്ങൾക്കൊക്കെ ആധികാരികത ഉണ്ടാവുന്നത്. അച്ചടിക്കപ്പെട്ട സത്യങ്ങളാണ് പത്രങ്ങൾ എന്നാണ് ഒരുകാലത്ത് നമ്മുടെയൊക്കെ വിചാരം. പിന്നീട് പത്ര വിമർശനങ്ങൾ രൂക്ഷമായി. അതിനുശേഷമാണ് നുണകളും അച്ചടിക്കപ്പെടാമെന്ന് നമ്മൾ മനസ്സിലാക്കുന്നത്. അതോടെ പത്രവാർത്തയുടെ ആധികാരികത തകർന്നു. നമ്മുടെ ഭാഷയിലെ മികച്ച എഡിറ്റർമാരെന്നു പുകൾപെറ്റവരെല്ലാം അവരുടെ അഭിരുചികൾക്കു ഇണങ്ങുന്നവ മാത്രമേ പ്രോത്സാഹിപ്പിച്ചിട്ടുള്ളൂ . സി വി ബാലകൃഷ്ണൻ, അഷ്ടമൂർത്തി, വി എസ് അനിൽകുമാർ, വി ആർ സുധീഷ്, അശോകൻ ചെരുവിൽ തുടങ്ങിയ ഇന്നത്തെ പല മുൻനിര കഥാകൃത്തുക്കളെയും ആദ്യമായി അവതരിപ്പിച്ചത് ദേശാഭിമാനി വാരികയിലൂടെ സിദ്ധാർത്ഥൻ പരുത്തിക്കാടായിരുന്നു . അതുപോലെ ചന്ദ്രിക വാരികയി ൽ ഒരുപാട് പുതിയ എഴുത്തുകാരുടെ കൃതികൾ പ്രത്യക്ഷപ്പെടാൻ തുടങ്ങി. പിന്നീട് ഇവ വായിക്കാൻ ആളുകളുണ്ട്, ഇവ അംഗീകാരം നേടുന്നു എന്ന് കാണുമ്പോഴാണ്പുകൾപെറ്റ മുൻനിര മാധ്യമങ്ങൾ ഇവരെ ഏറ്റെടുക്കുന്നത് എന്ന് തോന്നിയിട്ടുണ്ട് . ട്രെൻഡിനെ ഏറ്റെടുക്കാൻ ശ്രമിച്ചതും വിജയമാകുമോ പരാജയമാകുമോ എന്നറിയാതെ സാഹസികതയ്ക്ക് മുതി ർന്നതും സമാന്തര പ്രസിദ്ധീകരണങ്ങളാണ് . വിജയിച്ച ട്രെൻഡിനെ ഏറ്റെടുക്കാനാണ് മുഖ്യധാരാ മാധ്യമങ്ങൾ പലപ്പോഴും താല്പര്യം കാണിച്ചത്. എന്നാൽ പ്രിന്റിൽ സമാന്തരവും മുഖ്യധാരയുമൊക്കെ ഒന്നായി തീർന്ന ഒരുഘട്ടം ഇടക്കാലത്ത് ഉണ്ടായി. പക്ഷെ അതിനൊക്കെ പ്രഹരം ഏല്പിച്ചിട്ടാണ് ഈ സൈബർ ഇടം വിപുലമാകുന്നതും അതിന്റെ സ്വാതന്ത്ര്യം ആഘോഷമായി മാറുകയുമൊക്കെ ചെയ്യുന്നത്. സ്വാഭാവികമായും എഴുത്തിന്റെ സ്വാതന്ത്ര്യ മേഖല തന്നെയാണത്. ഏതൊരാൾക്കും എഴുതാൻ പറ്റും. ഒരാളുടെ നിയമവും നിയന്ത്രണമൊന്നും പാലിച്ചിട്ട് എഴുതണമെന്ന് നിർബന്ധമില്ല.ഏതൊരാൾക്കും ഏതൊരു വിഷയവും വേണ്ട രീതിയിൽ ആവിഷ്കരിക്കാനുള്ള സ്വാതന്ത്ര്യം ഉണ്ട്. ഇതിനകത്തുള്ള ഒരു ഗുണം എന്തെന്ന് വച്ചാൽ അത് ഡിലീറ്റ് ചെയ്യാൻ പറ്റുമല്ലോ, അത് ഈ മീഡിയയുടെ ഒരു പ്രത്യേകത തന്നയാണ്. അനശ്വരമാകുക എന്നത് ഈ കാലം ആഗ്രഹിക്കുന്നില്ല മീഡിയ ആഗ്രഹിക്കുന്നില്ല. കാലത്തോട് സംവദിക്കുക എന്നതാണിപ്പോൾ. അത്കൊണ്ട് തന്നെ എഴുതുന്ന പോലെത്തന്നെ ഡിലീറ്റ് ചെയ്യാനുള്ള സ്വാതന്ത്ര്യവും ലഭിക്കുന്നു. പക്വതയും ഗൗരവവുമുള്ള ഒരു മാദ്ധ്യമം എന്ന നിലയിൽ ഓൺലൈൻ മാധ്യമങ്ങൾ വളർന്നു കൊണ്ടിരിക്കുകയാണ്.ഇനിയും വളരേതുണ്ട്. എഴുത്തുകാരും ഈ മാധ്യമത്തെ ഗൗരവമായി ഉപയോഗിക്കാൻ പരിശീലിക്കേതുണ്ട്.

**? ക്യാമ്പസ് കാലത്തെ എങ്ങനെയാണ് ഓർത്തെടുക്കാനാവുക ?**

നമ്മൾ ഏറ്റവും സെൻസിറ്റീവ് ആവുന്ന കാലഘട്ടം ആണ് കൗമാരം. ഇതിനെക്കാളും മികച്ചൊരു കാലഘട്ടം ഇനി വരാനുണ്ടാകില്ല. പക്ഷെ ഇപ്പോൾ എന്നോട് ചോദിച്ചാൽ



ഞാൻ പറയും ഇപ്പോളാണ് ഏറ്റവും മികച്ച കാലമെന്ന്. നാളെ ചോദിച്ചാൽ അപ്പോഴാണ് മികച്ചതെന്ന് പറയുമെങ്കിലും കൗമാരമാണ് ഏറ്റവും vibrant ആയിട്ടുള്ള കാലം. നമുക്ക് യാതൊരു വിധത്തിലുള്ള കെട്ടിവെക്കപ്പെട്ട ഉത്തരവാദിത്തങ്ങളില്ല, ബാധ്യതകളില്ല, പിന്നെ യൗവ്വനത്തിന്റെ ഊർജ്ജവും, ആരോഗ്യവും ഒക്കെയുണ്ട്. അത് വളരെ creative ആയിട്ടുള്ള കാലമാണ്. എന്റെ ഭാഗ്യത്തിന് എനിക്ക് ആ കാലഘട്ടത്തിൽ ഏറ്റവും അനുയോജ്യമായ കൂട്ടുകാരെ കിട്ടി. അത്പോലെ തന്നെ കർമോത്സുകനായി നിൽക്കാൻ പറ്റിയ ഒരു സംഘടന കിട്ടി . എല്ലാ സംഘടനകളും അത്ര പെർഫെക്ട് ആയിട്ടല്ല ഉണ്ടാവുക. ചില പോരായ്മകളൊക്കെ ഉണ്ടാകും. പക്ഷെ എന്നെ സംബന്ധിച്ച് SFI എന്ന സം ഘടന അക്കാലത്ത് എന്നെ രൂപപ്പെടുത്തുന്നതിൽ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. നല്ല കുറേ അധ്യാപകരെ കിട്ടി, നല്ല കുറേ പുസ്തകങ്ങൾ വായിക്കാൻ കിട്ടി, അങ്ങനെ എന്തുകൊണ്ടും positive ആയ അനുഭവങ്ങളുടെ കാലമായിരുന്നു.

**? പുതിയ കാലത്തെ ക്യാമ്പസ് കവിതകളെക്കുറിച്ച് എന്താണ് അഭിപ്രായം ?**

ഇന്നിന്റെ രീതിയിൽ നിങ്ങളൊക്കെ ക്യാമ്പസ്സിൽ സർഗാത്മകമായാണ് ജീവിക്കുന്നത് എന്ന് ഞാൻ വിശ്വസിക്കുന്നു. പക്ഷെ അത് ഞങ്ങളൊന്നും അനുഭവിച്ച രീതിയിലായിരിക്കില്ല നിങ്ങൾ അനുഭവിക്കുമ്പോഴുള്ളത്. പണ്ടൊക്കെ കോളേജുകളും കോഴ്സുകളും കുറവായിരുന്നു. കേരളത്തിന്റെ പുറത്ത് പോവുക, ഇന്ത്യയുടെ പുറത്ത് പോയി പഠിക്കുക, എന്നതൊന്നും ഇന്ന് വിഷയമല്ല. സ്വാതന്ത്ര്യം ആസ്വദിക്കുക, അനുഭവിക്കുക എന്നുള്ളത് പ്രധാനപ്പെട്ട കാര്യമാണ്. അതിനുള്ള ഉപാധി എഴുത്താണ്. മനോഹരമായ യാത്ര നൽകുന്ന ഒരു അനു ഭൂതി തന്നെയായിരിക്കും ഒരു കവിത വായിച്ചാൽ, ഒരുപക്ഷെ അതിനേക്കാൾ കൂടുതലായിരിക്കും. അതിനൊക്കെയുള്ള കാരണം നമ്മുടെ മാനസികമായിട്ടുള്ള ഒരു ഉല്ലാസത്തിന്റെ സ്വാതന്ത്ര്യത്തിന്റെയൊക്കെ ഒരു സ്വാംശീകരണം തന്നെയാണ്. ക്യാമ്പസ് രചനകളിലൊക്കെ ഇത്രയേറെ സ്വാതന്ത്ര്യത്തിന്റെയും അവസരങ്ങളുടെയും തുറന്ന ലോകമുണ്ട്. മാഗസിനുകളും ബുക്കുകളുമൊക്കെ വായിക്കുമ്പോൾ ഇത് കാണാറുണ്ട്. പുതിയ കാലത്തിൽ വളരെ സജീവമായി എഴുതുന്ന എത്രയോ കുട്ടികളുണ്ട്, മാഗസിനുകളിൽ ഒന്നും കവിതകൾ അധികം വായിച്ചിട്ടില്ലെങ്കിലും ഫേസ്ബുക്കിലൊക്കെ ഈയൊരു കാലത്തെ വലിയ രീതിയിൽ അഡ്രസ് ചെയ്യുന്ന സൃഷ്ടികൾ കാണാൻ പറ്റുന്നുണ്ട്.

**?തിരക്കു പിടിച്ച ഔദ്യോഗികജീവിതവും കവിതയെഴു ത്തും ഒരുമിച്ച് കൊണ്ടുപോകുമ്പോൾ ഏതെങ്കിലും തരത്തിലുള്ള സംഘർഷം അനുഭവപ്പെട്ടിട്ടുണ്ടോ ?**

ഞാൻ കവിത എഴുതാൻ ശ്രമിക്കുന്നതിനേക്കാൾ എഴുതാതിരിക്കാൻ ശ്രമിക്കുന്നയാളാണ്. പരമാവധി കവിത എഴുതാതിരിക്കുക എന്നതാണ് എന്റെ വ്യക്തിപരമായ പോളിസി. അതിന് രണ്ട് മൂന്ന് കാരണങ്ങൾ ഉണ്ട്. ഒന്ന് എന്റെ മടിയാണ്. അത്രയും നിവർത്തികേട് തോന്നുമ്പോൾ മാത്രമാണ് കവിത എഴുതുന്നത്. രണ്ടാമത്തെ കാര്യം നമ്മളങ്ങനെ പെട്ടെന്നു ശരിയാക്കി തീർക്കേണ്ട എമർജൻസി സിറ്റുവേഷനൊന്നും മലയാള കവിതക്കില്ല എന്നതാണ്. ഇഷ്ടംപോലെ ആൾക്കാർ എഴുതികൊണ്ടിരിക്കുന്ന മേഖലയാണിത്. അത്കൊണ്ട് തന്നെ നമ്മളെല്ലാം അതിലെഴുതിയിട്ട് ബഹളമുണ്ടാ



ക്കേണ്ടകാര്യമില്ല. പിന്നെയുള്ള കാരണം നമ്മളെ അത്രയും അസ്വസ്ഥമാക്കുന്ന ചില കാര്യങ്ങൾ, ഉള്ളിൽ തട്ടിയിട്ടുള്ള അനുഭവങ്ങൾ , ചില സംഭവങ്ങൾ കേട്ടറിഞ്ഞ ചില അറിവുകൾ. അത് ഒരു കവിതയായി മാറാം. പാമ്പ് ഉറയഴിച്ചിട്ട് അടുത്തതിലേക്ക് പോകുന്നപോലെയാണ് കവിത എഴുതുക എന്നുള്ളത്. അങ്ങനൊക്കെയാണ് ആ പ്രോസസ്സ് എന്നിൽ നടപ്പാകുന്നത്. അതിന് ഔദ്യോഗികമായ ജോലി തിരക്കൊന്നുമല്ല കാരണം. ഞാൻ വെറുതെ ഇരിക്കുമ്പോൾ വളരെ കംഫർട്ട് ആയി വെറുതെ ഇരിക്കുന്നയാളാണ്. എന്റെ ഒരു പുസ്തകത്തിന്റെ പേര് തന്നെ'വെറുതെയിരിക്കൂ' എന്നാണ്. കൊറോണ അടച്ചിരിപ്പിന്റെ സമയത്തൊക്കെ ഞാൻ കരുതി ഭയങ്കര പ്രശ്നമായിരിക്കുമെന്ന്. പക്ഷെ എനിക്കൊരു കുഴപ്പവും വന്നില്ല. ആ സമയത്ത് ഞാൻ പുസ്തകം വായിച്ചിട്ടില്ല. എല്ലാവരും ധാരാളം പുസ്തകം വായിക്കുകയും എഴുതുകയും ഒക്കെ ചെയ്തിട്ടുണ്ടായിരുന്നു. പക്ഷെ ഞാൻ വളരെ comfortable ആയി വെറുതെയിരുന്നു. അതൊരു നല്ല കാര്യമായിട്ടല്ല ഞാൻ പറയുന്നത്, അതൊരു മോശം കാര്യമായിരിക്കാം. പക്ഷെ എനിക്കത് കുഴപ്പമില്ല.
അതുകൊണ്ട് തന്നെ ഔദ്യോഗികമായ തിരക്കുകൾ ഉള്ളപ്പോൾ മാത്രമേ എനിക്ക് എന്തെങ്കിലുമൊക്കെ ചെയ്യാൻ പറ്റൂ. നന്നായിട്ട് പണിയെടുത്തുകൊണ്ടിരിക്കുമ്പോൾ എനിക്കെല്ലാ പണിയും എടുക്കാൻ പറ്റും. പല പണികളും ഒരുമിച്ച് ചെയ്യാനും പറ്റും. അത്കൊണ്ട് തന്നെ എഴുതാൻ പറ്റും, ഓഫീസ് കാര്യങ്ങൾ ചെയ്യാൻ പറ്റും. അത്രയും തിരക്കുള്ള സമയത്തെ എനിക്കെന്റെ വ്യക്തിപരമായ കാര്യങ്ങൾ ചെയ്യാൻ പറ്റൂ. ഇങ്ങനെ ഒരു രീതിയിലാണ് എന്റെ way of life എന്ന് പറയുന്നത്.

**? വ്യക്തമായ രാഷ്ട്രീയ പശ്ചാത്തലം ഉള്ളയാളാണ് താങ്കൾ. ഈയൊരു രാഷ്ട്രീയ പശ്ചാത്തലം കവിതയെഴുത്തിന് ബാധ്യതയായിട്ടുണ്ടോ ?**

ഒരിക്കലുമില്ല. എന്റെ കൃത്യമായ രാഷ്ട്രീയ ബോധം എന്നുള്ളത് ഏതെങ്കിലും പാർട്ടിയിൽ നിൽക്കുക, അതിന്റെ ആഹ്വാനങ്ങൾ പദാനുപദം അനുസരിക്കുക  എന്നതല്ല. അത് വസ്തുതകളോടുള്ള, നമ്മൾ ജീവിക്കുന്ന കാലത്തിന്റെ ദൈനംദിന പ്രവർത്തനങ്ങളോടാകെയുള്ള കാഴ്ചപ്പാടാണ്. നീതിയുടെ പക്ഷത്ത് നിന്നിട്ടുള്ള കാഴ്ചപ്പാട്, മനുഷ്യരുടെ പക്ഷത്ത് നിന്നിട്ടുള്ള കാഴ്ചപ്പാട്, അതെന്നെ അലോസരപ്പെടുത്തുകയോ എന്റെ കാവ്യജീവിതത്തിന് തടസമാവുകയോ ചെയ്തിട്ടില്ല. ഒരു രാഷ്ട്രീയ പാർട്ടിക്ക് ഒരാളുടെ വ്യക്തിപരമായ താല്പര്യങ്ങൾ മാത്രം സംരക്ഷിച്ചു പോവാൻ കഴിഞ്ഞെന്നു വരില്ല. ഒരാളുടെ ഇഷ്ടാനിഷ്ടങ്ങളല്ല അവിടെ പ്രധാനം. ഒരു വലിയ സാമൂഹിക ഇഷ്ടമാണ്. എങ്കിൽ പോലും രാഷ്ട്രീയമായ ഇഷ്ടാനിഷ്ടങ്ങൾ ഒരു ദഹനക്കേടായി മാറിയിട്ടില്ല. അതും കവിതയായി മാറി എന്നെ രക്ഷിക്കുകയാണ് ചെയ്തത്. ●

# കിനാവള്ളി

**ഇന്ദ്രജ പി**
മൂന്നാംവർഷ ബി എ മലയാളം



വര:
അലൻ ട്രീസ സേവ്യർ

നിലം പഴുക്കുന്ന സന്ധ്യകളിൽ
രാവിലെ പെറുക്കിക്കോർത്ത ഇലഞ്ഞി
മണത്തിന്റെ സ്നേഹമെല്ലാം മറന്ന്,
പിന്നാമ്പുറത്തെ പറങ്കിമാവിന്റെ
ചാഞ്ഞ ചില്ലയിലേക്കോടും.
കേറിപ്പടർന്നിരിക്കും.
നീലനിറത്തിൽ പുള്ളിച്ചിറകുള്ള
രണ്ട് പൂമ്പാറ്റകൾ തലയിലേക്ക്
പറന്നു കയറും.
ആർത്തിയോടെ കുഞ്ഞുങ്ങളെ
പെറ്റുകൂട്ടും.
എല്ലാറ്റിനും നിറം നീല,
ഒടുവിൽ സ്ഥലമില്ലാതവ
മുടിത്തുമ്പിലൂടെ ഭൂമിയിലേക്കൊഴുകി വീഴും.
ചുറ്റും പറന്നവ ഇക്കിളി കൂട്ടും.
നേരം മറന്നവിടെ നിന്നും
പൊട്ടിച്ചിരിക്കും,
ഓർക്കാതെയുള്ള അമ്മയുടെ വിളിയിൽ
കുഞ്ഞുങ്ങളെല്ലാം എന്നെവിട്ടോടും.
എന്റെ വരവുകാക്കാതെ,
അടുക്കള വാതിലും ചാരി
അമ്മ നടക്കും.
എന്നെന്നേക്കമായി ഞാനവയെ
സ്വന്തമാക്കുന്ന ദിനങ്ങളോർത്ത്,
ഇത്തിരി നേരം കൂടിയിരിക്കും.
അടുത്ത വിളിക്കമ്മയെത്തും മുമ്പേ
ഒരു നിശ്വാസത്തിനപ്പുറം,
എഴുന്നേറ്റ് നടക്കും.

# വേരു നഷ്ടപ്പെട്ടവരുടെ വേദന

Man is born free,
But everywhere he is in chains'
-Jean jacques rousseau



അഫ്രീന കെ.ടി
രണ്ടാം വർഷ ബി എസ് സി ഫിസിക്സ്

ജനിച്ച മണ്ണിൽ ജീവിക്കാൻ അവകാശമില്ലാതെ, ഭൂപടത്തിന്റെ അതിർവരമ്പുകളിൽ ഇടമില്ലാതെ, തല ചായ്ക്കാനിടം തേടുന്ന നിസ്സഹായരായ ഒരുകൂട്ടം മനുഷ്യർ- അഭയാർത്ഥികൾ. മതത്തിന്റെയും നിറത്തിന്റെയും കലാപത്തിന്റെയും രാഷ്ട്രീയത്തിന്റെയും ചൂണ്ടുവിരലുകളാൽ മാതൃരാജ്യത്തിന്റെ ഗന്ധമുപേക്ഷിച്ച് പലായനം ചെയ്യാൻ വിധിക്കപ്പെട്ടൊരു ജനത. ആധുനികതയെന്ന വീമ്പിൽ മനുഷ്യൻ സ്വയം പ്രശംസിക്കുമ്പോൾ, ഇരുളടഞ്ഞുകൊണ്ടിരിക്കുന്ന ഒരദ്ധ്യായം മറുവശത്തു നിന്നും മാനുഷിക മൂല്യങ്ങളെ കുഴിമാടങ്ങളിൽ മറവുചെയ്യുന്നു. നടുക്കടലിലും താഴ്വാരങ്ങളിലും കണ്ണിലിരുട്ടു കേറുന്ന ചിന്തയിൽ ഭയന്നു വിറച്ച് അവർ ലോകത്തോട് കെഞ്ചുകയാണ്, മണ്ണിൽ ചവിട്ടി നിൽക്കാനുള്ള അവകാശങ്ങൾക്കുവേണ്ടി. 26


ദശലക്ഷം ആളുകളാണ് ലോകത്തിന്റെ പല കോണുകളി ലായി അഭയാർത്ഥികളായി മുദ്രകുത്തപ്പെട്ടിട്ടുള്ളത്. കണക്കുകൾ കാലക്രമേണ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അഭയം ലഭിക്കാത്ത അഭയാർത്ഥികളെ സാക്ഷിയാക്കി, അവകാശങ്ങൾക്കായ് തെരുവിലിറങ്ങുമ്പോൾ അധികാരത്തിന്റെ മുഷ്ടി ചുരുട്ടി അവകാശ ലംഘനങ്ങൾ നടത്തുന്ന ഭരണകൂടങ്ങളെയാണവർക്ക് നേരിടേണ്ടി വരുന്നത്. വിക്ടർ ഓർബൻ മുതൽ ഡൊണാൾഡ് ട്രംപ് വരെയുള്ള നേതാക്കൾ അധികാര കസേരകൾ പിടിച്ചടക്കിയതുപോലും അഭയാർത്ഥി വിരുദ്ധ നയങ്ങൾ ഉയർത്തിക്കാട്ടികൊണ്ടാണ്. ചരിത്രം ഒന്നു ചുഴ്ന്നു നോക്കിയാൽ ത്രിവർണ്ണക്കൊടി ഉയർന്നു പൊങ്ങിയ 1947 ആഗസ്റ്റ് 15 ,ലെ ഭാരതത്തിന്റെ സ്വാതന്ത്ര്യ സന്തോഷ നിമിഷങ്ങളിൽപോലും പലായനങ്ങൾ ഒരു കറുത്ത ഏടായി മാറുന്നു. അഭയാർത്ഥികൾ അനുഭവിക്കുന്ന ചൂഷണങ്ങളും അടിമത്തവും പട്ടിണി മരണങ്ങളുമെല്ലാം മരിച്ചുകൊണ്ടിരിക്കുന്ന മനുഷ്യത്വത്തിന്റെയും മാന വികതയുടേയും നേർകാഴ്ചകളാണ്. പാലസ്തീൻ അഭയാർത്ഥികളും റോഹിങ്ക്യൻ അഭയാർത്ഥി കളുമെല്ലാം ദൈനംദിനം നമ്മളെല്ലാവരും കേട്ടു പഴകിയ പേരുകളാണ്. ശ്വാസമറ്റ ഒരു പിഞ്ചു ബാലന്റെ ശരീരം തീരത്തടിഞ്ഞ ചിത്രം കണ്ട് അറിയാതെ കണ്ണുനിറഞ്ഞു പോയവരാണ് നമ്മളെല്ലാവരും. ഇന്നീ നിമിഷം ഒന്നു കണ്ണുതുറന്നു നോക്കിയാൽ നമുക്ക് ചുറ്റും കാണാം അഫ്ഗാനിസ്താനിൽ തോക്കിൻ കുഴലുകൾക്കു മുന്നിൽ ഭയത്തോടെ ലോകത്തോട്

**ശ്വാസമറ്റ ഒരു പിഞ്ചു ബാലന്റെ ശരീരം തീരത്തടിഞ്ഞ ചിത്രം കണ്ട് അറിയാതെ കണ്ണുനിറഞ്ഞു പോയവരാണ് നമ്മളെല്ലാവരും. ഇന്നീ നിമിഷം ഒന്നു കണ്ണുതുറന്നു നോക്കിയാൽ നമുക്ക് ചുറ്റും കാണാം അഫ്ഗാനിസ്താനിൽ തോക്കിൻകുഴലുകൾക്കു മുന്നിൽ ഭയത്തോടെ ലോകത്തോട് തങ്ങളെ രക്ഷിക്കാൻ അഭ്യർത്ഥിക്കുന്ന ഒരു പറ്റം മനുഷ്യരെ; ചോരക്കറകൾ കണ്ടു തളർന്നുപോയ അവരുടെ കണ്ണുകളെ; ജീവനുതുല്യം സ്നേഹിച്ചവരെ ജീവഛവമായി കാണേണ്ടി വന്ന നിസ്സഹായരായ ആളുകളെ.**

തങ്ങളെ രക്ഷിക്കാൻ അഭ്യർത്ഥിക്കുന്ന ഒരു പറ്റം മനുഷ്യരെ; ചോരക്കറകൾ കണ്ടു തളർന്നുപോയ അവരുടെ കണ്ണുകളെ; ജീവനുതുല്യം സ്നേഹിച്ചവരെ ജീവഛവമായി കാണേണ്ടി വന്ന നിസ്സഹായരായ ആളുകളെ. ഭരണകൂട ഭീകരതയ്ക്കു മുൻപിൽ പ്രതികരി കരിക്കാനാകാതെ വിലപിക്കുമ്പോഴും, പിറന്ന മണ്ണിലേക്ക് തിരിച്ചെത്താനാകും എന്ന വിശ്വാസമാണവരെ ജീവിക്കാൻ പ്രേരിപ്പിക്കുന്നത്. അധിനിവേശ ശക്തികളുടെ സ്വാർത്ഥ താൽപര്യങ്ങൾക്കും രാഷ്ട്രീയ ലക്ഷ്യങ്ങൾക്കും മറുപടിയായി മൗനമെന്ന നിസംഗത കാലഹരണപ്പെടേണ്ട സമയം അതിക്രമിച്ചിരിക്കുന്നു. അധിനിവേശത്തിന്റെ തോ ക്കിൻ കുഴലുകൾ നമുക്കു നേരെ ചൂണ്ടപ്പെടുന്ന കാലം വിദൂരമല്ല. വൈക്കം മുഹമ്മദ് ബഷീറിന്റെ ഭൂമിയിലെ അവകാശികളിലെ വരികൾ നമുക്കൊന്നുകൂടി ഓർക്കാം 'ഇവിടെ ജനിച്ചുവീഴുന്ന ഓരോ ജീവനും ഈ ഭൂമിയിൽ ഇടമുണ്ടായിരിക്കണം'. ●



# തോന്നിച്ചകൾ



വര:
അലൻ ട്രീസ സേവ്യർ

**നക്ഷത്ര**
**മൂന്നാംവർഷ ബി എ. മലയാളം**

സ്വപ്നങ്ങൾ വീണ് മുളച്ച മരത്തെ
ചില്ലകൾ പൂക്കളുമായി ചേർത്തു കെട്ടും പോലെ
നിറങ്ങൾ കൊണ്ട് നാട്ടിയ
ഒരു ഊഞ്ഞാൽ

ആകാശവിളക്കറ്റ നേരത്ത്
പിടഞ്ഞു മരിച്ച ഭൂമിയിലെ
നക്ഷത്രകുഞ്ഞിന്റെ
ചിരി ചേർത്തു പണിതത്

തിരക്കിലാണെന്നതിനാൽ
വീടുകാണാതെ നിങ്ങൾ പുറം തള്ളിയ
പൂച്ചകൾ മീൻമണം (സ്നേഹം)തേടി
അയൽ വീടുകളിൽ ചെന്ന് കയറും പോലെ

നിങ്ങളിറക്കിവിട്ടൊരമ്മ പുറത്തിരിപ്പുണ്ട്...

ഒരൊച്ച് പാടിഞ്ഞാറ്റയിലേക്ക്
ഇഴഞ്ഞു കയറി ഊഞ്ഞാല് തുന്നിയ
കുപ്പായത്തിന്റെ
ചിറകുകളിൽ ഇരുന്നു

പകലിന്റെ നിറമറിയാത്ത
ഒരു പക്ഷി
ഇരുട്ടിലൊളിച്ചൊളിച്ചു
സ്നേഹത്തെ മറന്ന പോലെ

കാഴ്ച മങ്ങിയ കാലത്ത്
നിറങ്ങൾ കൊണ്ടൊരു ഊഞ്ഞാലു കെട്ടി
ഒരമ്മ ഇപ്പോഴും കരയുന്നു

നിറമില്ലാത്ത ലോകത്ത് നിങ്ങൾ
നിങ്ങളെ തുന്നി ചേർക്കും പോലെ...





ദേശീയ പ്രസ്ഥാനം കരുത്താർജിക്കും മുൻപേ ബ്രിട്ടീഷ് വിരുദ്ധ ചെറുത്തു നിൽപ്പുകൾ വിവിധ ഭാഗങ്ങളിൽ ഉയർന്നു വന്നു. പ്രാദേശികമായ സ്വാഭാവവും പരിമിതികളും പിഴവുകളും ഇത്തരം പ്രക്ഷോഭങ്ങളുടെ തുടർച്ചയിലുണ്ട്. പക്ഷെ സാധാരണ മനുഷ്യരുടെ അക്കാലത്തെ സാമൂഹ്യമായ സാഹചര്യങ്ങളിൽ നിന്ന് ഉയർന്ന കൊളോണിയൽ ചൂഷണങ്ങൾക്കും ജന്മിവാഴ്ചക്കുമെതിരെയുള്ള മഹാസമരമാണ് മലബാറിൽ നടന്നത്.

# മലബാർ സമരം: മായ്ക്കാനാവാത്ത ചരിത്രം

**അഖിൽ ടി കെ**
ഒന്നാംവർഷ എം.എ. ഹിസ്റ്ററി

മലബാർ സമരത്തെ ചരിത്രത്താളുകളിൽ നിന്ന് നീക്കം ചെയ്യാനുള്ള ശ്രമം ഏതൊരു ജനാധിപത്യവാദിയെയും ഞെട്ടിക്കുന്നതാണ്. നിസ്വാർത്ഥരായ, സ്വാതന്ത്ര സ്നേഹികളായ ഒരുപാട് മനുഷ്യർ നടത്തിയ പോരാട്ടത്തെ റദ്ദ് ചെയ്യുകയെന്നാൽ അത് നാം ജീവിക്കുന്ന സാമൂഹ്യപരിസരത്തിന് കൂടി ആഘാതമേൽപ്പിക്കലാണ്. ഇന്ത്യൻ സ്വാതന്ത്ര്യ സമര ചരിത്രത്തിലെ ശക്തമായ പോരാട്ടത്തിന്റെ ഉജ്വലമായ ഒരു അധ്യായത്തെ ചരിത്രത്തിലേക്ക് രേഖപ്പെടുത്തുന്നത് തന്നെ ഇരുപത് വർഷങ്ങൾ കഴിഞ്ഞാണ്.


നിരവധി സമരങ്ങളുടെ വഴിയിലൂടെ നടന്നാണ് സ്വാതന്ത്ര്യത്തിന്റെ ദിനങ്ങളിലേക്ക് ഇന്ത്യയെത്തുന്നത്. ദേശീയ പ്രസ്ഥാനം കരുത്താർജിക്കും മുൻപേ ബ്രിട്ടീഷ് വിരുദ്ധ ചെറുത്തു നിൽപ്പുകൾ വിവിധ ഭാഗങ്ങളിൽ ഉയർന്നു വന്നു. പ്രാദേശികമായ സ്വാഭാവവും പരിമിതികളും പിഴവുകളും ഇത്തരം പ്രക്ഷോഭങ്ങളുടെ തുടർച്ചയിലുണ്ട്. പക്ഷെ സാധാരണ മനുഷ്യരുടെ അക്കാലത്തെ സാമൂഹ്യമായ സാഹചര്യങ്ങളിൽ നിന്ന് ഉയർന്ന കൊളോണിയൽ ചൂഷണങ്ങൾക്കും



ജന്മിവാഴ്ചക്കുമെതിരെയുള്ള മഹാസമരമാണ് മലബാറിൽ നടന്നത്. അതിന് ചരിത്രത്തിന്റെ പിൻബലമുണ്ട്. ചരിത്രവസ്തുതകൾ പരിശോധിച്ച് ചരിത്രകാരന്മാർ മലബാർ കലാപത്തെക്കുറിച്ച് വ്യക്തമായ പഠനങ്ങൾ നടത്തിയിട്ടുണ്ട്. അപ്പോഴാണ് പഴയ വിവാദങ്ങൾ പുതിയ കുപ്പിയിൽ തുറന്നുവിടുന്നത്. മലബാർ കലാപത്തിന് നേതൃത്വം നൽകിയവരിൽ പ്രമുഖരായ വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി, ആലി മുസ്ലിയാർ എന്നിവരടക്കം 387 പേരെ സ്വാതന്ത്ര്യസമര രക്തസാക്ഷികളുടെ പട്ടികയിൽ നിന്ന് നീക്കാൻ ഇന്ത്യൻ ചരിത്ര ഗവേഷണ കൗൺസിലിന്റെ മൂന്നംഗ സമിതി ശുപാർശ ചെയ്തിരിക്കുന്നു. ചരിത്രം വളച്ചൊടിച്ചും വർഗീയമായ വിവാദങ്ങളിലേക്ക് വലിച്ചിഴച്ചും ഇവർ ആരുടെ ഭാഗത്തു നിന്നാണ് ചരിത്രത്തെ വീക്ഷിക്കുന്നത്. ഒരു നൂറ്റാണ്ട് മുമ്പു നടന്ന മഹാസമരത്തെ ഇന്നത്തെ പശ്ചാത്തലത്തിൽ പുനർവായനയ്ക്ക് വിധേയമാക്കുമ്പോൾ ചരിത്രപരമായ സത്യസന്ധതയും നീതിയും പുലർത്തേതുണ്ട്. അല്ലാത്തത് ബ്രിട്ടീഷുകാർ വരച്ചിട്ടുള്ള വാർപ്പ് മാതൃകയെ അനുകരിക്കുന്നതും അനേകം ദേശാഭിമാന ബോധമുള്ള മനുഷ്യരുടെ ജീവിതത്തെ അപമാനിക്കുന്നതുമാണ്. ഇത് ചൂഷകന്റെ വാഴ്ത്തുപാട്ടുകൾ ഏറ്റുപാടുന്നത് പോലെയാണ്.

ചരിത്രകാരനായ കെ. എൻ. പണിക്കർ മലബാർ കലാപത്തെ കുറിച്ച് പറയുന്നത് കലാപ രീതി ഉടമ വർഗ്ഗത്തോടും അവരുടെ സംരക്ഷകരായി വർത്തിച്ച കോളനി ഭരണകൂടത്തോടുമുള്ള വിരോധം അർത്ഥശങ്കയ്ക്കിടയില്ലാത്ത വിധം പ്രകടമാക്കി. അതേസമയം, കലാപകാരികളുടെ വിശ്വാസത്തെയും കാഴ്ചപ്പാടുകളെയും രൂപപ്പെടുത്തിയ മത സ്വാധീനവും വളരെ വ്യക്തമായിരുന്നു. ഈ രണ്ടു ഘടകങ്ങളുടെയും സമ്മേളനമാണ് കലാപത്തിന് വഴിതെളിച്ചത്. (ഡോ. കെ എൻ പണിക്കർ -മലബാർ കലാപം ഭൂപ്രഭുത്വത്തിനും ഭരണകൂടത്തിനുമെതിരെ)

മതാശയത്തിന്റെ സ്വാധീനം ഉായിരുന്നെങ്കിലും കലാപം ബ്രിട്ടീഷ് സാമ്രാജ്യത്വത്തിനും അവരുടെ



സംരക്ഷകരായിരുന്ന ജന്മിമാർക്കും എതിരായിരുന്നു. എട്ടുമാസത്തോളം നീണ്ടു നിന്ന കലാപത്തിൽ കൂടുതലും ഏറനാട് വള്ളുവനാട് താലൂക്കിലെ മാപ്പിള കർഷകരായിരുന്നു. അതുകൊണ്ടായിരിക്കാം സാമ്രാജ്യത്വ വിരുദ്ധവും ജന്മികൾക്കുമെതിരായ കർഷക കലാപത്തെ മാപ്പിള കലാപമായി കണക്കാക്കുന്നതിന് ഇടവരുത്തുന്നത്. ഇവിടെയും ഒരു കാര്യമുണ്ട് കലാപത്തിൽ ധനിക മാപ്പിളമാർ ഉണ്ടായിരുന്നില്ല. ഇത് തന്നെ മലബാർ കലാപത്തിന്റെ ദിശ എങ്ങോട്ടാണ് എന്ന് വ്യക്തമാക്കുന്നുണ്ട്.
ശത്രുക്കളെയും അല്ലാത്തവരെയും കലാപം തീരുവോളം പ്രക്ഷോഭകാരികൾ വേർതിരിച്ചു കണ്ടിരുന്നു. അധികം ആളുകൾ കൊല്ലപ്പെടാതിരുന്നത് ഈ വക തിരിവ് മൂലമായിരുന്നു. ഇക്കാലത്ത് നടന്ന കൊലപാതകങ്ങളിൽ അധികവും ബ്രിട്ടീഷ് സൈന്യത്തോട് ചേർന്ന് ഒറ്റുകാരായി പ്രവർത്തിച്ചവർക്കെതിരെയുള്ള പ്രതികാര നടപടി എന്ന നിലയിലായിരുന്നു.(കെ. എൻ പണിക്കർ -മലബാർ കലാപം )
വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജിയും ആലി മുസ്ലിയാരും മതത്തെ പൊതുപ്രവർത്തനവുമായി കൂട്ടികുഴക്കുന്നതിനെ അനുകൂലിച്ചിരുന്നില്ല എന്നും ചരിത്രകാരന്മാർ ചൂണ്ടിക്കാണിക്കുന്നു.

സ്വാതന്ത്ര്യസമരത്തിന് ഒരൊറ്റ അടരുമാത്രമല്ല ഉള്ളത്. അത് ബ്രിട്ടീഷ് കോളനിവാഴ്ചയ്ക്കും ജന്മിത്വത്തിനും എതിരെയുള്ള കർഷക സമരമായി കൂട്ടിയിണക്കി വായിക്കുകയാണ് ശരിയായ ചരിത്ര ബോധം. ഇപ്പോൾ ഹിന്ദു-മുസ്ലിം ദ്വന്ദത്തിൽ വിശകലനം ചെയ്യാൻ ശ്രമിക്കുന്നത് ആരുടെ താല്പര്യമാണെന്നത് വ്യക്തമാണ്. ചരിത്ര വസ്തുതകളുടെ തരിമ്പ് പിൻബലമില്ലാത്ത പച്ച നുണകൾ കൊണ്ട് ഒരു സമൂഹത്തെ ഭിന്നിപ്പിക്കുകയെന്ന വ്യക്തമായ അജണ്ടയാണ് ഇന്ത്യൻ ചരിത്ര ഗവേഷണ കൗൺസിൽ ഇപ്പോഴെടുത്ത തീരുമാനത്തിലൂടെ നടപ്പാക്കുന്നത്. ഇത് അപകടകരമാണ്. ഇതിന്റെ മറ പിടിച്ച് മറ്റൊരു കൂട്ടരും ഇറങ്ങിയിട്ടുണ്ട്. രണ്ട് പേരും നടത്തുന്ന പ്രചരണങ്ങളിൽ പ്രധാനം മതം മാത്രമാണ്.

മലബാറിലെ മുസ്ലിം സമുദായത്തിലെ തന്നെ കുടിയാന്മാരും, തൊഴിലാളികളും നേരിട്ട സാമ്പത്തിക ചൂഷണത്തെ പറ്റി പറയാതെയിരിക്കുകയും മലബാർ കലാപം അന്നത്തെ ചരിത്ര പശ്ചാത്തലത്തിൽ അടിസ്ഥാനപരമായി ഒരു ജന്മി-കുടിയാൻ സംഘർഷമായിരുന്നു എന്നത് മറച്ചുവെക്കുകയും ചെയ്യുന്നത് ഫാസിസ്റ്റുകളുടെ താല്പര്യമാണ്.

മലബാർ, ബ്രിട്ടീഷ് ഈസ്റ്റ്ഇന്ത്യാ കമ്പനിക്ക് കീഴിലായി. 1790 ൽ കമ്പനിയും നായർ-നമ്പൂതിരി ജന്മിമാരും തമ്മിൽ ജന്മിമാരെ സംരക്ഷിച്ചുകൊള്ളാം എന്ന ഉടമ്പടി വെക്കുന്നുണ്ട്. ടിപ്പുവിനെതിരായ യുദ്ധത്തിൽ സഹായിച്ചതിന്റെ ഭാഗമായി ജന്മിമാരുടെ നഷ്ടപ്പെട്ട സ്വത്തുവകകൾ തിരിച്ചുപിടിക്കാൻ കമ്പനി സഹായിക്കുന്നു. ഇതേ തുടർന്ന് ജന്മിമാർ മുസ്ലിങ്ങളോടും മറ്റു കീഴ്ജാതിക്കാരോടും അതിക്രമം വർധിപ്പിക്കുകയും ചെയ്തു. സ്വയം രക്ഷയ്ക്ക് ആയുധംമെടുക്കാൻ തങ്ങൾ നിർബന്ധിതരായെന്ന് മുസ്ലിങ്ങൾ പരാതിപ്പെട്ടിരുന്നെന്ന് വില്യം ലോഗൻ എഴുതുന്നുണ്ട്.

പോർച്ചുഗീസുകാരെ ഓടിക്കാൻ സാമൂതിരിയുമായി ചേർന്ന് പടപൊരുതിയ മാപ്പിളമാർ പിന്നീട് ഹൈന്ദവ ജന്മി വിരുദ്ധരായതിന്റെ പ്രധാന കാരണം ജന്മിമാരെ സന്തോഷിപ്പിക്കാൻ ഈസ്റ്റിന്ത്യാകമ്പനി കൊണ്ടുവന്ന നിയമം മൂലമാണെന്ന് ലോഗൻ അഭിപ്രായപ്പെടുന്നു.

ജന്മിമാർക്ക് ഇഷ്ടമുള്ളപ്പോൾ കുടിയാന്മാരെ ഒഴിപ്പിക്കാമെന്നും, പാട്ടം വർധിപ്പിക്കുമെന്നും വ്യവസ്ഥ ചെയ്ത നിയമം മാപ്പിള കുടിയാന്മാരെയാണ് ഏറെ ബാധിച്ചത്. ടിപ്പുസുൽത്താന്റെ ആക്രമണം ഏതുനിമിഷവും പ്രതീക്ഷിച്ച ഈസ്റ്റിന്ത്യാ കമ്പനി കുടിയന്മാർ എന്ന നിലയിലും മാപ്പിളമാർ എന്ന നിലയിലും ഇവിടുത്തെ മുസ്ലിം വിശ്വാസികളുടെ ജീവിതം ദുസ്സഹമാക്കിയെന്ന് ഇ




എം എസും നിരീക്ഷിക്കുന്നു. ഇത്തരം ചരിത്ര വസ്തുതകൾ ഒട്ടേറെയുണ്ട്. ഖിലാഫത്ത് പ്രസ്ഥാനത്തിനും മുൻപേ നിരവധി കലാപങ്ങൾ നടന്നു. ഖിലഫാത്ത് നേതാക്കളും മഹാത്മാഗാന്ധിയും കോഴിക്കോട് കടപ്പുറത്ത് ജനങ്ങളെ അഭിസംബോധന ചെയ്തതും ചരിത്രമാണ്. ഇന്ന് ഇതെല്ലാം ഒറ്റയടിക്ക് റദ്ദാവുകയാണ്.

നിരവധി മനുഷ്യരുടെ ജീവിനെടുത്ത ക്രൂരമായ വാഗൻ കൂട്ടക്കൊല നടന്നില്ലെന്ന് സമർത്ഥിക്കാനാണോ ഇവർ ശ്രമിക്കുന്നത്. ബ്രിട്ടീഷുകാർക്ക് അതൊരു ട്രാജഡിയാണ്. പക്ഷെ അത് കൂട്ടക്കൊലയും അനീതിയുമാണെന്ന് ഏത് തലമുറയും വായിക്കണമെന്ന് പറയേണ്ടത് ഇന്ന് ജീവിച്ചിരിക്കുന്നവരുടെ, മതേതരത്വവും മനുഷ്യത്വവും ഉള്ളിലുള്ളവരുടെ രാഷ്ട്രീയമാണ്. സ്വാതന്ത്ര്യസമരത്തിന്റെ ഒരു ഘട്ടത്തിലും ഇല്ലാതിരുന്നവർക്ക് ഇതൊരു ട്രാജഡിയായും നാളെ ഇങ്ങനെയൊന്നു നടന്നില്ലെന്നും പറയാം. അന്നും ഇന്നും അവർ ചെയ്യുന്നത് ഒരു പോലെയാണ്. ക്രൂരതയുടെ സാമ്രാജ്യത്വ അധിനിവേശ കാലത്തെ വെള്ള പൂശുമ്പോൾ അവർ അസമത്വങ്ങളെ വാഴ്ത്തുകയാണ് ചെയ്യുന്നത്.

മലബാർ കലാപത്തിന്റെ നൂറാം വാർഷികത്തിൽ നമ്മൾ ചർച്ച ചെയ്യേതണ്ട് അതിന്റെ ശരിയായ അർത്ഥത്തിലായിരുന്നു. അതല്ല സംഭവിക്കുന്നത് എന്നത് നമ്മുടേതുപോലൊരു മതനിരപേക്ഷയിടത്തിന് പറ്റിയതല്ല. സാധാരണ മനുഷ്യർ, അതിലധികവും കർഷകർ അവരുടെ അന്നത്തെ കഷ്ടതയിൽ നിന്ന് ഭൂവുടമകളോടും അവരുടെ സംരക്ഷകരായ ബ്രിട്ടീഷുകാരോടും പൊരുതിയത് ചരിത്രമാണ്. അക്കാലത്ത് അതിന് പിഴവുകളും പാളിച്ചകളും ഉണ്ടായിരുന്നു. അതെല്ലാം പലതവണ ചർച്ച ചെയ്യപ്പെട്ടതാണ്. ഇപ്പോഴുള്ള ചർച്ചകളും തെറ്റായ വീക്ഷണവും ചരിത്രവിരുദ്ധമായ നുണകളുടെ മനോനിർമ്മിതിയെ പതിയെ സൃഷ്ടിക്കാനാണ്. അതിനെ പ്രതിരോധിക്കുകയും മഹത്തായ മലബാർ കലാപത്തെ അനശ്വരമായ ചരിത്രത്തിലെ സാമ്രാജ്യത്വ വിരുദ്ധതയുടെ ഒരേടായി നമ്മൾ ഇനിയും വായിച്ചുകൊണ്ടേയിരിക്കണം.

വാട്ടർ ബെന്യാമിന്റെ വാക്കുകൾ പോലെ 'ആപത്തിന്റെ നിമിഷങ്ങളിൽ മനസ്സിലൂടെ മിന്നിമായുന്ന ഓർമ്മകളെ കയ്യെത്തിപ്പിടിക്കലാണ് ചരിത്രം'. ●




# WHAT DOES **COVID** MEAN TO ME


**Fidha Vadakke Thodikayil**
B. Sc Chemistry Second Year

The year 2020 has literally made our lives stagnant. Yes, it has been a ruthless year, a year of sufferings, losses, depression and sluggishness. Sadly I couldn't do all things I wanted to but on a positive note I did things that I never thought I would. Perhaps it was a blessing in disguise!

Being a student the first thing that bothers me during any catastrophe is its effect on my studies. The pandemic initially troubled me with the post ponding of exams and the closing of schools. It was terrible as I was to appear for my class 12 board examinations. Then the most awaited and

worried college allotments and admissions were late. And classes even later that too online mode. I truly think that the digital windows can never replace the essence of real life experience. And hence the online classes can never compensate for the traditional mode of classes no matter how many arguments go in support of it being easy, homey or comfortable. These are the most precious years of a student's life. Sometimes I feel even my career life is at stake. I know I'm not the only one who is being victimized. But this very feel of all plans being ruined, by an outsider who can't even be blamed, is truly infuriating.

Coming to my wellbeing, so far neither I nor my immediate family members were tested Covid positive and I don't know if we really can escape from the hands of the deadly disease. But I've heard a lot of cases of other relatives and friends who were tested positive. For some it was just another cold but it really did hit hard on some others and sadly I've relatives who lost their lives too. But something that really shook me was the news of a very distant relative who died of heart attack hearing the news of his own family not tested negative even after 2 weeks. People are really being mentally broke down. I wish we could all muster up the courage to face the challenges ahead.



Strangely, I realized how reckless a part of our society is! Despite the warnings and strict orders from the government and health officials who literally struggle to mitigate the effect of the issue, people care the least about the scenario as if nothing matters to them. Airports being closed, flights being cancelled ,the dread of self quarantine and due to the risk factors many of my relatives who had planned on visiting India



for vacations had to stay back. I badly yearned to meet them all as it had been years since I last saw them. Many functions and occasions like marriage, family gatherings and meet up with friends had to be either cancelled or post ponded. Some were really long awaited!

Speaking about the boon, I literally had plenty of "ME" time. I'm sure everyone did. That really helped me ponder what my interests truly are! This was a time when I could improve on my lacking sides too. As colleges opened late, I started doing various online courses, which was informative and I personally enjoyed doing so. Another remarkable thing is that I truly fell in love with the World of Books. I've developed an unfailing routine of reading books during the quarantine time. I know it's a bit odd but sometimes, deep inside me, I've thanked the pandemic and the associated free time. I acknowledge that I am truly lucky to say this way, considering the anguishes of people around the world. I repaid all the sleep debt I would possibly ever have or to exaggerate I have slept in advance for the sleepless nights I may encounter being an undergraduate!

Making, mending and maintaining relationships which often occur to us as a miracle has become something possible during this very time. Free time is no longer a rare commodity! All what required is a heart willing to be opened to our loved ones! I can't say that I've utilized the time available to my fullest but I don't regret it either. As this was a time that no one demanded anything from me and I decided not to demand too much from myself too. Sometimes I get frustrated for the very same reason but I consoled myself telling that it's okay to be unproductive at times. I had a life free from all kind of possible stresses and I literally adored it. As I was aware that the ocean of higher education ahead of me would probably leave very less time for all such recreations in the future. ●



വര:
അലൻ ട്രീസ സേവ്യർ

# MASKED OUT

Athira Sailas
2nd BSc Chemistry

'It's been a while'
I longed to say this to someone.
Fake smiles masked out to just squinting.

I'm on the 4th floor in this building,
and I'm looking on people passing by.

'I moved in yesterday', 'Is that your new baby', 'Oh my! you changed a lot!'
I missed these monotonous yet classic question
conversed once in this
Zestful street.

Oh, there I spotted a man
Amongst the crowds of building.
Where is he going ?
What must be he feeling?
Well he wore a floral printed mask
Perhaps that must suggest
he started his day off nice....

Looking out from the window
I remembered my restless dream that made the rushed move.
Here I am now, painting a faded portrait from yesterday's vibrant palette.

Fear,peace,anger,sadness,happiness
Nothing makes any sense now.
It's all masked out by the series of squint.

What is behind the mask I wonder?
Thin lips and pointy nose?
Bold lipstick and flushed cheek?
These eyes keep me guessing

Behind the mask,
The faces are many,
The feeling are many
And the stories are different
And they keep me guessing.

## എഡിറ്റോറിയൽ ബോർഡ്



ചീഫ് എഡിറ്റർ: ഡോ. ഗോഡ് വിൻ സാംരാജ് ഡി പി
(പ്രിൻസിപ്പാൾ)

സ്റ്റാഫ് എഡിറ്റർ



ഡോ. സുരേഷ് പുത്തൻപറമ്പിൽ

## അംഗങ്ങൾ



ഡോ. അന്നസാലി



ഡോ. ശ്രീജിത് ജി



ശ്രീമതി അനുരാധ



ശ്രീമതി എൽസി ഷെറീന



വൈഷ്ണവി ആർ കെ



അഖിൽ ടി കെ



ചന്ദന എസ് രാജ്



എമിൽ കെ സുബിൻ



ഷെറിൻ വൈ



അക്ഷയ എൻ



അമൽ മനോജ് എസ്



നിതിൻ ഡാനിയേൽ

# Delusion of Demise

**Sreya Thilakaraj C V**
2nd BA Functional English



വര:
അലൻ ട്രിസ സേവ്യർ


Who might be as fascinated as Plath?
To see death pretty;
To escape from the cages of time,
Where man alone chimes to the tedious rhythm.
Who won't be as confused as Angelou?
To search in pain, thy sting of death
Fearing the loss of valuable presence
Who's saving up treasures to please Anubis and Osiris?
Where the Gates of afterlife are on hold.
What has a mere sapien got to save?
Only the profound fortune of nothingness.
Who's waiting for Yama?
To take us to the heavenly abode, like
How he brought his righteous son
Or is war walking you
to the gates you never want to see
O, but there's blood in the water...
Whose all flesh seared or
Is it dripping from your soul?
The wise Lord asked Partha
If it's a birthless and deathless soul
How will you kill anyone
Or how will anyone get killed?
Then where's the beginning
Where's the end?
A Delusional Existence.

# फिर से उठूँगी

देखती हूँ सपना।
हमेशा फैलाया है, अपने पंख;
पूरा करने केलिए, अपने सपनों को।
लेकिन जब भी मैंने कोशिश की,
तुमने मेरे पंख बाँध दिए।
जब तुम्हे एहसास हुआ कि ये बंधन,
न तो बाधा डालता है; ना ही शांत करता है;
मेरी न बुझनेवाली प्यास को,
काट दिया तुमने मेर पंख;
डाल दिए तुमने
मुझे धुएँ के बीच;
और लगाए मुझ पर कई प्रतिबंध।
और अब,
क्या तुम मुझ पर आरोप लगा रहे हो
कि मै उड़ना नहीं जानती?
क्या तुम मुझ पर आरोप लगा रहे हो
कि मै उड़ना नहीं चाहती ?
देख सकती हूँ,
तुम्हारा उपहास।
अरे, एक पल रुको
मनाने से पहले।
मिटा दो तुम्हारे विचारों को
कि तुम जीत गए।
हटा दो तुम्हारे विचारों को
कि तुम्हें मुझ पर वर्चस्व है।
अब नहीं रहेगा तुम्हारा उपहास,
ज्यादा देर तक।
फिर से बढ़ाऊँगी, मेरे पंख;
फिर से उड़ूँगी, अनंत आसमान की ओर;
फिर से उठूँगी, यह साबित करने केलिए
कि मैं अबला नहीं हूँ;
फिर से उठूँगी, एक फीनिक्स की तरह।
जल्द ही सफलता मेरी होगी।
प्रबल हैं मेरे सपने,
तुम्हारे ज़जीरों को तोड़ने केलिए।
फिर से उठूँगी मैं ; फिर से उठूँगी ।



**Pooja. S**
**I[st] B.Com Finance**



# खोज

प्रकाश में मैं खोजता हूँ अन्धेरा
एहसास हुआ कि अन्धेरा सच्चाई है
वे कहते कि प्रकाश ज्ञान है पर
वह सिर्फ अन्धेरे का आवरण है
सितारों के बीच का अन्धेरा जैसा

जब मुझे अन्धेरे से डर लगा
अन्धेरे में चमकने की बात सोचा
पर एहसास हुआ कि अन्धेरा सच्चाई है
समझा कि दिल में भी अन्धेरा है
अपने अंधेरे से मैं गहरा प्यार करने लगा।

**Anamika N.S**
**BSc. Physics**



# उँचाई

टूटे शीशे की तरह जीवन
फैसले में लिखा गया था
फिर कभी न जोड़ा जा सकता
लंबी उंगलियाँ
हथियारों की कमी
कोर्ट पलट गया
असहाय चेहरे
प्रश्न - चिह्न से स्वजन

क्या फीनिक्स , तुम भूल गये
पृथ्वी लटक गई
अपने हथियार से डर लगे
मौका आए
उंगलियों पर हो गए
अदालत भी साथ थी।

**Naja. K. K**
**II[nd] BSc. Chemistry**

# കുത്താമ്പുള്ളി – പ്രതീക്ഷകളും പ്രതിസന്ധികളും



അക്ഷയ
2nd MA History

തൃശൂർ ജില്ലയുടെ അതിർത്തിയിൽ തിരുവില്വാമലയ്ക്കടുത്ത ഒരു ഗ്രാമം ആണ് കുത്താമ്പുള്ളി. ഭാരതപുഴയും ഗായത്രിപുഴയും സംഗമിക്കുന്ന ഇവിടം കൈത്തറിയിൽ നൂലിഴകളുടെ സംഗമസ്ഥാനമായി ഇന്നും നിലനിൽക്കുന്നു. ഒരു സംസ്കാരത്തിന്റെ കൈമോശം വരാത്ത സൗഭാഗ്യമായി. ദേവാംഗ സമുദായത്തിൽപെട്ടവരാണ് കുത്താമ്പുള്ളിയിലെ കൈത്തറി തൊഴിലാളികൾ. 500 വർഷങ്ങൾക്ക് മുൻപ് കൊച്ചി രാജാവിന്റെ കുടുംബത്തിനായുള്ള വസ്ത്രങ്ങൾ നിർമ്മിക്കാനാണ് ഇവരുടെ പൂർവികർ മൈസൂരിൽ നിന്ന് കുത്താമ്പുള്ളിയിൽ എത്തിയത് എന്നാണ് ചരിത്രം. കൈത്തറി വസ്ത്രം രൂപം കൊള്ളുന്നത് അസാമാന്യ ശ്രദ്ധയും അർപ്പണബോധവും ഉൾചേരുന്ന തൊഴിൽ സംസ്കാരത്തിന്റെ ഉത്പന്നമായിട്ടാണ്. അതിനാലായിരിക്കാം കൈത്തറി വസ്ത്രങ്ങൾ സ്വാതന്ത്ര്യ സമര ചരിത്രത്തിന്റെ ഒരു ചിഹ്നമായി മാറിയത്.

തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്കിലെ തിരുവില്വാമല പഞ്ചായത്തിൽ കുത്താമ്പുള്ളി ഗ്രാമം,




ഭാരതപുഴ, ഗായത്രി പുഴ (പൊന്നാനി നദി ) എന്നീ നദികളാൽ ചുറ്റപ്പെട്ടിരിക്കുന്നു.
തിരുവില്വാമലയിൽ നിന്ന് 5 കിലോമീറ്റർ അകലെ സ്ഥിതി ചെയ്യുന്ന കുത്താമ്പുള്ളി, കേരളത്തിലെ പരമ്പരാഗത വസ്ത്രമായ കസവു കൈത്തറി നെയ്ത്തിനു പ്രസിദ്ധമാണ്.
തുടക്കത്തിൽ കുത്തമ്പുള്ളിയിൽ നിന്നാണ് ഉത്പന്നങ്ങൾ ഉത്ഭവിച്ചത്, എന്നാൽ ആവശ്യം വർധിച്ചതോടെ സമീപപ്രദേശങ്ങളിൽ നിന്നുള്ള കൂടുതൽ കരകൗശലതൊഴിലാളികളും പരമ്പരാഗത കുത്താമ്പുള്ളി സാരികൾ നെയ്തെടുക്കുന്നത് അവരുടെ പ്രധാന തൊഴിലായി സ്വീകരിച്ചു.
നിലവിൽ, തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളിതാലൂക്കിലെ വിവിധ ഗ്രാമങ്ങളിലും, കേരളത്തിലെ പാലക്കാട്ജില്ലയിലെ ചിറ്റൂർ, ആലത്തൂർ,ഒറ്റപ്പാലം താലൂക്കുകളിലുമാണ് കുത്താമ്പുള്ളി സാരികൾ നിർമിക്കുന്ന പ്രധാന സ്ഥലങ്ങൾ. തൃശ്ശൂർ ജില്ലയിലെ തലപ്പിള്ളി താലൂക്ക് ഗ്രാമത്തിൽ കുത്താമ്പുള്ളി, എറവതൊടി, തിരുവില്വാമല, കൊണ്ടാഴി, എന്നിവ ഉൾപ്പെടുന്നു.
പാലക്കാട് ജില്ലയിലെ ഉത്പാദനത്തിന്റെ ഭൂമിശാസ്ത്രപരമായ മേഖലകളിൽ പാലക്കാട് താലൂക്കിലെ കല്ലാഞ്ചിറയും ഇടപ്പള്ളിയും, ചിറ്റൂർ തത്തമംഗലം മുൻസിപ്പാലിറ്റി, ദേവംഗപുരം, ഈരാറ്റക്കുളം, മാഞ്ചിറ, പാലപ്പുറം,ഒറ്റപ്പാലം താലൂക്കിലെ കരുമനാംകുറിശ്ശി, ആലത്തൂർ താലൂക്കിന്റെ പല്ലഞ്ചാത്തന്നൂർ, പുതുക്കോട്, പഴമ്പാലക്കോട് എന്നിവ ഉൾപ്പെടുന്നു.

ഇവിടെ ഉപയോഗിക്കുന്ന പരുത്തി നൂൽ തമിഴ് നാട്ടിൽനിന്നും സ്വർണനിറത്തിലുള്ള നൂൽ സൂറത്തിൽ നിന്നുമാണ് ഇറക്കുമതി ചെയ്യുന്നത്. ഒരു ഒറ്റ മുണ്ട് നെയ്തെടുക്കാൻ ഒരു ദിവസവും ഒരു സാരി നെയ്തെടുക്കാൻ രണ്ടോ മൂന്നോ ദിവസവും വേണം.

കസവു നൂൽ കൊണ്ട് സാരിയിൽ തീർക്കുന്ന അലങ്കാരപ്പണികൾ അതിമനോഹരമാണ്. 770 മുതൽ 4200 രൂപ വരെ വിലമതിക്കുന്ന കഥകളി രൂപങ്ങളും ശ്രീകൃഷ്ണന്റെ ചിത്രങ്ങളും കസവുസാരികൾക്ക് ജനപ്രീതിയേകുന്നു.
200- ൽ പരം കുടുംബങ്ങൾ ഇവിടുണ്ട്. കുത്താമ്പുള്ളി സഹകരണസംഘമാണ് ഇവർക്ക് ആവശ്യമായ അസംസ്കൃതവസ്തുക്കൾ വിതരണം ചെയ്യുന്നത്. ഇന്ന് 300 ലധികം കുടുംബങ്ങൾ സൊസൈറ്റിയുടെ കീഴിൽ പ്രവർത്തിക്കുന്നുണ്ട്.
അതേ സമയം കുത്താമ്പുള്ളി കൈത്തറി വ്യവസായം അതിന്റെ പതനത്തിലേക്കടുക്കുന്നതും കാണാം. ദാരിദ്ര്യവും ലാഭത്തിന്റെ അഭാവവും ആണ് ഇതിന്റെ കാരണം. യുവതലമുറ പ്രധാനമായും കൂടുതൽ സമ്പാദിക്കാനായും വിദ്യാഭ്യാസത്തിനായും വിദേശത്തേക്ക് പോകാൻ താല്പര്യപ്പെടുന്നു. പവർലൂമിന്റെ വ്യാപകമായ ഉപയോഗം പരമ്പരാഗത നെയ്ത്തുകരെ മോശമായി ബാധിക്കുന്നു. കുത്തമ്പുള്ളിയിലെ കൈത്തറി സമൂഹം ധാരാളം സാമ്പത്തിക പ്രശ്നങ്ങൾ അഭിമുഖീകരിക്കുന്നുണ്ട്. ബാങ്കുകൾ ഇവർക്കു ലോണുകൾ നൽകാൻ തയ്യാറാകുന്നില്ല എന്നതും നെയ്ത്തുപകരണങ്ങൾ വാങ്ങുന്നതിനുള്ള സബ്സിഡികൾ ലഭിക്കാത്തതും ഇവർ അനുഭവിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടുകളാണ്.

ചിത്രപ്പണികൾ ഉള്ള വസ്ത്രങ്ങൾ തറികളിൽ നെയ്‌തെടുക്കുന്നു എന്നതാണ് കുത്താമ്പുള്ളി കൈത്തറിയുടെ പ്രത്യേകത. മാറി മാറി വരുന്ന സർക്കാരുകൾ ആനുകൂല്യങ്ങൾ പ്രസ്താവിക്കുകയല്ലാതെ തങ്ങൾക്ക് അവ കൃത്യമായി ലഭിക്കാറില്ലെന്ന് തൊഴിലാളികൾ പറഞ്ഞു. ദിവസം

പത്ത് മണിക്കൂറിലേറെ ജോലി ചെയ്തിട്ടാണ് തൊഴിലാളി കുടുംബങ്ങൾ ജീവിക്കുന്നത്. ലോക്ക് ഡൗണായതോടെ തറികൾ പ്രവർത്തിപ്പിക്കാൻ അവർ തയ്യാറാണെങ്കിലും നൂലും പാവും കസവും ലഭ്യമല്ലാത്തത് ഈ മേഖലക്ക് വലിയ തിരിച്ചടിയാകുന്നു. പ്രൊഡക്ഷൻ ഇൻസെൻറീവായ തുക ലഭിക്കാത്തതും തൊഴിലാളികളെ വലിയ പ്രതിസന്ധിയിലാക്കുന്നു.

നെയ്ത്തു ജോലിയെ മാത്രം ആശ്രയിച്ചു കഴിയുന്നവരാണ് കുത്താമ്പുള്ളി, എറവത്തൊടി ഭാഗത്തുള്ള ഭൂരിഭാഗം ജനങ്ങളും. ദിവസവും പത്ത് മണിക്കൂറിലധികം ജോലി ചെയ്തിട്ടും അഷ്ടിക്കു വകയൊക്കാത്ത നെയ്ത്ത് തൊഴിലാളികൾക്ക് ലോക്ക് ഡൗൺ കനത്ത പ്രഹരമേൽപ്പിച്ചു. ലോക്ക് ഡൗൺ മൂലം നെയ്ത്തിനാവശ്യമായ നൂലും പാവും കസവുമൊന്നും ലഭ്യമാകുന്നില്ല.

വസ്ത്രനിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭിക്കാത്തതിനാൽ നിർമ്മാണ മേഖല നിശ്ചലമായിക്കൊണ്ടിരിക്കുകയാണ്. പ്രൊഡക്ഷൻ ഇൻസെന്റീവായി ലഭിക്കേണ്ട തുകയും ഇതുവരെ ലഭ്യമാകാത്തത് തൊഴിലാളികളെ കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാക്കിയിരിക്കുന്നു. ഉള്ളതെല്ലാം പെറുക്കിയെടുത്താണ് ഇപ്പോൾ തറികൾ പ്രവർത്തിപ്പിക്കുന്നത്. അതും അധികം വൈകാതെ നിശ്ചലമാകുമെന്ന് തൊഴിലാളികൾ തന്നെ പറഞ്ഞു. ലോക്ക് ഡൗൺ നിയമങ്ങളിൽ ഇളവുകൾ വന്നാലും അസംസ്കൃത വസ്തുക്കൾ എളുപ്പം ലഭ്യമാകില്ലെന്നത് തൊഴിലാളികളിൽ ആശങ്ക വർധിപ്പിച്ചിരിക്കുകയാണ്. ലോക്ക് ഡൗൺ കാലത്തെങ്കിലും പ്രൊഡക്ഷൻ ഇൻസെന്റീവ് ലഭ്യമായാൽ പട്ടിണിക്കെങ്കിലും ഒരു അറുതി ആവുമെന്നാണ് തൊഴിലാളികൾ പറയുന്നത്.

മാറി മാറി വരുന്ന സർക്കാർ കുത്താമ്പുള്ളി കൈത്തറിയെ വാനോളം പുകഴ്ത്തുകയല്ലാതെ, ആനുകൂല്യങ്ങളോ സാമ്പത്തിക സഹായങ്ങളോ, വായ്പയോ ഇളവുകളോ നൽകുന്നില്ല. അതിനാൽ പുതിയ തലമുറ നെയ്ത്ത് തൊഴിലിനെ ഉപേക്ഷിക്കുകയാണ്. വരുമാനമില്ലാതെ തൊഴിൽ ചെയ്തിട്ട് എന്ത് കാര്യമെന്നാണ് ഇവരുടെ പക്ഷം. കഴിഞ്ഞ ദിവസം ചേലക്കര എംഎൽഎ യു.ആർ. പ്രദീപ് പ്രദേശം സന്ദർശിച്ചു. നെയ്ത്ത് സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ തൊഴിലാളികളുടെ പ്രശ്നങ്ങളും അസംസ്കൃത വസ്തുക്കളുടെ ലഭ്യതക്കുറവും പരിഹരിക്കണമെന്നാവശ്യപ്പെട്ട് എംഎൽഎ യ്ക്ക് നിവേദനം നൽകി. മലയാളിയുടെ വസ്ത്രസ്വപ്നങ്ങൾക്ക് അഴകേകിയ കുത്താമ്പുള്ളിയിൽ നിന്നും ഇനിയും അഴകും വൈവിധ്യവുമുള്ള വസ്ത്രങ്ങൾ വരുമെന്ന് പ്രതീക്ഷിക്കാം ●



# സെയിൽ


ശ്രീശ്യാം എസ്
ഒന്നാം വർഷ എം എ മലയാളം

നാക്ക് വിറ്റൂടെ? നാക്കില്ലെങ്കിലും നോട്ടമുണ്ട്. ഏറ്റവും ചുരുങ്ങിയത് മനസ്സുണ്ട്. ചെരുപ്പ് തുന്നാൻ കൊടുത്ത ഇടവേളയിൽ ഞാനാലോചിച്ചു. ആലോചന മുഴുമിപ്പിക്കാൻ മറ്റാരെയും പോലെ ഇയാളും സമ്മതിച്ചില്ല. എത്രതന്നെ മറ്റാരെപ്പോലെയാകാൻ നോക്കിയാലും കാൽക്കൽ ഇരുന്ന് ചെരുപ്പ് നന്നാക്കുന്ന ജന്മത്തിന് അത് സാധിക്കുമോ? സ്വന്തം ഉയർച്ചയിൽ, നിൽപ്പിൽ അഭിമാനിക്കുന്ന അപൂർവ്വ നിമിഷത്തിന്റെ ആലസ്യത്തിൽ, ചോദിച്ച ഗാന്ധി കടലാസ് ഇട്ടുകൊടുത്തു. ആധിപത്യത്തിന്റെ സുഖം പടരും മുമ്പ് ചോദ്യം തിരിച്ചെത്തി. നാക്ക് വിൽക്കണോ?

രാജാക്കൻമാരെല്ലാം മൗനത്തിലാണ്. ശ്രദ്ധാകേന്ദ്രങ്ങളാകുന്ന പലരും സംസാരിക്കാറില്ല. ഇവരെല്ലാം നാക്ക് വിറ്റു. അതിന്റെ നേട്ടങ്ങളും അവർക്കുണ്ട്. പച്ചക്കറികൾ കിലോക്കണക്കിന് വാങ്ങുന്നതിനിടയിൽ ഞാൻ ആലോചിച്ചു. എനിക്കെന്ത് നേട്ടം കിട്ടും? എല്ലാവരും എല്ലാത്തിനും ഒപ്പമുണ്ടാകും. വിഷം എന്ന് അറിഞ്ഞിട്ടും എല്ലാം വാങ്ങുന്നില്ലേ. വാങ്ങാതെ കഴിയുമോ? ആളുണ്ടാകും.. വീട് വെക്കാൻ, ജോലി നോക്കാൻ, പെണ്ണ് വാങ്ങാൻ, എല്ലാറ്റിനും. സാമ്പാർ പരുവത്തിൽ. ഇല്ല എന്നുണ്ടെങ്കിൽ കായ്കറികളുണ്ടാകില്ല. വിളറിവെളുത്ത വറ്റ് മാത്രം ഉണ്ടാവും.

അവനോടു ചോദിച്ചു നാക്ക് വിൽക്കുന്നതിനെക്കുറിച്ച്. അവനത് പറ്റില്ലത്രേ. ഉടല് നഷ്ടപ്പെട്ട അവന് നാക്ക് മാത്രമേ ബാക്കിയുള്ളൂ. പണമുണ്ടെങ്കിൽ വാ എന്ന് കേൾക്കുമ്പോൾ, ഓരോ പടികളിലും ആട്ടിയിറക്കപ്പെടുമ്പോൾ, വിധിക്കപ്പെടാത്ത ജീവിതത്തെക്കുറിച്ച് ക്ലാസ് കിട്ടുമ്പോൾ ചത്തില്ലെന്ന് സ്വയമുരുവിട്ട് പഠിക്കാൻ നാക്ക് വേണമത്രേ. ശരിയാണ് അവന് നാക്ക് വിറ്റിട്ടെന്താകാനാണ്. എന്നോ ചെവി ഞങ്ങൾ വിറ്റുകഴിഞ്ഞു. നാളെയാണ് എന്റെ ചെവീടെ സെയിൽ.

കട്ടിലിന്റെ ഇരുണ്ട തണുപ്പിൽ കാമുകിയുടെ ചൂട് സ്വന്തമാക്കുമ്പോൾ ചോദിച്ചു. നാക്ക് വിൽക്കണോ. വേണ്ടെന്ന് ഉറച്ച മറുപടി. നാക്കില്ലെങ്കിൽ പ്രശ്നമില്ല. നാക്ക് വിറ്റാൽ വലിയ പ്രശ്നമാണത്രേ. നാക്കില്ലാത്തവർക്കല്ലേ ഉള്ളതിന്റെ വിലയറിയൂ. എന്നാൽ വിറ്റു കിട്ടിയാൽ, കിട്ടുന്നത് പണം മാത്രം അല്ല. അധികാരത്തിന്റെ ഒരു കഷണം കൂടിയാണ്. ഇവൾക്കത് മനസ്സിലാകുമോ. തീരുമാനിച്ചു. നാക്ക് വിൽക്കാം. തുറിച്ചു നോക്കി ഒന്നും പറയരുത്. ചതി അവൾക്ക് മനസ്സിലാകും. ചിരിച്ചോ കരഞ്ഞോ പറഞ്ഞു നോക്കാം. നിർബന്ധിക്കാതെ നിർബന്ധിക്കണം. അവൾ കെണിയിലാകും. നാക്ക്, ചെവി രണ്ടും നാളെ തന്നെ വിൽക്കാം.
മനസ്സ് ഒപ്പം ഉണ്ടല്ലോ?



വര: അലൻ ട്രീസ സേവ്യർ

# മൂകപടലം



ഐശ്വര്യ. എം.രാജ്
രണ്ടാം വർഷ എം എ മലയാളം

പുകമൂടിയ ശ്വാസത്തിന്മേലാണീ വരികൾ.
വാടിയുലഞ്ഞ പൂക്കളാൽ തീർത്ത
മൈതാനങ്ങൾ മാത്രമാണിവിടെ ശൂന്യം.
മരം പെയ്ത ആകാശത്തെവിടെയും
മേഘങ്ങൾ ഒഴുകിനടക്കുന്നു.
ഇരുട്ടിനെ തടയുന്ന നക്ഷത്രങ്ങൾ
ഇന്നലെകളിലൊളിക്കും വരെ
എല്ലാം ശാന്തം.
അവസാനതുള്ളിയും പെയ്തൊഴിയാതെ
കണ്ണിൽ മഴ ചോരാതെ ഞാനും കൂട്ടിന്
ഈ വഴിനടക്കും.
ഇടയിലെപ്പോഴോ കയറിയിറങ്ങിയ ഓർമ്മകൾ
അവയ്ക്കുമാത്രമിന്നും
പഴക്കമേറിയില്ല.
മരണം കാത്തുകിടന്ന ജീവനുകൾ
മഴയ്ക്കുദാഹിച്ചങ്ങനെ നിൽക്കുന്നു.
കുമിളകളായ് മാറുന്ന നിമിഷങ്ങൾ
മഴപ്പാച്ചിലിനിടയിൽ മണ്ണോടലിയുന്നു.
ഇനിയും തുറക്കാത്ത വാതിലുകൾ
തേടിയാണെന്റെ യാത്രയും,
ഓർമ്മദൂരവും.
വാക്കുകളിലെവിടെയോ തടയപ്പെട്ട
ശബ്ദങ്ങൾ, മുറിവുകളായങ്ങനെ
ആത്മാവിനോടുയർന്ന് മൂകമായ്
ഒഴുകും വരെ വഴി നീളെ നീങ്ങുന്നു.

# കൊറോണക്കാലത്തെ എൻ.എസ്.എസ് ഓർമ്മകൾ

**ചന്ദന എസ് രാജ്**
മൂന്നാം വർഷ ബി എ മലയാളം

ഒഴുക്കുനിലച്ച ഒരു ചെറുതടാകംപോലെ അഴുക്കുനിറഞ്ഞ് കെട്ടിക്കിടക്കുന്ന കാലം. അതിൽ കൈകാലിട്ടടിച്ച് നിലവിളിക്കുന്ന ലോകം. കിതപ്പുകളും വികാരങ്ങളും മുഖമറയ്ക്കുള്ളിൽ ഒരടിയകലത്ത് നിൽക്കുമ്പോൾ കൂട്ടുചേരലിന്റെയും പങ്കുവയ്ക്കലിന്റെയും ആഹ്ലാദങ്ങളൊക്കെ നമ്മെ കയ്യൊഴിഞ്ഞിരിക്കുന്നു. കലാലയ ജീവിതത്തിന്റെ സർഗാത്മകമായ സുവർണകാലം പൊടിയും മാറാലയും പിടിച്ച് ക്ലാസ്റൂമിലും ക്യാമ്പസിലും അനാഥമായി പറന്നു നടക്കുന്നു. പഠനവും സർഗാത്മകതയും ഡിജിറ്റൽ പ്ലാറ്റ്ഫോമിലേക്ക് പറിച്ചുനട്ടപ്പോൾ എൻ എസ് എസ് പ്രവർത്തനങ്ങളും ഈ വർഷം ഡിജിറ്റലായി.

നാലുചുവരുകൾക്കുള്ളിലിരുന്ന് അധ്യാപകരുടെയും, എൻ എസ് എസ് സെക്രട്ടറിമാരുടെയും, എക്സിക്യൂട്ടീവ്മാരുടെയും, സുഹൃത്തുക്കളുടെയും സൗഹൃദവലയത്തിൽ ഞങ്ങൾക്ക് മികവാർന്ന എൻ എസ് എസ് അനുഭവങ്ങളാണ് ലഭിച്ചത്. ഓൺലൈൻ വെബ്ബിനാറുകളും, ആക്ടിവിറ്റീസും,വെർച്ചൽ ക്യാമ്പുമായി സംഭവബഹുലമായിരുന്നു കടന്നുപോയ എൻ എസ് എസ് വർഷം. ആറ്റുനോറ്റുകാത്തിരുന്ന ഏഴ് ദിവസത്തെ ക്യാമ്പനുഭവങ്ങൾ കൊറോണകൊണ്ടുപോയതിന്റെ സങ്കടം പറയാതിരിക്കുന്നതാവും നല്ലത്. മഹാമാരിയുടെ യുദ്ധഭൂമിയിൽ ജീവൻമുൻനിർത്തി നാടും നഗരവും ഒരുപോലെ പൊരുതിക്കൊണ്ടിരിക്കുമ്പോൾ മലബാർ ക്രിസ്ത്യൻ കോളജിലെ രണ്ട് യൂണിറ്റുകളിലായുള്ള എൻ എസ് എസ് വളണ്ടിയർമാർ കൈകെട്ടി നോക്കിനിൽക്കാതെ, കേരള സർക്കാരിന്റെ സന്നദ്ധസേനയുടെ ഭാഗമായി കോവിഡ് പ്രതിരോധ പ്രവർത്തനത്തിൽ പങ്കുചേർന്നു. ഗ്രാമത്തിലും നഗരത്തിലും ആർ ആർ ടി വളണ്ടിയേഴ്സായും, വീടുകളിൽ സ്വന്തമായി തുണി മാസ്കുകൾ നിർമ്മിച്ച് അയൽക്കാർക്ക് നൽകിയും കൈത്താങ്ങായി വളണ്ടിയേഴ്സ് മുന്നിൽ തന്നെ നിന്നു. ചിന്തകൾക്കും ഭാവനകൾക്കും അതീതമായി വീടകങ്ങളിൽ പുതിയലോകത്തോട് പൊരുത്തപ്പെടുന്നതിന്റെ തിരക്കിലായിരുന്നു കോവിഡ് പ്രതിരോധത്തിന്റെ ആദ്യമുഖത്തിൽ നമ്മൾ. ഇതിനിടയിൽ പുറത്തെ കടുംവേനലിൽ ജീവജലത്തിനായി വലയുന്ന പക്ഷികൾക്ക് വീട്ടുമുറ്റത്ത് കുടിനീരൊരുക്കികൊണ്ട് തെളിനീർഎന്ന പരിപാടിയും,വീട്ടുവളപ്പുകളിൽ രായിരം വൃക്ഷത്തൈകൾ നട്ടുകൊണ്ട് പരിസ്ഥിതി ദിനവും, യോഗാഭ്യാസങ്ങൾ പരിശീലിച്ചുകൊണ്ട് യോഗാദിവസവും, ലഹരി വിമുക്ത ദിനത്തിൽ ഓൺലൈൻ ബോധവൽക്കരണവുമായി എൻ എസ് എസ് കാലത്തിന്റെ മാറ്റങ്ങളെ ഒപ്പം ചേർത്തു.

പിന്നീടങ്ങോട്ട് വെബ്ബിനാറുകളുടെ ഒരു നീണ്ടനിര തന്നെയായിരുന്നു.റോഡ് സുരക്ഷാ മാനദണ്ഡങ്ങളെക്കുറിച്ചും കോവിഡ് കാലത്തെ യുവജനങ്ങളുടെ മാനസികാരോഗ്യത്തെക്കുറിച്ചും വിപുലമായി തന്നെ വെബ്ബിനാറുകൾ നടന്നു. സ്വാതന്ത്ര്യ ദിനത്തിന്റെ ഭാഗമായ ഇന്റർകോളേജ് ഓൺലൈൻ ക്വിസ്മത്സരവും,വ്യത്യസ്ത ഓൺലൈൻ പ്ലാറ്റ്ഫോമുകളിൽ നാഷണൽ എൻ എസ് എസ് ദിനവും, ഗാന്ധിജയന്തിയും അനുബന്ധമായ പരിപാടികളോടെ സംഘടിപ്പിച്ചു. ഓരോ പ്രവർത്തനത്തിന്റെയും ഏകോപനത്തിൽ വളണ്ടിയേഴ്സിനുണ്ടായ അനുഭവ പാഠങ്ങൾ ചെറുതായിരുന്നില്ല. നാലുചുവരുകൾക്കുള്ളിൽ തട്ടിത്തിരിഞ്ഞു കളിക്കുന്ന യുവത്വത്തിന് വെർച്ചൽ ജീവിതവും, യാന്ത്രികമായ സാഹചര്യങ്ങളും നൽകിയ സമ്മർദ്ദങ്ങൾക്കിടയിൽ ഓൺലൈൻ ക്ലാസ്സുകൾ കൂടി ചേർന്നപ്പോഴുണ്ടായ ആകുലതകളും, സംഘർഷങ്ങളും ,വെല്ലുവിളികളും ചെറുതല്ലെന്ന് അനുഭവങ്ങളിലൂടെ നമുക്കറിയാം. മനസികാരോഗ്യത്തിന് ഇത്രയ്ക്ക് പ്രാധാന്യം ഉണ്ടാകുമെന്ന് മനസിലാക്കിത്തന്ന കാലം കൂടിയാണ് കടന്നുപോവുന്നത്. ഈ പരിതസ്ഥിതിയിലാണ് ബഹു:പ്രിൻസിപ്പാൾ ഗോഡ്വിൻ സാറിന്റെ നേതൃത്വത്തിൽ Challenges faced by youth during Covid Pandamicഎന്ന വിഷയത്തിൽ സജീവ പങ്കാളിത്തത്തോടെ എൻ എസ് എസ് വെബ്ബിനാർ സംഘടിപ്പിച്ചു.

ഏതൊരു എൻ എസ് എസ് വളണ്ടിയറും കൂടുതൽ വാചാലമാവാറുള്ളത് അവരുടെ സപ്തദിന ക്യാമ്പോർമകളെ കുറിച്ചായിരിക്കുംസൗഹൃദത്തിന്റെയും ,ഒത്തൊരുമയുടെയും ആ അപൂർവ്വ നിമിഷങ്ങൾ കൈയ്യകന്നതിന്റെ നിരാശയോടെയായിരുന്നു

വെർച്ച്വൽക്യാമ്പിന്റെ തുടക്കം. കോവിഡ് അതിന്റെ സർവകിരീടങ്ങളും അണിഞ്ഞുനിന്ന് ആഞ്ഞടിച്ച കൊടുമ്പിരികൊള്ളുമ്പോഴാണ് ക്യാമ്പ് പ്രഖ്യാപനം.ഡിസംബർ 21വൈകുന്നേരം പ്രിൻസിപ്പാളിന്റെ ഉദ്ഘാടനത്തോടെ ആരംഭിച്ച ക്യാമ്പ്, ഗൂഗിൾ മീറ്റിലും, വാട്സ്ആപ്പിലും ഒട്ടും വിരസതയറിയിക്കാതെ കണ്ണുനനച്ചുകൊണ്ടാണ് ഏഴാമത്തെ ദിവസം അവസാനിപ്പിച്ചത് .യൂണിവേഴ്സിറ്റിയുടെ നിർദ്ദേശ പ്രകാരം ശ്രമദാനും, ബോധവൽക്കരണ ക്ലാസ്സുകളും, ഫീൽഡ് സർവേകളും, ഡിജിറ്റൽ പേപ്പർ പ്രെസെന്റേഷനും, കൾച്ചറൽ പ്രോഗ്രാമുകളും ഇതിൽ ഉൾപ്പെട്ടിരുന്നു. ഗ്രൂപ്പുകൾ ആയിട്ടാണ് എല്ലാ പ്രവർത്തനങ്ങളും ചെയ്തത്.

വീടും പരിസര ശുചീകരണവും ,ഫീൽഡ് സർവേകളും അടച്ചുപൂട്ടിയിരുന്ന ഞങ്ങൾക്ക് പുറത്തേക്കിറങ്ങാൻ കിട്ടിയ അവസരമായിരുന്നു.മറ്റൊരു പ്രധാന പ്രവർത്തനം വീടുകളിൽ സ്വന്തമായി ഞങ്ങൾ നിർമ്മിച്ച പച്ചക്കറി കൃഷിയാണ്. മണ്ണൊരുക്കലും വിത്തിടലും പരിപാലനവും സ്വന്തമായി ചെയ്യുമ്പോഴുണ്ടായ അനുഭവം വ്യത്യസ്തമായിരുന്നു. നമ്മുടെ സർക്കാർ വീടുകളിൽ ജൈവ പച്ചക്കറി കൃഷിക്ക് ആഹ്വാനം ചെയ്തിരുന്ന അവസരവും കൂടിയായിരുന്നു അത്.ആദ്യമൊക്കെ കുറച്ച് പ്രയാസങ്ങൾ നേരിട്ടെങ്കിലും ആവശ്യമായ പച്ചമുളകും, വഴുതയും, വെണ്ടയും, തക്കാളിയും, വീട്ടിൽ തന്നെ വിളവെടുക്കാൻ കഴിഞ്ഞു.

കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടുമാത്രം എന്ന ശാസനയോടെ പ്രോഗ്രാം ഓഫീസർമാരായ സായിഗീത മിസ്സും ധനരാജ് സാറും കൂടെ തന്നെ നിന്നു.. ക്യാമ്പിന്റെ പ്രധാന ആകർഷണം രാത്രി നടക്കുന്ന കൾച്ചറൽ ആക്ടിവിറ്റീസ് തന്നെയാണെന്നതിൽ തർക്കത്തിന് വകയില്ല.രാത്രി റെയ്ഞ്ചിന് വേണ്ടി പുരപ്പുറത്ത് കയറിയവരും,റോഡിലിറങ്ങിയവരും,ഗേറ്റ് ചാടിയവരും കൂട്ടത്തിലുണ്ടായിരുന്നു.

മീറ്റിനിടയിൽ ചേട്ടന്മാരുടെയും ചേച്ചിമാരുടെയും മുഖത്തെ ഭാവങ്ങൾ സസൂക്ഷ്മം സ്ക്രീൻ ഷോട്ട് എടുത്ത് പിറ്റേ ദിവസത്തെ ഡിജിറ്റൽ പേപ്പറിൽ ചൂടോടെ അവതരിപ്പിക്കാനായുള്ള ഗ്രൂപ്പുകളുടെ വ്യഗ്രതയ്ക്ക് മുന്നിൽ ഓരോ പ്രഭാതവും ജീവനുള്ളതായി. നഴ്സറി പാട്ടുമുതൽ മിമിക്രിയും, മോണോആക്ടും, പാട്ടും, കഥയും പാരഡികളും, ഡാൻസും എന്നുതുടങ്ങി സ്കിറ്റുകൾ വരെ കൾച്ചറൽ സെക്ഷനിൽ പലഭേദത്തിൽ പ്രത്യക്ഷപ്പെട്ടു. ഓരോരുത്തർക്കും അവരവരുടെ ചെറിയതും വലുതുമായ കഴിവുകൾ സഭാകമ്പമില്ലാതെ അവതരിപ്പിക്കാനുള്ള സൗഹൃദപരമായ അന്തരീക്ഷം എക്സിക്യൂട്ടീവ് ഒരുക്കിത്തന്നു. രണ്ടുവർഷം കൂടെ പഠിച്ചവരുടെ കഴിവുകൾ പലരും തിരിച്ചറിഞ്ഞതും മൂക്കത്തുവിരൽ വെച്ചതും ഇവിടെ വച്ചാണ്.

റെയ്ഞ്ച് ചതിച്ചത് മൂലം പരിപാടി കൈയ്യിൽനിന്നു പോയപ്പോൾ ലെഫ്റ്റ് അടിച്ചുപോയവരെ തപ്പിയും അന്വേഷണങ്ങൾ പോയി.

എക്സിക്യൂട്ടീവ്സ് അവരുടെ ക്രിസ്തുമസ് ദിനവും ,ക്യാമ്പ് ഓർമകളും അനുഭവങ്ങളും പറഞ്ഞതിന്റെ ദുഃഖം ക്രിസ്തുമസിന് വീട്ടിൽ വന്ന കരോളിനെ ലൈവായി പകർത്തിത്തന്ന് സെക്രട്ടറി അക്ഷയേച്ചി തീർത്തുതന്നു.ഓരോ ദിവസവും ക്ലാസ്സ് സെക്ഷൻ കൈകാര്യം ചെയ്യാൻ വന്ന അതിഥികൾ യഥാർത്ഥക്യാമ്പിന്റെ പ്രതീതിതന്നുകൊണ്ടാണ് തിരിച്ചുപോയത്.ഒരുപാട് ദൂരത്തിരുന്ന് നാടകക്കളരി വരെ തമ്മിൽ കാണാതെ സംവാദിച്ചുകൊണ്ടുമാത്രം ഞങ്ങൾ വിജയിപ്പിച്ചു.


ക്യാമ്പ് ഓർമകൾ പങ്കുവെക്കുവാൻ കോളജിലെ പൂർവ്വവിദ്യാർത്ഥികളും തിരക്കുകൾ മാറ്റിവെച്ച് ഞങ്ങളോടൊപ്പം കൂടി.അവസാന ദിവസം സെക്രട്ടറിമാരും ,എക്സിക്യൂട്ടീവ്സും,സായിഗീത മിസ്സും ധനരാജ് സാറും പ്രത്യേകമായി പരിപാടികൾ അവതരിപ്പിച്ചുകൊണ്ടാണ് ക്യാമ്പ് അവസാനിപ്പിച്ചത്. യഥാർത്ഥ ക്യാമ്പിലെന്ന പോലെ ഓരോ വളണ്ടിയേഴ്സും അവസാനനിമിഷത്തിൽ വാചാലരായി.

ഓൺലൈനിൽ പരിമിതമായ ചുറ്റുപാടുകൾക്കിടയിൽ ലഭ്യമായ സാങ്കേതങ്ങൾ ഫലപ്രദമായി ഉപയോഗിച്ചുകൊണ്ട് പരിപാടികൾ ഏറ്റെടുത്ത് വിജയിപ്പിക്കുന്നതിന് എത്രമാത്രം വെല്ലുവിളികളും ബുദ്ധിമുട്ടുകളും നേരിട്ടുണ്ടാകും എന്നത് ഊഹിക്കാവുന്നതിലും അപ്പുറത്താണ്. ഏഴു ദിവസം രാവും പകലും തുടർച്ചയായി ക്യാമ്പ് സംഘടിപ്പിക്കുന്നതിലും ഏകോപിക്കുന്നതിനും നേരിട്ട പ്രയാസങ്ങളെക്കുറിച്ച് തീരെ വിശദീകരിക്കേണ്ടി വരില്ല. ഈ ബുദ്ധിമുട്ടുകളൊക്കെ നേരിട്ട് കൊണ്ട് എൻ എസ് എസ് സെക്രട്ടറിമാരായ അച്ചുതേട്ടനും അക്ഷയേച്ചിയും, പ്രോഗ്രാം ഓഫീസർമാരായ സായിഗീത മിസ്സും ധനരാജ്സാറും എക്സിക്യൂട്ടീവ്സും ഞങ്ങളോടൊപ്പം എല്ലാ ഘട്ടത്തിലും കൂടെ ഉണ്ടായിരുന്നു. കൈവിട്ടുപോയ ഏഴു ദിവസത്തിന്റെ ഒത്തുചേരൽ സങ്കടമായപ്പോൾ അതിനേക്കാൾ മുകളിലായിരുന്നു മെയ്യുകന്ന് മനസടുത്തുള്ള ഞങ്ങളുടെ എൻ എസ് എസ് അനുഭവം ●

# പരിക്രമണം

ഗുരുപ്രിയ വിനോദ്
3rd ബി എ മലയാളം


മണ്ണിന്റെ ഹൃദയത്തിൽ
മഴ വരച്ചിട്ട കവിതകളാണ്
ഓരോ പുഴയും
അവയോരോന്നും ചേർന്ന്
ഒരു കടലാവുകയും
അതിലെ തിരയായി ,
പുഴ വിണ്ടും മണ്ണിനെ തേടി
അലയുകയും ചെയ്യുന്നു



# യക്ഷി

നന്ദന -ടി
ബി.എ ഹിസ്റ്ററി
മൂന്നാം വർഷം

മരണത്തിന് ശേഷവും അവളെ കൊല്ലുകയാണ് ഉണ്ടായത്,
കല്ലുവെച്ച നുണകളാണ് പറഞ്ഞ് പരത്തിയത്
ചോര കണ്ടാൽ തല കറങ്ങുന്നവളുടെ പ്രിയ പാനീയം അതു മാത്രമായി
ഒരിക്കൽ പോലും നഖങ്ങൾ നീട്ടി വളർത്താത്തവളുടെത് കൂർത്ത നഖങ്ങളായി
കടും നിറങ്ങളെ പ്രണയിച്ചവളെ
വെള്ള സാരിയുടെ അംബാസിഡറുമാക്കി
ഉയരത്തെത്തുമ്പോൾ കാല് വിറച്ചവളെ പനമരത്തിൽ കുടിയിരുത്തി
അവളുടെ കണ്ണിൽ കരുണയും കണ്ണീരും അല്ല
കനത്ത പകമാത്രമാണെന്ന് പച്ചകുത്തി!
മരണത്തിന് ശേഷവും അവളെ കൊല്ലുകയാണ് ഉണ്ടായത്!



# LGBT
## Queer-Society

Smruthi P Shaji
Ist BA English

LGBTQ+. This must be a term that most of us would have come across atleast once, especially recently. For the past few years social media has been flooded by campaigns, protests and supporting posts, all associated with LGBTQ+. Infact many of us would have al put up posts or stories about the same, withou even knowing what it really is. There are man



misinterpretations about this term, all because our society fails to consider this community one among ourselves. Even when we have such a community living right under noses, our society tends to make it seem like it doesn't exist. But with the rising voices of the LGBTQ+ community, and the society trying to silence them even more, it has become a necessity to properly understand the term.

LGBTQ+ stands for lesbian, gay, bisexual, transgender, queer and many other similar categories. For many years, people of these categories have been laying low, too scared to talk for themselves. The truth is, our society silenced them making them believe that it was a sin to be different from other people. A person's sexual interests or priorities are strictly his/her call to make. To think that our society tries to put their hands into that is highly disappointing. The most saddening part is that even in the 21st century, many people don't even consider people belonging to LGBTQ+ community as even humans. Many think it's a disease, and some others that it's something supernatural like being possessed by some spirit. All this is the result of one grave mistake of the society they still refuse to accept LGBTQ community as a community just like theirs.

In a place like India, it's almost a sin to be 'different' from others. I've heard many stories of children being thrown out of their houses by their own parents, when they come out saying that they belong to this community. It's not surprising that the society disregards them, considering the fact that their own parents couldn't accept their children for what they really are. How long will the society blame them for living as their true self?



**Many things have changed since they decided to raise their voices and fight for their rights, some of their biggest achievements being the laws that were passed to protect their rights and to ensure a safe, happy life. But this still doesn't change the fact that the society considers them as a joke**

Every citizen has the right to live as they like as long as it doesn't hurt anyone. It's a wonder how just the sight of anyone from this community living a happy and successful life hurts the society. Be it trains, buses, schools, offices or spiritual centres, people used to stare at them with so much hatred for too long that the stares started to pierce their souls and shred it to pieces. But it was perhaps these stares that gave them the power to gather their shredded pieces and glue them all together to make something so big; something that is not vulnerable to the society's opinions anymore.

Many things have changed since they decided to raise their voices and fight for their rights, some of their biggest achievements being the laws that were passed to protect their rights and to ensure a safe, happy life. But this still doesn't change the fact that the society considers them as a joke. Many people fail to realise that belonging to the majority doesn't give them an upper hand over the minorities. But while they are hellbent on criticising the community should be denied religious rights. It's just that people are so offended with the idea of the existence of a group different from theirs, that they try so hard to invoke feelings as strong as religion in people's mind to undermine the LGBTQ+ community. But ironically if we dig deeper, we can see traces of people belonging to this community in the Hindu holy book Mahabharata a character called Shikhandi. Shikhandi was born as a girl and was named



LGBTQ+ community, people belonging to this community continues to soar heights.

Religions have played a major role in undermining the LGBTQ+ community. Believers come up with arguments stating that the soul existence of this community is disrespectful to their religion. Just because such a group wasn't public at the time their holy books were written and because any trace of such a community is not mentioned in it, doesn't mean that such a

'Shikhandini'. Shikhandini was born female but considered male and was called Shikhandi later on. Shikhandi might infact be the first transgender ever in human history.

Even when a holy book such as the Mahabharata which traces back to being written as long ago as the 13th century BCE, mentions the existence of such a character, the society still seems to deny their existence. Queer society it is! ●





# കൊറോണക്കാലത്തെ കായികരംഗം


ശിൽപ
ഒന്നാം വർഷ എം.എ. ഇംഗ്ലീഷ്

മുൻപെങ്ങും കേട്ടിട്ടില്ലാത്ത തരത്തിലോ ശീലിച്ചിട്ടില്ലാത്ത വിധത്തിലോ ആണ് കൊറോണകാലത്ത് നാം ജീവിച്ചുകൊണ്ടിരിക്കുന്നത്. എടുത്തുവച്ചതെല്ലാം ഓരോന്നായി നഷ്ടപ്പെടുമ്പോഴും ആത്മവിശ്വാസം കൈവെടിയാതെ ഒന്നിൽ നിന്ന് തുടങ്ങാൻ ശ്രമിക്കുന്ന ലോകമാണ് നമുക്ക് മുന്നിലുള്ളത്. മാനവരാശി കണ്ടതിൽ ഏറ്റവും ഭയാനകമായ ഒരു വ്യാധി ചിന്തിക്കാൻ പോലും ഇടം നൽകാതെ പടർന്നുകൊണ്ടിരുന്നു. ജീവിതത്തിന്റെ വ്യത്യസ്ത തുറകളെ മുച്ചൂടും മുടിച്ചു കളഞ്ഞ ഒരു മഹാമാരിക്ക് ആളൊഴിഞ്ഞ മൈതാനത്തിന്റെ
കഥ കൂടി പറയാനുണ്ട്.
ലോകത്തിലെ കേളികേട്ട മൈതാനങ്ങൾ മുതൽ നാട്ടിൻ പുറത്തെ നിരവധി കളിസ്ഥലങ്ങൾ വരെ ആളൊഴിഞ്ഞ് ആരവങ്ങളൊഴിഞ്ഞ് കിടക്കുന്നതിന്റെ കഥ.

രണ്ടു വർഷം മുന്നേ അവസാന റൗണ്ടും പൂർത്തിയാക്കി




**ജീവിതത്തിന്റെ വ്യത്യസ്ത തുറകളെ മുച്ചൂടും മുടിച്ചു കളഞ്ഞ ഒരു മഹാമാരിയിക്ക്ആളൊഴിഞ്ഞ മൈതനത്തിന്റെ കഥ കൂടി പറയാനുണ്ട്..... ലോകത്തിലെ കേളികേട്ട മൈതാനങ്ങൾ മുതൽ നാട്ടിൻ പുറത്തെ നിരവധി കളിസ്ഥലങ്ങൾ ആളൊഴിഞ്ഞ് ആരവങ്ങളൊഴിഞ്ഞ് കിടക്കുന്നതിന്റെ കഥ.**



ഓരോ കളിക്കളങ്ങളും ആളൊഴിയുമ്പോൾ അതൊരു അനിശ്ചിത കാലത്തേക്കുള്ള അടച്ചുപൂട്ടലായിരിക്കുമെന്ന് ആരും നിനച്ചിരുന്നില്ല. തങ്ങളുടെ രാജ്യത്തെ ലോകത്തിന്റെ നെറുകയിൽ എത്തിക്കുന്ന നേട്ടങ്ങൾ സമ്മാനിക്കാൻ ഓരോ കായിക താരവും വർഷങ്ങളുടെ പരിശ്രമങ്ങളിൽ കാത്തുവച്ച കഴിവുകൾ ഒരൊറ്റ നിമിഷം കൊണ്ട് തകർത്തെറിയപ്പെടുകയായിരുന്നു. ഗ്രാൻഡ് സ്ലാം കിരീട മത്സരങ്ങൾ പലതും മാറ്റിവെക്കപ്പെട്ടു. യോഗ്യത മത്സരങ്ങളിൽ പോലും പങ്കെടുക്കാനാവാതെ പല രാജ്യങ്ങളും തോറ്റുമടങ്ങി. രാജ്യാന്തര മത്സരങ്ങളിൽ മികവ് തെളിയിച്ച പല താരങ്ങളും മത്സരങ്ങളോ ചിട്ടയായ പരിശീലനങ്ങളോ ഇല്ലാത്തതിനാൽ കായികലോകത്തോട് തന്നെ വിട പറഞ്ഞു. ചിലർ രോഗത്തോടും ജീവിതത്തോടും പൊരുതി സ്വപ്ന നേട്ടങ്ങൾക്കായി കാത്തിരുന്നു. മറഡോണയെയും മിൽഘാ സിംഗിനെയും പോലെ ലോക കായികചരിത്രത്തിന്റെ നാഴികകല്ലുകളായ പലരെയും നമുക്ക് കൊറോണ കാലത്ത് നഷ്ടമായി. രവീന്ദ്ര പാൽ സിംഗിനെയും ഷൂട്ടർ ചന്ദ്രോ തോമർനെയും പോലെ നിരവധി പേരെ കോവിഡ് കവർന്നെടുത്തു. കേരളത്തിന്നഷ്ടമായത് മുൻകാല ഫുട്ബോൾ കളിക്കാരനും സന്തോഷ്ട്രോഫി ടീം അംഗവുമായിരുന്ന ഹസകോയ എന്ന കായികതാരത്തെ കൂടിയായിരുന്നു.

പക്ഷെ ഏത് കെട്ടകാലത്തും ചിതലെടുക്കാത്തത് തന്നെയാണ് ഒരു കായിക താരത്തിന്റെ മനോവീര്യം എന്ന് തെളിയിക്കുന്നതായിരുന്നു അവസാന വർഷം എന്ന് പറയാതിരിക്കാൻ വയ്യ. കാണികളും ആരവങ്ങളുമില്ലെങ്കിലും IPL വേദികൾ ഉണർന്നു. വീട്ടിലിരുന്നു ആർപ്പുവിളിക്കുന്നവർക്ക് വേണ്ടി അവർ സിക്സറുകൾ പായിച്ചു. കോഹ്ലിയും പടയും ഏകദിന മത്സരങ്ങളിൽ കൊറോണയുടെ മിഡിൽ സ്റ്റമ്പ് തന്നെ എറിഞ്ഞ് വീഴ്ത്തി. ലാറ്റിൻ അമേരിക്കൻ ഫുട്ബോൾ ചരിത്രത്തിലെ



തന്നെ തീരാനൊമ്പരമായിരുന്ന മെസ്സിയും പിള്ളേരും ലോകത്തെ തന്നെ വെല്ലുവിളിച്ചു കോപ്പ കപ്പ് സ്വന്തമാക്കി. ഫുട്ബോൾ വേദികളിൽ വിസ്മയിപ്പിക്കുന്ന ഷോട്ടുകളും റെക്കോർഡുകളും ഉയർന്നു. എണ്ണം പറഞ്ഞ കളികൾ ഇനി വരാനിരിക്കുന്നു. ലോകത്തിലെ തന്നെ ഏറ്റവും വലിയ കായിക മാമാങ്കവും അരങ്ങേറിയത് ഈ കൊറോണകാലത്ത് തന്നെയായിരുന്നു. ഇന്ത്യയുടെ
ഏറ്റവും മികച്ച മെഡൽ നേട്ടങ്ങളിൽ ഒന്നായി ടോക്കിയോ ഒളിപിക് രേഖപ്പെടുത്തി. അത് ലറ്റിക്സിലെ ആദ്യ മെഡൽ നേടുന്ന താരമായ നീരജ് ചോപ്ര എറിഞ്ഞു വീഴ്ത്തിയത് സ്വർണ പതക്കം തന്നെയായിരുന്നു. കൂടാതെ സിന്ധുവും മീര ബായ് ചാനുവും എല്ലാം ഇന്ത്യയുടെ കായിക പ്രതീക്ഷകളെ ഈ നശിച്ച കാലത്തും തോളിലേറ്റി.

കൊറോണയെ പൂർണമായും അവഗണിച്ചുകൊണ്ടുള്ള ഒരു ഒളിപികസ് മാത്രമായിരുന്നില്ല അത്. കൃത്യമായ നി രീക്ഷണങ്ങളി ലൂടെയും പരിശോധനകളിലൂടെയും അന്നുവരെ കിട്ടിയില്ലാത്ത സു രക്ഷാമാനദണ്ഡങ്ങൾക്ക് കീഴിലായി രുന്നു ഓരോ മത്സരങ്ങളും നടന്നത്. രോഗം പടരാതിരിക്കാനും പടർത്താതിരിക്കാനും ടോക്കിയോ ഗവൺമെന്റ് അതീവ സുരക്ഷയൊരുക്കി. എങ്കിലും നവോമി ഓസക്കയെയും സൈമൺ ബിൽസ് നെയും പോലുള്ള അത്യു ഗ്രൻ താരങ്ങൾക്ക് മാനസികാരോഗ്യം മോശമായതിനാൽ
കളിയിൽ നിന്ന് പിന്മാറേണ്ടി വന്നു.
ഏത്ര പ്രതിരോധിച്ചാലും കൊറോണ ചിലപ്പോൾ എങ്ങനെയൊക്കെയോ നമ്മെ കീഴ്പ്പെടുത്തികൊണ്ടിരുന്നു ..

ലോക വേദികൾ മാത്രമല്ല, കേരളത്തിലെ കൊച്ചു കൊച്ചു മൈതാനങ്ങൾ വരെ കൊറോണയുടെ
പിടിയിലായിരുന്നു. എന്നാൽ താഴ് വീണ കളിക്കളങ്ങൾ ഇന്ന് ഉണർന്നെഴുന്നേൽക്കുകയാണ്. ഒളിപിക്സിലെ മിന്നും നേട്ടങ്ങൾ പ്രതീക്ഷ നൽകിയ ഒരു പറ്റം യുവ കായികതാരങ്ങൾ ഇനി മുടങ്ങാതെ പരിശീലനത്തിനെത്തിച്ചേരും. അവർ വീര്യം ചോരാതെ കളിച്ചു നേടുന്ന ഓരോ വിജയവും ഈ പ്രതിസന്ധി കാലഘട്ടത്തെ തുഴഞ്ഞു നീങ്ങാൻ നമ്മെ പ്രാപ്തരാക്കും. ●

# It's About The PANDEMIC


Arddra A J
Ist BA English




The world has been going through an air of confusion and panic for the past one and a half years. Everything caused by a small virus. Small, but the intensity of the chaos it created in people's lives is inexplicable. The government and the health workers are functioning day and night to find a way out of this. Everybody has been equally affected in this pandemic, but the most vulnerable groups are students and daily wage workers, kids

with special needs and underprivileged children. They are the most affected due to this situation. But one should also look at the bright side of getting time for being at home and to enjoying ' me time'.

In December 2019, a number of pneumonia cases were reported in the city of Wuhan in China. Investigations revealed that the disease was caused by a newly discovered virus called Covid 19 virus. Within no time it spread to all parts of China and the rest of the world. On 30th



January 2020, WHO declared the outbreak a public health emergency of international concern. Other types of corona virus were also reported in previous years in China and Saudi Arabia but the situation hadn't been this severe. There were tonnes of assumptions and rumours flying around regarding the origin of Covid 19. There were reports that the virus had originated from a seafood and live animal market in Wuhan. There were also reports that it had




been created in a genetic lab in Wuhan as a biological weapon.

Towards the middle of 2020, everyone became quite used to many terms which none of us had ever thought we actually would. Quarantine, curfew, social distancing, containment zone, etc. became quite the catchwords. It was also an opportunity to know people's real character, whether they would be there for you when you really needed them. We also witnessed how so many humans came together during this hard time and helped each other.
Surely there has been massive improvement in technology in a year. Now there is internet connection in practically every house. It was also a time of realisation of how powerful the artificial intelligence is. Noone would ever have thought that the whole world would shut down for a year and more. Schools, meetings, marriage functions and even funerals are now attended virtually. People got to explore more about the opportunities that the world gave us. Many people could find spare time to nurture their talents and discover interesting things.


The underprivileged people and daily



wage workers were the hardest hit during this period. Most of them lost their jobs. Children couldn't afford to buy phones or internet connection to study. The government has done well in providing them with such facilities in all possible ways and it has really helped tackle the troublesome situation. Some of the private sector workers are also getting allowances and financial support from their companies. However there were some people also who suffered silently and went unnoticed.
A decline in financial status has been observed in many countries due to the pan-

demic. Since everybody had been working hard on finding a cure for this virus and treating the affected ones, the money that had to be spent on other needs was spent on vaccines and hospital requirements. This financial crisis would eventually effect other sectors of the country too. Other affected sections include tourism, schools etc. Students missed a year in one of the most important periods of their life. They are confined to their houses, deprived from socialising, stuck with their phones, attending classes without even meeting their classmates. The situation got worse when some of them even slipped into depression. They fail to find the meaning in their lives, haunted by the uncertainty of where life is taking them, struggling to find





a way out of the conflict between meaning and reality.

The virus seems like it just doesn't want to leave. Every time, it looks like it's gone, it returns more fatal, in its mutated form. The only thing that can be done is being more careful, and not being carefree that it ain't gonna affect you. The little things that each one of you do helps to fix the puzzle. Do not think that what you do is insignificant, because it's always the little things that matter and make big changes. Find a way to keep yourself motivated. Working out from home is one of the ways to do it. A fit mind will dwell only in a fit body. Finding out your passion and using this time to work towards it will in fact be the best thing to do.

The belief that everything will go back to normal is what gets us through this hard time. Just think that it's a sign of the times. ●

# Mutter

Adheena
3rd B.Sc Chemistry

Sie ist wie Regenbogen
Sie hat viele Ferben in ihren Leben
Sie ist Stark
Sie ist furchtlos
Sie kümmert sich
Sie liebt
Sie hat verschiedene Emotionen
Wie die Farben der Regenbogens
die wilde Sie, beschützt mich
Die liebenende frau, füttert mich
Sie entwickelt sich wie eine helle sonne
Wie sich der Regenbogen entwickett
nach jeden regnerischen wetler
und ich rufe sie an
meine Mutter



വര: അലൻ ട്രീസ സേവ്യർ

# Random Musings

Gopikrishna
IIIBA English




A bed... spread with blood
The first time she had shed
The house filled with whispers
And in Amma's hand a Whisper
Noone allowed inside
How long can it be pushed aside?
It's time, to say aloud
I'm on my PERIOD

...............

Between us a...something
But literally...nothing
Something divine...
A tickle in the spine
Something of a spark
Even in the dark
It makes me insane
An electric storm in my brain
You made my heart rise
You made my blood race
Now...all gone
All has flown
My heart still clinging on
Until I can move on

...............

All was good
Until they misunderstood -
When she left
He accused her of theft
Whatever tore them apart
No matter. A piece of his heart
Stolen away forever
He in her
And she in him.



വര: അലൻ ട്രീസ സേവ്യർ

# 2 സ്വപ്നങ്ങൾ

നിള

2nd BSc Chemistry


ശ്വാസം മുട്ടുന്നു. പോകണം. ഇനി ഇവിടെ ഒന്നിനുവേണ്ടിയും നിൽക്കണ്ട- ഞാൻ വീട്ടിലേക്കു വരികയാണ്,എനിക്കിവിടെ നിൽക്കണ്ട. ഇപ്പോൾ തന്നെ പുറപ്പെടും , മറുപടി വാക്കുകൾക്ക് കാത്തുനിൽക്കാതെ ഹോസ്റ്റൽ വാർഡന്റെ ചോദ്യങ്ങൾക്കു ഉത്തരം നൽകാതെ ഫോൺ സ്വിച്ച് ഓഫാക്കി അവൾ മുറിയിലേക്ക് പോയി. ബാഗിൽ എന്തൊക്കെയോ നിറച്ചു മുറി യടച്ചു ഇറങ്ങി. വീട്ടിലേക്കു പോകുന്നു  എന്നാരെയും അറിയിക്കേണ്ടതില്ല. അല്ലെങ്കിൽ തന്നെ അവളെ കേട്ടിരുന്ന ചെവികൾ അവിടെ ഉണ്ടാ യിരുന്നില്ല. ആ സ്ഥലം ഒരു  വിഖ്യാത സാഹിത്യകാരന്റെ സങ്കല്പ നഗരത്തെ ഓർമിപ്പിച്ചു.

മുകളിലത്തെ നിലയിൽ നിന്നുള്ളവരുടെ നോട്ടം തന്റെമേൽ പതിക്കുന്നതായി അവൾക്കു തോന്നി. മഴ വരാൻ പോകുന്നു, സിവിൽ സർവീസ് ഇൻസ്റ്റിറ്റ്യൂട്ടിലെ ഒരു യുവാവ് അത് പറഞ്ഞു ലൈബ്രറി കെട്ടിടത്തിലേക്കു കയറി. ശരിയാണ് അവളുടെ ഉള്ളിലും കാർമേഘം ഉരുണ്ടു കയറി. കാലടികൾക്ക് പതിവിലും വേഗതയുടെ കാരണം വീട്ടിലെ സ്നേഹ മുഖങ്ങളെ കാണാൻ ഉള്ള ധൃതി എന്നതിലുമുപരി ആ സ്ഥലവും ആളുകളിലും നിന്നുമുള്ള ഒളിച്ചോട്ടം ആണ്. ചില ഉത്തരങ്ങൾ തേടി.

യാത്രകളെ ഇഷ്ടപ്പെട്ടിരുന്ന അവൾക്ക് പഠന തിരക്കുകൾക്കിടയിൽ അതിനെ സ്നേഹപൂർവ്വം നിരസിക്കേിവന്നു. അങ്ങനെ 2 വർഷത്തിൽ എന്തൊക്കെയാണ് ഹോമിച്ചത്.
സ്വപ്നങ്ങൾ , ആഗ്രഹങ്ങൾ എന്നിവയെല്ലാമാണ് ആ ത്യാഗത്തിന് അവളെ പ്രേരിപ്പിച്ചത്. പക്ഷെ എല്ലാം ഇപ്പോൾ നഷ്ടപ്പെട്ടു. ആരുടെയൊക്കെയോ ക്രൂരമായ പ്രവർത്തികൾ, വാക്കുകളി ൽ മനസ്സ് മുറിവേറ്റിരുന്നു. വിങ്ങിപൊട്ടാനല്ലാതെ ഇപ്പോൾ അവൾക്കു ഒന്നും അറിയില്ല.

ഒരു ചെറിയ അശ്രദ്ധ മതി ജീവിതം അവസാനിക്കാൻ – ബസ്റ്റാന്റിലെ ടീവിയിൽ പരസ്യവാചകം ആർക്കോ വേണ്ടി പറഞ്ഞു പോയി. അല്ലങ്കിൽ തന്നെ ജീവിതം അവസാനിപ്പിക്കാൻ കൊതിക്കുന്ന ഒരാൾക്ക് എത്ര ശ്രദ്ധ ഉണ്ടായാലും അത് നടന്നു എന്നു വരില്ല. 5 മിനുട്ടിനുള്ളിൽ വൈറ്റില ബസ്സ് വരും.
എനിക്ക് ഭ്രാന്ത് വരും! വരുമെന്നല്ല വന്നു കഴിഞ്ഞിരിക്കുന്നു. ഒന്നും പഠിക്കാൻ വയ്യ. ആരോടും ഒന്നും പറയാൻവയ്യ, പറഞ്ഞാൽ തന്നെ അത് മനസിലാക്കാൻ പറ്റുന്നില്ല. എൻട്രൻസിന് പോകുന്ന ആദ്യത്തെ കുട്ടിയല്ല ഞാൻ, പക്ഷെ എല്ലാവരും അല്ലെങ്കിൽ ചിലരെങ്കിലും എന്റെ പ്രശ്നം അനുഭവിച്ചിട്ടുണ്ടാവും. സാഹചര്യങ്ങൾ ഒക്കെ തന്നെ എനിക്ക് എതിരാണ്. ഈ ലോകം എന്റേതല്ല.
ബസ് സ്റ്റാൻഡിൽ ഒരു വശത്തു നിന്ന് ചിരിച്ചും, കരഞ്ഞും,അലറി വിളിച്ചും വയസ്സായ ഒരു ഭ്രാന്തി നടക്കുന്നു.
ഭ്രാന്തിയായിരുന്നെങ്കിൽ തനിക്കും ഇത് പോലെ പെരുമാറാം. എല്ലാം ശരിയാകും എന്നത് ഇന്നൊരു പരസ്യ വാചകമായി മാറിയത് കൊണ്ടാവാം, ഇപ്പോൾ അത് കേട്ടാൽ തന്നെ ഒരു വിശ്വാസകുറവാണ്.

ബസ്സു വന്നു. അതിലേക്ക് ഓടികയറിയപ്പോൾ മഴ ആർത്തു പെയ്യാൻ തുടങ്ങി. എന്തായാലും ബസ്സിനുള്ളിലെ ഇരുട്ടും, മഴയും അവൾക്ക് കരയാനായി അവസരമൊരുക്കി.
ബസ്സ് മുന്നോട്ട് പോയി നഗരപ്രാന്തം വിട്ടു എന്നു തോന്നിയപ്പോൾ ജനാലയുടെ ഷട്ടർ പൊക്കി. ചാറുന്നുണ്ട് , പിറകിൽ നിന്നാരോ പറഞ്ഞു. തണുത്ത കാറ്റ് അവളുടെ മുഖത്തിലേക്കു അടിച്ചു. അതിനെ ആർത്തിയോടെ അവൾ ശ്വസിച്ചു. പിന്നോട്ടേക്ക് ഓടുന്ന ജാതിമരങ്ങളും, കുതിച്ചൊഴുകുന്ന നീർച്ചാലു കളോ



വര: അലൻ ട്രീസ സേവ്യർ

അവളുടെ കണ്ണിനു കുളിർമ നൽകിയില്ല. എല്ലാം ഉപേക്ഷിച്ചു ഈ അധ്യായനത്തിലെ ബാക്കി ദിവസങ്ങൾ സമാധാനത്തോടെ തീർക്കണം.അപ്പോളാണ് മഴ വീണ്ടും ശക്തി പ്രാപിച്ചത്. ഠപ്പ് ഠപ്പ് ഷട്ടറുകൾ വീണു. ബസ്സിനുള്ളിൽ ലൈറ്റുകൾ തെളിഞ്ഞു.
ആർക്കും മുഖം കൊടുക്കാതെ ഇരുന്ന അവൾ അടുത്തിരുന്ന സ്ത്രിയെ ശ്രദ്ധിച്ചു. യുവതികളുടെ വേഷധാരണം ആണെങ്കിലും അവരുടെ ചർമം കണ്ടാൽ പ്രായം തോന്നിച്ചു. അതിപ്പോൾ തന്റെ കാലും അങ്ങനെ തന്നെ അല്ലെ എന്ന് അവൾ മനസ്സിൽ ഓർത്തു. റോഡിൽ മരം വീണു ബസ്സു നിർത്തിയിട്ടു. ആ സ്ത്രീ പുറത്തേക്കു നോക്കാൻ കൊതിച്ചു അവൾ അത് കൊണ്ട് ഷട്ടർ പൊക്കി നോക്കി. കൂത്താട്ടുകുളം എത്തിയില്ല, ഭാഗ്യം അവർ സ്വയം പതിഞ്ഞ സ്വരത്തിൽ പറഞ്ഞു.
അവൾ അവരോടു ചോദിച്ചു, കൂത്താട്ടു കുളത്താണോ ഇറങ്ങുന്നത്.
അതെ പക്ഷേ ഒരു സ്റ്റോപ്പ് മുൻപിൽ ആണ്.
പാലയിൽ നിങ്ങളെന്തു ചെയ്യുന്നു അവൾ ചോദിച്ചു.
ഞാൻ നേഴ്സ് ആണ് ജർമനിയിൽ പോകണം. അതിനുവേണ്ടി ബ്രിഡ്ജ് കോഴ്സ്നു വന്നതാ.
അതെ ചോദ്യം ആ സ്ത്രീയും ആവർത്തിച്ചു. റിപീറ്റ് ചെയ്യുന്നു മെഡിക്കൽ എൻട്രൻസിനു.
ഈ മെഡിക്കൽ എൻട്രൻസ് ബുദ്ധിമുട്ടാണോ? കൗതുകത്തിൽ അവർ ചോദിച്ചു.
ബുദ്ധിമുട്ടുണ്ടോ എന്നു ചോദിച്ചാൽ ഇല്ല ചെറിയ ബുദ്ധിമുട്ടാണ്.
എന്റെ മകൾ ഹ്യുമാനിറ്റീസ് ആണ് അവൾക്കു പ്ലസ് വണ്ണിന് ഫുൾ മാർക്ക് ആയിരുന്നു.
പ്ലസ് വണ്ണിന് പഠിക്കുന്ന കുട്ടിയുടെ അമ്മയാണ് അപ്പോൾ തന്റെ മുന്നിലുള്ളത് കണക്കുകൂട്ടലുകൾ തെറ്റിയില്ല.
എന്തൊക്കെയോ വ്യക്തത കുറവ് ഉള്ളത് പോലെ അവൾ അവരെ നോക്കിയിരുന്നു. ഒരുപക്ഷെ അതുകൊണ്ടു തന്നെയാവം അവർ പിന്നെ സംസാരിച്ചു തുടങ്ങിയത്.
ഞാൻ സൗദിയിൽ 12 വർഷം നേഴ്സ് ആയി ജോലി ചെയ്തു. ഇപ്പോൾ അവിടെ നിന്ന് എക്സിറ്റ് അടിച്ചു നാട്ടിൽ വന്നു. നഴ്സിംഗ് അവസാന വർഷം ആണ് കല്യാണം കഴിഞ്ഞത്. ഇപ്പം 2 മക്കളുണ്ട് ഒരാൾ പ്ലസ് വണ്ണിലും മറ്റേ ആൾ 2 ലും. ജർമ്മനി യിൽ നേഴ്സ് ആയി ജോലി ചെയ്യണം എന്നത് എന്റെ സ്വപ്നം ആയിരുന്നു. പക്ഷെ ചില ബുദ്ധിമുട്ടുകൾ വഴിയിൽ വന്നതുകൊണ്ടാവാം ഇത്രയും കാലമെടുത്തു.
സ്വപ്നം– അതാണ് എന്നെയും നിങ്ങളെയും ഈ ബസ്സിൽ എത്തിച്ചത്. അവൾ ഓർത്തു.
ഇവിടെ താമസിച്ചു പഠിക്കുകയാണോ,നഴ്സിംഗിനും ജർമൻ ഭാഷ പഠിക്കണം എന്നു കേട്ടിട്ടുണ്ട് അതിനാണോ ഇവിടെ നില്കുന്നത് ?
ചെറുചിരിയോടെ അവർ പറഞ്ഞു, അതെ.പക്ഷെ ഒ... ഇപ്പം പഠിച്ചെടുക്കാൻ സമയം പിടിക്കുന്നുണ്ട്. കൊച്ചുപിള്ളേരുടെ കൂടെയാണ് ഇപ്പോൾ പഠിക്കുന്നെ അവർ ചിരിച്ചു.
പക്ഷെ എന്തും പിടിച്ചു കിഴ്പെടുത്തും എന്ന ആത്മവിശ്വാസം ആ കണ്ണുകളിൽ ഉണ്ടായിരുന്നു. പ്രായത്തിനെ തോല്പിക്കുന്ന ചെറുപ്പം ബസ്സ് സംസാരത്തിനിടയിൽ കൂത്താട്ടുകുളത്തിനടുത്തെത്തി അവർ യാത്ര പറഞ്ഞിറങ്ങി.
എന്നെങ്കിലും എവിടെ വെച്ചെങ്കിലും കാണാം. ചിലപ്പോൾ ഇയാൾ ഡോക്ടർ ആവുമ്പോൾ ഞാൻ നേഴ്സ് ആയി വന്നാലോ .
പുറത്തു റോഡരികിൽ ഒരാൾ കുടപിടിച്ചു നിൽക്കുന്നുണ്ടായിരുന്നു. അവർ ആ കുടയിലേക്ക് കയറി,നടന്നകന്നു.

പിന്നീട് അവൾ ആഗ്രഹങ്ങളെയും സ്വപ്നങ്ങളെയും കുറിച്ച് ആലോചിച്ചു. സമ്മർദ്ദങ്ങളിൽ അത് വിടാതെ പിടിച്ച ആ സ്ത്രീയെയും. മൊബൈൽ സ്വിച്ച് ഓൺ ചെയ്തു. വീട്ടിലേക്കു വിളിച്ചു.

മഴ തോർന്നു. ബസ്സ് പിറവം എത്തി. അസ്തമയത്തിൽ തിളങ്ങി നിൽക്കുന്ന ആ പഴയ പള്ളിയെ നോക്കി അവൾ യാത്ര തുടർന്നു. ●

# പെൺ ഭ്രൂണങ്ങൾ പൂക്കുമ്പോൾ

അലൻ ട്രീസ സേവ്യർ
ഒന്നാം വർഷ എം എ മലയാളം




മനുഷ്യശരീരം എക്കാലത്തും പൂർണമായി സ്വതന്ത്രമല്ല. സ്ത്രീശരീരത്തിന്റെ കാര്യത്തിലാകുമ്പോൾ ഇച്ഛ, തിരഞ്ഞെടുപ്പ്, വസ്ത്രധാരണം ലൈംഗികത തുടങ്ങിയ മേഖലകളിലേക്ക് ഈ പൊതുബോധത്തിന് കണ്ണുകൾ നീണ്ടു ചെല്ലുന്നു. ഓരോ സ്ത്രീക്കും തന്റേതായ ഒരിടം നിർമ്മിച്ചെടുക്കുന്ന പ്രക്രിയയിൽ സമൂഹത്തോടുള്ള നിരന്തര കലഹങ്ങളും സമരങ്ങളും ഏറ്റെടുക്കേണ്ടി വരുന്നുണ്ട്. ഈ സമര കലഹങ്ങളുടെ പല ഘട്ടങ്ങളിലും ഉയർന്നുവരുന്ന പലതരം ഭീതികളുണ്ട് ഈ പേടികളിലാദ്യം ശരീരത്തെക്കുറിച്ചുള്ള ഭയം തന്നെയാണ് ചർച്ച ചെയ്യേണ്ടത്. ആക്രമിക്കപ്പെടാൻ സാധ്യതയുള്ള ഒന്നായി ചില സ്ത്രീകളെങ്കിലും തങ്ങളുടെ ശരീരത്തെ കാണുന്നുണ്ട്. ശാരീരിക പീഡനത്തിനുശേഷം പെൺകുട്ടികൾ ആത്മഹത്യ ചെയ്യുന്നതിനും സ്വയം ഉൾവലിഞ്ഞു പോകുന്നതിനും കാരണം എന്താ



നഷ്ടപ്പെട്ടു എന്ന തോന്നലാണ്. ഒരു പെൺകുട്ടിയെ സംബന്ധിച്ചിടത്തോളം അവൾ അച്ചടക്കമുള്ളവളാകണം അമ്മയാകേണ്ടവളായതിനാൽ മാതൃകയാവണം. പതുക്കെ സംസാരിക്കണം തുടങ്ങി അടക്കം കെട്ടുന്ന നിയമങ്ങളെ അവൾ പാലിക്കേതുണ്ടോ. ഇത്തരത്തിൽ സമൂഹം ആഴത്തിൽ കുത്തിയിറക്കുന്ന നിയമങ്ങളി ൽ ഒന്നുമാത്രമാണ് ഭയം എന്നത്. സ്ത്രീകളുടെ രണ്ടാം ലിംഗപദവിക്ക് മതാനുഷ്ഠാനങ്ങളുടേയും മതസാഹിത്യത്തിന്റെയും പങ്ക് ചെറുതല്ല. ലോക ചിന്തയെതന്നെ ഗണ്യമായി സ്വാധീനിച്ചിട്ടുള്ള ക്രൈസ്തവ ശാസ്ത്രത്തിന്റെ ഒരു പ്രധാന മേഖലയാണ് മതസാഹിത്യ കൃതികൾ. മതം സ്ത്രീയോട് പുലർത്തുന്ന വിവേചനങ്ങൾ മതസാഹിത്യത്തിലൂടെ ഉത്പാദിപ്പിക്കപ്പെടുകയും പുനരുത്പാദിപ്പിക്കപ്പെടുകയും ചെയ്യുന്നുണ്ട്. ബൈബിളിൽ ക്രിസ്തു സ്ത്രീകളോട് അനുഭാവപൂർണമായ നിലപാട് പുലർത്തുമ്പോഴും മതസാഹിത്യങ്ങളിലെ വ്യാഖ്യാനങ്ങളിൽ ഇത് തമസ്കരിക്കപ്പെടുകയാണ് പതിവ്. നിലവിലിരിക്കുന്ന ആത്മീയമൂല്യങ്ങളും ആത്മീയസംവിധാനങ്ങളും ആരുടെ സഹായത്തിന് വേണ്ടിയുള്ളതാണ് എന്ന ചോദ്യം സ്ത്രീകൾക്കിടയിൽ ഇന്നും സജീവമാണ്.

മരണത്തേക്കാൾ തീവ്രമായ സ്നേഹത്തെക്കുറിച്ച് ബൈബിളിലെ ഉത്തമഗീതത്തിൽ പാടുന്നുണ്ട്. അത്തരമൊരു സ്നേഹത്തിലേക്ക് ഉണർന്ന മനസ്സായിരുന്നു മഗ്ദലേനിലെ മറിയത്തിന്റേത്. "സ്ത്രീയേ നീ

"എന്തിനാണ് കരയുന്നത്?" എന്ന ക്രിസ്തുവിന്റെ ചോദ്യത്തിന്, പുരുഷന്റെ കണ്ണീരിന് എണ്ണിയെടുക്കാനാകുന്ന ഏതാനും കാരണങ്ങളേ ഉണ്ടാവൂ. സ്ത്രീയുടേതാകട്ടെ എണ്ണിയെടുക്കാൻ ഒരു കാരണം പോലുമില്ലാത്ത വിധത്തിൽ അത്രമേൽ സങ്കീർണമാണ്.

സ്ത്രീയായും മൃഗമായും തന്നെ സൃഷ്ടിക്കാത്ത ദൈവത്തിനു സ്തോത്രം എന്ന് പറഞ്ഞുകൊണ്ടാണ് ക്രിസ്തുവിന്റെ കാലത്ത് ഒരു യഹൂദപുരുഷന്റെ പ്രഭാതപ്രാർത്ഥന ആരംഭിക്കുന്നത്. പൊതുസ്ഥലത്തു വെച്ച് സ്ത്രീകളുമായി സംസാരിച്ചുകൂടാ എന്ന് റബ്ബികളെ നിയമം വിലക്കിയിരുന്നു. ക്രിസ്തുവാകട്ടെ അവളെ അവളുടെ മഹത്വത്തിന്റെ അവബോധങ്ങളിലേക്ക് വീണ്ടെടുത്തു.

'ഓടിക്കൊണ്ടിരിക്കുന്ന സ്ത്രീ' എന്ന കഥയിൽ ഘടികാരത്തെ തോൽപ്പിക്കാനവൾ ഓടിക്കൊണ്ടിരിക്കുകയാണെന്ന് എഴുതപ്പെട്ടിരിക്കുന്നു. കിടപ്പറയിൽ നിന്ന് അടുക്കളയിലേക്ക്, ജോലിസ്ഥലത്തേക്ക്, ചന്തയിലേക്ക്, ഒടുവിൽ ഒരനുഷ്ഠാനം പോലെ മടുപ്പിക്കുന്ന രതിയിലേക്ക്. അവളുടെ വിശ്രമത്തെക്കുറിച്ച് ആരും ആരായുന്നില്ല. ഭൂമിയിലെ എല്ലാ ദുഃഖവും ഈ ശില്പത്തിൽ എന്നിഭവിക്കുന്നു. ഭൂമിയിലെ എല്ലാ ആസുരതകളുടെയും ഒടുവിലത്തെ ഇര സ്ത്രീയാണ്.

കുടുംബം

വ്യക്തിജീവിതത്തെ സമൂഹവും സമുദായവുമായി ബന്ധിപ്പിക്കുന്ന ഏറ്റവും ശക്തമായ കണ്ണി കുടുംബമാണ്. കണക്കുകൾ നോക്കിയാൽ കാണുന്ന പ്രകടമായ ഒരു കാര്യം സ്ത്രീ സാക്ഷരതയും സ്ത്രീ പുരുഷാനുപാതവും ഏറിയിരിക്കുന്ന കേരളത്തിലാണ് സ്ത്രീപീഡനവും ഏറുന്നത്. സമൂഹത്തെ മൊത്തത്തിൽ ബാധിക്കുന്ന പ്രശ്നമാണിതെല്ലാം. പെൺകുട്ടിയെ ഭാരമായി കാണുന്ന മനോഭാവം സ്വന്തം വീട്ടുകാർക്കിടയിൽ ഉണ്ടാകാൻ ഇടയാക്കുന്നു എന്നതാണ് സ്ത്രീധനം ഉണ്ടാക്കുന്ന ഏറ്റവും വലിയ വിപത്ത്. പെൺകുഞ്ഞ് ഉണ്ടാകുന്ന ദിവസം മുതൽ അവളുടെ കല്യാണം ഒരു പേടിസ്വപ്നമായി രക്ഷിതാക്കളുടെ ഉറക്കം കെടുത്തുന്നത് ഈയൊ രു വിപത്തുമൂലമാണ്. പക്ഷേ വിവാഹവും അതിനോ ടനുബന്ധിച്ചുള്ള ചടങ്ങുകളും പഴയതിനെക്കാൾ വലിയ ആഘോഷമായി തിരിച്ചുവരികയാണ്. ഇവിടെ മതസാമുദായിക ശക്തികൾ ഇതിനെതിരായി നിലകൊള്ളേണ്ടവരാണ്. പക്ഷേ, അവിടെ അവരാണ് എല്ലാം വഷളാക്കുവാൻ മുൻകൈയെടുക്കുന്നത്. സാമുദായിക നേതൃത്വങ്ങൾക്ക് എന്തെല്ലാം കാര്യങ്ങൾ ഇക്കാര്യത്തിൽ ക്രിയാത്മകമായി ചെയ്യാവുന്നതാണ്. നവോത്ഥാനകാലത്ത് അവരായിരുന്നു എല്ലാ പരിഷ്കരണ പ്രസ്ഥാനങ്ങൾക്കും മുൻകൈ എടുത്തിരുന്നത്. ഇന്ന് സാമൂഹിക വിപത്തുകളെല്ലാം അവരുടെ നേതൃത്വത്തിലാണ് ആഘോഷമായി തിരികെ വരുന്നത്. പണമുള്ളവർ ആഘോഷത്തിനുവേണ്ടി തുടങ്ങിവയ്ക്കുന്ന പല ചടങ്ങുകളും പിന്നീട് ആചാരമാവുകയും അതൊക്കെ ഒപ്പിച്ചെടുക്കാൻ പാവങ്ങൾ കഷ്ടപ്പെടുകയുമാണ്. വിവാഹധൂർത്ത് അനുവദിക്കുകയില്ലെന്ന് സമുദായ സംഘടനകൾ കർശനമായി നിർദ്ദേശിച്ചാൽ നമ്മുടെ സാധാരണക്കാരായ മനുഷ്യർക്ക് അത് വലിയൊരു ആശ്വാസമാകും. വോട്ടു രാഷ്ട്രീയത്തിൽ മാത്രമാണ് അവരുടെ ചിന്തയും ശ്രദ്ധയും. പെൺകുട്ടികളെ വിദ്യാഭ്യാസം




ചെയ്യിപ്പിക്കുന്നതിനും തൊഴിൽനേടി കൊടുക്കുന്നതിലുമാണ് പ്രേരണകൾ ഉണ്ടാകേണ്ടത്. വിവാഹം ആയിരിക്കരുത് ആത്യന്തിക ലക്ഷ്യം. പക്ഷേ ഇവിടെ എല്ലാ സഞ്ചാരങ്ങളും നൂറ്റാണ്ടുകൾ പിന്നോട്ടാണ്. മുതലാളിത്തത്തിന്റെയും സോഷ്യലിസത്തിന്റെയുമൊക്കെ ആശയങ്ങളെ ഏറ്റവുമധികം ആവേശത്തോടെ സ്വീകരിച്ച നാടാണ് കേരളം. കുടുംബത്തിന്റെയും വിവാഹത്തിന്റെയുമൊക്കെ കാര്യത്തിൽ ഏറ്റവും പിന്തിരിപ്പൻ നിലപാടാണ് ഇവിടെ തുടർന്നു പോരുന്നത്.


പ്രണയവിവാഹങ്ങൾ പ്രോത്സാഹിപ്പിക്കുന്നത് ഒരുപരിധിവരെ സ്ത്രീധനത്തെ തടയുവാൻ സഹായിക്കും. മിശ്രവിവാഹം വർധിക്കുന്നതിനും ഇത് സഹായിക്കും. കുടുംബമാണ് ജാതിയെയും മതത്തെയും നിലനിർത്തുന്നത്. കുടുംബം തകർന്നാൽ ജാതിയും മതവും ഇല്ലാതാകും. കുടുംബത്തെ ചോദ്യംചെയ്താൽ അധികാരം, ജാതി, വംശബോധം ഒക്കെയും ചോദ്യം ചെയ്യപ്പെടും. അതാണ് കുടുംബത്തെ തൊടുമ്പോൾ എല്ലാവരും അസ്വസ്ഥരാക്കുന്നത്. കുടുംബത്തിലെ പരമ്പരാഗത മൂല്യങ്ങളെ ഇല്ലാതാക്കിയാൽ കുറെയേറെ വിപത്തുകൾ തനിയെ ഇല്ലാതാകും. പക്ഷേ പ്രണയത്തെ അംഗീകരിക്കുന്ന തരത്തിലേക്ക് നമ്മുടെ നാട് ഇനിയും വളർന്നിട്ടില്ല. ഭാവനയുടെ കുറവാണ് ഇവിടെ എല്ലാം അസാധ്യമാക്കുന്നത്. പ്രണയം ഭാവനയും, ജീവിതം യാഥാർഥ്യവുമാണ് എന്ന് നമ്മൾ കുട്ടികളെ പഠിപ്പിക്കും. എന്നിട്ട്, യാഥാർത്ഥ്യം കൊണ്ട് ഭാവനയെ തോൽപ്പിച്ചുകളയും. വിവാഹം അനാവശ്യമാണ്, പ്രണയമാണ് പ്രധാനം. പ്രണയമാണ് രണ്ടു വ്യക്തികളെ ഒരുമിപ്പിക്കുന്നത്. അവർക്ക് സന്തോഷത്തോടെ ജീവിക്കാം. വിവാഹം കുറേ പഴകിയ സിസ്റ്റമാണ്. അവർ ഒരുമിച്ച് ജീവിക്കാൻ ആഗ്രഹിക്കുന്നുവെങ്കിൽ അവർ ആദ്യം വിവാഹം കഴിക്കണം. എന്നാൽ പടിഞ്ഞാറൻ നാടുകളിൽ ഇപ്പോൾ വളരെ കുറച്ച് ആളുകളെ വിവാഹം കഴിക്കുന്നുള്ളൂ. ധാരാളം ആളുകൾ അതും ചെയ്യുന്നില്ല. അവർ ഒരുമിച്ച് ജീവിക്കുന്നു, കുട്ടികൾ ഉണ്ടാകുന്നു, ഒരു പ്രശ്നവുമില്ല. ഗവൺമെന്റോ മറ്റുള്ളവരോ അവരോട് വിവാഹം കഴിക്കാൻ ആവശ്യപ്പെടുന്നില്ല. ഗവൺമെൻറ് അവരെ തുല്യതയോടെ കാണുന്നു. അത് നല്ലതാണ്. അത് വ്യക്തിപരമായ തീരുമാനമാണ്. അവിവാഹിതരായ മാതാപിതാക്കളുടെ കുഞ്ഞുങ്ങൾക്ക് വിവേചനമില്ല. അതൊരു ഐഡിയൽ സിറ്റുവേഷൻ ആണ്. സ്ത്രീധന സമ്പ്രദായം ഇല്ലാതാകുമ്പോഴും വീട്ടുജോലികൾ പങ്കുവയ്ക്കുമ്പോഴും വിവാഹമെന്ന സിസ്റ്റത്തിന് മാറ്റമുണ്ടാകും. അത് സിവിലൈസ്ഡ് ആകും. വിവാഹത്തിലെ സോഷ്യൽ സിസ്റ്റത്തിനാണ് പ്രശ്നം. നൂറ്റാണ്ടുകളായി മാറ്റമില്ല യഥാർത്ഥത്തിൽ സിസ്റ്റമല്ല, വ്യക്തികളാണ് ഉത്തരവാദികൾ. ഒരുപാട് സിസ്റ്റങ്ങൾ മാറുന്നുണ്ട്. വിവാഹത്തിനുമതാകാം.

ഒരുപക്ഷേ സംസ്കാരമായിരിക്കാം എല്ലാത്തിനും തടസ്സം. എല്ലാറ്റിന്റെയും അവസാന ഉത്തരം മോളെ ഇത് നമ്മുടെ സംസ്കാരമെന്നാണ് ഏറ്റവും പോസ്റ്റ്മോഡേൺ ആയിരിക്കുമ്പോൾതന്നെ ഏറ്റവും ഫ്യൂഡൽ ആയിരിക്കുക എന്നതാണ് കേരളത്തിന്റെ പ്രത്യേകത. വിവിധങ്ങളായ ആശയങ്ങളെ പലയിടത്തുനിന്ന് ഉൾക്കൊണ്ടും സ്വീകരിച്ചുമാണ് പരിഷ്കൃതസമൂഹങ്ങൾ വികസിച്ചുവരുന്നത്.



പടിഞ്ഞാറൻ ആശയങ്ങൾ മാത്രമല്ല, കാലാകാലങ്ങളായി ഇവിടെ വരികയും ആധിപത്യം സ്ഥാപിക്കുകയും ചെയ്ത മതങ്ങൾ, രാഷ്ട്രീയധികാര ശക്തികൾ ഇവയിലൊക്കെ സ്വാധീനിക്കപ്പെടുകയും പരസ്പരം കൊടുക്കുകയും ചെയ്തു കൊണ്ടിരിക്കുന്ന ഒന്നിനെയാണ് നമ്മൾ സംസ്കാരം എന്ന് വിളിച്ചു ചെറുതാക്കുന്നത്. അങ്ങനെതന്നെ നിലനിൽക്കുന്ന ഒരു സംസ്കാരവും പാരമ്പര്യവും ഇവിടെയില്ല. പാശ്ചാത്യം എന്ന് കേൾക്കുമ്പോഴുള്ള ഈ ഭയം ഒരുതരം





കാപട്യമാണ്. നമുക്ക് അപകടം ഇല്ലാത്തതും ഇഷ്ടമുള്ളതും ഒക്കെ പടിഞ്ഞാറുനിന്ന് എടുക്കും. നമ്മൾ തുടങ്ങുന്ന വിദ്യാഭ്യാസരീതി വിദേശിയുടെതാണ്. വൈദേശിക മതങ്ങളും ഇവിടെ ശക്തി പ്രാപിച്ചിട്ടുണ്ട്. ഉയർന്ന വിദ്യാഭ്യാസത്തിന്റെ ഫലമായി ഉയർന്ന ചിന്തകളും കടന്നു വരും. വിദ്യാഭ്യാസം നേടുന്ന സ്ത്രീ നിലവിലുള്ള ജീവിതത്തെ പരിഷ്കരിക്കാൻ ആഗ്രഹിക്കും. അസംതൃപ്തയായ സ്ത്രീ വികാസത്തിന്റെ പാതയിലാണെന്ന് ഓരോ ചരിത്രവും വ്യക്തമാക്കുന്നു. അതുപോലെതന്നെ വീടുവിട്ടിറങ്ങുന്ന നോറമാരുടെ എണ്ണവും കൂടുകയാണ്. ഒരു അധികാരത്തിനും കീഴ്പ്പെട്ടുനിൽക്കേണ്ടവളല്ലാ താനെന്ന ബോധം അവളിൽ ശക്തമായികഴിഞ്ഞു. അതിനെ വളർച്ചയുടെ അടയാളമായിട്ടല്ലാതെ മറ്റെങ്ങനെയാണ് കാണേണ്ടത്. ഒരുമിച്ച് ജീവിക്കാൻ തിരുമാനമെടുക്കുമ്പോഴില്ലാത്ത വ്യവസ്ഥകൾ ഇടയ്ക്കുവെച്ച് ജീവിതത്തിലേക്ക് കൊണ്ടുവരികയും, ജോലിയും കുടുംബവുമായി മല്ലിട്ട് ആത്മവിശ്വാസം നഷ്ടപ്പെടുകയും ചെയ്യുന്ന ഘട്ടത്തിൽ ഒരാൾ, ആണോ പെണ്ണോ ആകട്ടെ മോചനം ആഗ്രഹിച്ചാൽ എത്രയും പെട്ടെന്ന് അനുവദിച്ചു കിട്ടുന്നവിധത്തിൽ നിയമങ്ങൾ സുതര്യമാകണം. സന്തോഷത്തോടെ വേർപിരിയുന്ന സാഹചര്യമുണ്ടായാൽ കുട്ടികൾക്കും മാനസികസംഘർഷം ഒന്നും ഉണ്ടാകില്ല. കരഞ്ഞുകൊണ്ട് കോടതി വിട്ട് പുറത്തുപോകുന്നത്, ബന്ധം വേണ്ടെന്നുവെച്ചിറങ്ങുന്നതിലെ സങ്കടം ആകാനിടയില്ല. ഈ നൂലാമാലകൾ, അപമാനങ്ങൾ, ചോദ്യം ചെയ്യലുകൾ കൈയുണ്ടാക്കുന്ന സങ്കടമാകാം. പിരിയണമെന്ന് ആഗ്രഹമുള്ളവർ സ്വതന്ത്രരാകണം. ആഘോഷമായി തുടങ്ങുന്നതൊക്കെ ആഘോഷമായി തീരുവാനും കഴിയണം. ലളിതമായാണ് തുടക്കമെങ്കിൽ അത്രയും ലളിതമായി പിരിയാനും കഴിയണം. അനായാസവും ക്രമീകൃതവുമായ വ്യവസ്ഥകൾ വിവാഹമോചനത്തിന് ഉണ്ടാകണം. സദാചാര മാനദണ്ഡങ്ങൾ സ്ത്രീപുരുഷന്മാർക്ക് ഒരുപോലെയാകണം. മറ്റുള്ളവരെ ബോധ്യപ്പെടുത്തുവാൻ കൃത്രിമ സന്തോഷം അഭിനയിച്ചുകഴിയുന്ന ഒരു നാടകശാലയാണ് കുടുംബം. അതിനുള്ളിൽ വ്യക്തിക്ക് ഒരാദരവും കിട്ടുകയില്ല. ഒരാൾ മറ്റൊരാൾക്ക് വഴങ്ങുവാനാണത് ശീലിപ്പിക്കുന്നത്. പരസ്പരം ആദരിച്ചു കഴിയുന്ന കുടുംബങ്ങൾ ഉണ്ടാകണം. തങ്ങളുപേക്ഷിച്ചാൽ വരുമാനമുള്ള ഭാര്യ ഇപ്പോഴുള്ളതിലും മനോഹരമായി ജീവിക്കുമെന്ന് ഏതു പുരുഷനാണ് അറിയാത്തത്? നീന്താനറിയാത്തവർ വെള്ളത്തിലെന്നതുപോലെ കൈകാലിട്ടടിക്കുന്നതാരായിരിക്കും. ഇതറിയാവുന്നതുകൊണ്ടാണ് പല സ്ത്രീകളും ഈ പാവങ്ങളെ ഇങ്ങനെ സംരക്ഷിച്ച് കൊണ്ടുനടക്കുന്നത് ശരിക്കും ആണിനെ സംരക്ഷിക്കുന്നത് പെണ്ണാണ്. പ്രചരിപ്പിക്കുന്നത് തിരിച്ചാണെങ്കിലും. നോറമാർ മാത്രം ഇറങ്ങിപ്പോകുന്നതെന്താണ്? ഇതിലും മനോഹരമായ ഒരു ജീവിതം സാധ്യമാണെന്നതുകൊണ്ടല്ലേ. ആ ആത്മവിശ്വാസം കൊണ്ടല്ലേ. ഇത്തരം ചോദ്യങ്ങളെയും ഉത്തരങ്ങളേയും നേരായ രീതിയിൽ സമൂഹം സ്വീകരിക്കുകയില്ല. എന്നിട്ട് നിങ്ങളെന്താ വീടുവിട്ടു പോകാത്തതെന്ന് തിരികെ ചോദിക്കും. സ്ത്രീയെ രാഷ്ട്രീയവൽക്കരിക്കുക എന്നത് പ്രധാനമാണ്.

മനുഷ്യൻ വെറും കച്ചവടച്ചരക്കായിമാറി. സ്ത്രീ ഉപഭോഗവസ്തുവും. ഉപയോഗിക്കുക വലിച്ചെറിഞ്ഞു കളയു കയെന്ന മനോഭാവം പ്രകൃതി വസ്തുക്കളോട് മാത്രമല്ല മനുഷ്യരോടും വന്നുകഴിഞ്ഞു. പരമ്പരാഗതമായി പുരുഷൻ സ്ത്രീയെ കാണുന്നത് തന്റെ സംരക്ഷണത്തിൽ ഒതുങ്ങികഴിയേണ്ട ഒരു ബലഹീന പാത്രമായാണ്. കാമാരത്തിൽ അച്ഛന്റെയും യൗവ്വനത്തിൽ ഭർത്താവന്റെയും വാർദ്ധക്യത്തിൽ മകന്റെയും കീഴിൽ കഴിയേണ്ടവൾ. ഈ സമീപനം മാറണം. പുരുഷൻ സ്ത്രീയെ തുല്യമഹത്വവും നിരവധി കഴിവുകളുമുള്ള സഹപ്രവർത്തകയായിതന്നെ അംഗീകരിക്കണം. സ്ത്രീ സ്വാതന്ത്ര്യമർഹതി ആധുനിക വിദ്യാഭ്യാസവും തൊഴിൽ മേഖലയും തുറന്നുതരുന്ന സംസ്കാരം ഇതാണ്. സ്ത്രീയെ സ്ത്രീയായി, സഹയാത്രികയായി, കാണാനാകുന്ന മാനസികപക്വതയിലേ പുരുഷമേധാവിത്വത്തിന് അന്ത്യം വരൂ. സമഗ്രതയുടെ ഈ ആധ്യാത്മികമാനവദർശനം പകരാൻ പുരുഷശാസനാധിഷ്ഠിതമായ മതങ്ങൾക്ക് കഴിയുമോ. ഏതൊരു സ്ത്രീക്കും ഏതൊരു മണിക്കൂറിലും സുരക്ഷിതയായി വഴിയിലൂടെ നടക്കാമെന്ന സ്ഥിതിവിശേഷം വരുമ്പോൾ മാത്രമാണ് ഇന്ത്യ സ്വതന്ത്രയാണെന്ന് ഞാൻ കണക്കാക്കൂ എന്ന മഹാത്മജിയുടെ വാക്കുകൾ സമത്വാധിഷ്ഠിതമായ ജീവിതദർശനം പകരാൻ പ്രചോദനമാകട്ടെ. സ്വതന്ത്രയും അഭിമാനിയുമായ സ്ത്രീ അലസജീവിതത്തിനും അനാചാരങ്ങൾക്കും എതിരായ ബോംബാണെന്നും അതെറിഞ്ഞാൽ തകരാത്ത അനാചാര കോട്ടകളില്ലെന്നും പറഞ്ഞ സഖാവ് ഇ. എം. എസ്സിന്റെ വാക്കുകളും ഓർക്കുന്നു. ●



വര: അലൻ ട്രീസ സേവ്യർ

# വിശപ്പിന്റെ തീനാളം

അർച്ചന എം.ജി.
Ist BSc Chemistry

അ കറുത്തിരുണ്ട രാത്രിയെ നിലാവെളിച്ചം പതുക്കെ സുതാര്യമാക്കിയിരുന്നു . തിങ്ങിനിറഞ്ഞ മരങ്ങൾക്കിടയിൽ ഒറ്റപ്പെട്ടു കിടക്കുന്ന ആ വീട് ഒരു മണ്ണെണ്ണ വിളക്കിന്റെ പ്രഭയിൽ തെളിഞ്ഞു കാണാം. 'അവൻ ഇതുവരെ എത്തിയില്ലേ മോളെ?' നിലാവെളിച്ചത്തിൽതെളിഞ്ഞുനിന്ന വഴിയിൽ നിന്നും കണ്ണെടുത്തുകൊണ്ട് ഇല്ല എന്ന് മറുപടി നൽകി അവൾ വീണ്ടും ആ നോട്ടം ഉറപ്പിച്ചു. ഭദ്രൻ നഗരത്തിലേക്ക് പോയിട്ട് ഇന്നേക്ക് ഒരാഴ്ച തികയും. സാധരണ മൂന്നാല് ദിവസങ്ങൾക്കുള്ളിൽ തിരിച്ചു എത്താറുള്ളതാണ്. അവളുടെ കണ്ണുകളിൽ ചെറിയൊരു ഭയം നിഴലിക്കുന്നുണ്ടായിരുന്നു. അവിടെ തിങ്ങിനിറഞ്ഞ നിശബ്ദതയെ ഭേദിച്ചുകൊണ്ട് ഇളയകുട്ടി ഉറക്കെക്കരയാൻ തുടങ്ങി. വിശന്നിട്ടാണ് ഉച്ചക്ക് കുടിച്ച കഞ്ഞിയാണ്, അല്ല കഞ്ഞിവെള്ളമാണ്. പിന്നെ ഒന്നും കഴിച്ചിട്ടില്ല. അവൾ ഉമ്മറത്തുനിന്നും എഴുന്നേറ്റു ആ ഒറ്റമുറി വീടിനു ള്ളിലേക്ക് കടന്നു. അടുപ്പിൽ വെള്ളം തിളച്ചുമറിയുന്നുണ്ട്. ഭദ്രനെക്കുറിച്ചുള്ള ചിന്തയിൽ അവൾ അത് പാടെ മറന്നിരുന്നു. അവൾ അരിപാത്രത്തിന്റെ മൂടി തുറന്നു. ഒരു നിമിഷത്തേക്ക് അവൾ നിശ്ചലയായി. മനസ്സിൽ തീ കോരിയിട്ടപോലെ അവളാകെ വിങ്ങുന്നുണ്ടായിരുന്നു. അരി തീർന്നിരിക്കുന്നു. അരി മേടിക്കാൻ എന്നും പറഞ്ഞാണ് ഒരാഴ്ച മുൻപേ ഭദ്രൻ തിരിച്ചത്. അതിൽ ബാക്കിയുള്ള രണ്ടു മൂന്നു മണി അരിയും ആ കലത്തിൽ ഇട്ട് വേവിച്ചു അവൾ അവർക്ക് നൽകി, കുറച്ച് അവളും കുടിച്ചു. തെല്ലുകഷമിച്ച വിശപ്പിന്റെ കാരുണ്യത്തിൽ കുട്ടികൾ ഉറങ്ങി. അവരുടെ ഓരത്തായി അമ്മയും കിടന്നു. പ്രായത്തിന്റെ വയ്യായ്മകൾ ആ അമ്മയെയും അലട്ടുന്നുണ്ടായിരുന്നു. അവർക്ക് അടുത്തായി ഇരിക്കുമ്പോഴും അവളുടെ മനസ്സ് വഴിയോരത്ത് ആയിരുന്നു. രണ്ടുമൂന്ന് ദിവസമായി ആ പ്രദേശത്ത് കടുവ ശല്യം രൂക്ഷമായിരുന്നു. ഒന്ന് രണ്ടു ആടുകളെ അത് ഭക്ഷണമാക്കുകയും ചെയ്തിട്ടുണ്ട്. ഒരുപക്ഷെ വിശപ്പിന്റെ ആളിക്കത്തൽ അതിനെയും വേട്ടയാടിയിരിക്കാം. അവളുടെ ഭയത്തിന് പിന്നിൽ ഇതിനും ഒരു പങ്കുണ്ടായിരുന്നു . രാത്രി വൈകി എപ്പോഴോ അവൾ ഉറങ്ങി. പിറ്റേന്ന് ഒരു വാഹനത്തിന്റെ ഇരമ്പൽ കേട്ടാണ് അവൾ ഉണർന്നത്. അപ്പോഴേക്കും ഇരുട്ട് മാഞ്ഞു എങ്ങും വെളിച്ചം പരന്നിരുന്നു. 'ഭദ്രൻ ' അവളുടെ കണ്ണുകൾ ഉണർന്നു. അവൾ പെട്ടെന്ന് എഴുന്നേറ്റു ഉമ്മറത്തേക്ക് ചെന്നു. പക്ഷേ അവൾക്ക് നേരെ വന്നത് അപ്രതീക്ഷിത മുഖങ്ങൾ ആയിരുന്നു. 'ഇത് ഭദ്രൻ എന്നയാളുടെ വീട് ആണോ?', അവരിൽ ഒരുവൻ ചോദിച്ചു. 'അതെ ' അവളുടെ മറുപടിയും എത്തി. 'നിങ്ങളിൽ ആരെങ്കിലും ഒന്ന് ഞങ്ങളുടെ കൂടെ വരണം '. വന്നവർ ആവശ്യം അറിയിച്ചു. ഭദ്രനെ പറ്റിയുള്ള വേവലാതിയിൽ അവൾ വേഗം തന്നെ അവരോടൊപ്പം പോയി. മെഡിക്കൽ കോളേജിന്റെ മോർച്ചറിയിലേക്ക് ആയിരുന്നു അവർ അവളെ കൊണ്ടുപോയത്. അവിടെ തണു ത്തു വിറച്ചിരിക്കുന്ന ഭദ്രന്റെ ശവശരീരമാണ് അവളെ വരവേറ്റത്. ഒട്ടും പ്രതീക്ഷിക്കാത്ത ആ വിടവാങ്ങൽ അവളെ തളർത്തി കളഞ്ഞു. ആരുടെയൊക്കെയോ കൈകളിൽ താങ്ങിപിടിച്ച് പുറത്തുകടന്നപ്പോൾ അന്നത്തെ പത്രത്തലക്കെട്ടുകളിൽ അവളുടെ കണ്ണുകൾ തടഞ്ഞു. 'ഭക്ഷണം മോഷ്ടിച്ചെന്നാരോപിച്ചു ഒരുപറ്റം യുവാക്കളുടെ മർദനമേറ്റ് ആദിവാസി യുവാവ് മരണപ്പെട്ടു'. തൊട്ടടുത്തായി മറ്റൊരു വാർത്തയും ഉണ്ടായിരുന്നു. 'ജനങ്ങളെ ഭീതിയിലാഴ്ത്തിയ കടുവയെ പിടികൂടി വനത്തിൽ വിട്ടയച്ചു '. ജീവനറ്റ മനസ്സിൽ അവളിങ്ങനെ പറഞ്ഞു 'വിശപ്പിന്റെ രണ്ടു നീതികൾ '. ഭയാനകമായ ഒരു കൂരാക്കൂരിരുട്ട് അവളുടെ കണ്ണുകളെ മൂടി. അപ്പോഴേക്കും എങ്ങും പ്രതിഷേധാഗ്നി ആളിപടർന്നിരുന്നു......

( 'മധു' ഒരു ഓർമപ്പെടുത്തലിന്റെ ആവശ്യമുണ്ടാവില്ല. ഒരുപക്ഷെ അതിനു മറുപടിയെന്നോണം വിശപ്പിന്റെ രുചി നമ്മളിൽ പലരും തിരിച്ചറിഞ്ഞു. കോവിഡ് നമുക്കായി നൽകിയ മറ്റൊരു തിരിച്ചറിവ് 'വിശപ്പ്'.

ഒരുപിടി സന്തോഷങ്ങൾ നമ്മളിൽ നിന്ന് കോവിഡ് നാളുകൾ അടർത്തി മാറ്റിയെങ്കിലും പരസ്പരസഹായവും സഹകരണവും നിറഞ്ഞ പഴമയുടെ ചെറിയൊരു ഓർമപ്പെടുത്തലും കൂടി സമ്മാനിച്ചു )

# ഓർമ്മകളിലൂടെ



അനഘ ടി കെ
ഒന്നാം വർഷ ബിഎ മലയാളം

പതിവുപോലെത്തന്നെ അവൻ ആ ഏകാന്തമായ ഇടവഴിയിലൂടെ വലിഞ്ഞു നടന്നു. ഇടവഴിയാകെ ഇരുട്ടിന്റെ കുത്തൊഴുക്കിൽ പുഴ്ന്നുകിടക്കുകയാണ്. നേരത്തെ പെയ്ത മഴയുടെ നേർത്ത പടലങ്ങൾ കാറ്റിൽ, ഇലകളിൽ നിന്നും അടർന്നു വീണുകൊണ്ടിരിക്കുന്നു. പരിഭ്രാന്തമായ അവന്റെ മുഖത്ത് പ്രതീക്ഷയുടെ തിരികൾ അണയാതെ ജ്വലിച്ചുകൊണ്ടിരിക്കുന്നുണ്ടല്ലായിരുന്നു. കണ്ണുകൾ അങ്ങനെയാണല്ലോ.........

മനസ്സിൽ ഒളിപ്പിച്ചിരിക്കുന്ന, മൗനത്തിനു മറവിൽ ഒളിപ്പിച്ചുവച്ചിരിക്കുന്ന ആകുലതകളെയും ആഹ്ലാദത്തെയും പ്രതീക്ഷയെയും അവ പുറത്തേക്ക് പ്രദർശിപ്പിക്കും. കണ്ണുനീരിലൂടെയോ അല്ലാതെയോ......

ഇടവഴിയാകെ ഇരുട്ടിൽ മുങ്ങിയിരിക്കുകയാണ്. കയ്യിലെ ചെറിയ ടോർച്ച് വെളിച്ചത്തിന്റെ പിന്നാലെയാണ് അവന്റെ നടത്തം. ഒട്ടും പ്രതീക്ഷിക്കാത്ത രീതിയിൽ പുറകിൽ നിന്നും ഒരു വിളി കേട്ടതും അവൻ തിരിഞ്ഞു നോക്കി. പക്ഷേ അവിടെ മുഴുവൻ ഇരുട്ടായിരുന്നു. ഒന്നും കാണാൻ കഴിഞ്ഞില്ല.വീം ആ വിളി അവന്റെ കാതുകളിൽ ആഞ്ഞടിച്ചു.

മോനെ.. ദാമു..

തിരിഞ്ഞുനോക്കാൻ അവന്റെ കണ്ണുകൾക്ക് ത്രാണി ഉണ്ടായിരുന്നില്ല. പൊടുന്നനെ അവന്റെ കണ്ണുകൾ നിറഞ്ഞൊഴുകാൻ തുടങ്ങി.

മുന്നിൽ നിന്നും ഒരു മഞ്ഞവെളിച്ചം അവന്റെ കണ്ണുകളിൽ പതിഞ്ഞു. കണ്ണുകൾ അതിൽ നിന്നും അടർത്തിമാറ്റികൊണ്ട്, കണ്ണുകൾ തുടച്ചുകൊണ്ട് അവൻ സൂക്ഷിച്ചു നോക്കി.

'എന്താ ദാമു.. എന്താ ഇവിടെ ചെയ്യണേ.....?'

'അത്... അത്... അമ്മ....'

വാക്കുകൾ ദീർഘിപ്പിക്കാൻ കഴിയാതെ വാക്കുകൾ തൊണ്ടയിൽ കുടുങ്ങി വലിഞ്ഞുമുറുകി. നനവാർന്ന കണ്ണുകളുമായി ദാമു അയാളെ നോക്കിക്കൊണ്ട് നടത്തത്തിന്റെ വേഗത വർദ്ധിപ്പിച്ചു.

വീടിന്റെ ഉമ്മറത്ത് പ്രകാശം തെളിയിച്ചിരുന്നു. പക്ഷേ വാതിൽ അടഞ്ഞു കിടക്കുകയാണ്. നിസ്സഹായതയോടെ അവന്റെ വിറപൂണ്ട കൈകൾ ബെല്ലിൽ അമർത്തി. പക്ഷേ വാതിൽ തുറന്നില്ല. വീണ്ടും ബെല്ലിൽ കൈവിരൽ അമർത്തി. അഞ്ചു മിനിറ്റിനു ശേഷം വാതിൽ തുറന്നു.

എന്തെ തുറക്കാൻ ഇത്ര താമസിച്ചത്?

ഞാൻ നല്ല ഉറക്കത്തിലായിരുന്നു. ഇപ്പോഴാ ബെല്ലടി കേട്ടത്

ഉം നീണ്ട മൗനത്തിനൊടുവിൽ അയാൾ വീണ്ടും ചോദിച്ചു.

മകൻ എന്തേ...?

അവൻ ഉറങ്ങുവാ.. ചോറ് മേശപ്പുറത്ത് വച്ചിട്ടുണ്ട്. കഴിച്ചിട്ട് കിടന്നോളൂ.. ഞാൻ കിടക്കുവാണ്.

അയാൾ മറ്റൊന്നും പറയുന്നത് കേൾക്കാതെ അവൾ മുറിയിലേക്ക് കയറിപ്പോയി.

മേശപ്പുറത്തെ പാത്രങ്ങളിലൂടെ കണ്ണോടിച്ചു ചുറ്റുംനോക്കിക്കൊണ്ട് അയാൾ കസേരയിൽ ഇരുന്നു. ചോറു വിളമ്പി ഉരുട്ടിക്കഴിക്കാൻ തുടങ്ങവേ മുന്നിലെ ഇരിപ്പിടത്തിലേക്ക് സൂക്ഷിച്ചുനോക്കി.

അമ്മ.

മനസ്സറിഞ്ഞ് കണ്ണുകളിലേക്ക് നോക്കി പുഞ്ചിരിക്കുകയാണ്. പൂർവ്വകാലം എന്നതുപോലെ ആ ചിരി പെട്ടെന്ന് തന്നെ അപ്രത്യക്ഷമായി. കണ്ണുകൾ വീണ്ടും ഈറനണിയാൻ തുടങ്ങി. കയ്യിലെ ഉരുളയെ പാത്രത്തിൽ ഉപേക്ഷിച്ച് അയാൾ മുറിയിലേക്ക് കയറി.

നിഷ്കളങ്കമായ ഒരു ഓമനക്കുട്ടൻ തണുപ്പിനെ കാഠിന്യം കൊണ്ട് പുതച്ചുമൂടി കിടക്കുകയാണ്. ദാമു പതിയെ അവന്റെ അരികിൽ ചെന്ന് നിന്നു. തലയിലൂടെ കൈവിരലുകൾ ഓടിച്ച്, ദീർഘനിശ്വാസമിട്ടുകൊണ്ട് നെറ്റിതടത്തിൽ ഒരു ഉമ്മ നൽകി. ഒരിക്കലും അവസാനിക്കാത്ത ഒരു പ്രതീക്ഷയുടെ,സങ്കടങ്ങളുടെ, ആഗ്രഹങ്ങളുടെ അങ്ങനെ പലതിന്റെയും സൂചനയാവാം ആ ഒരുമ്മ. ●




# ഷവർമ്മ

Hiba Hasanath
Ist BA Economics

അങ്ങാടിയിലെ മുന്തിയ കടക്കുമുന്നിൽ തന്നെ അയാൾ വണ്ടി നിർത്തി. കമ്പിയിൽ കുത്തിയിട്ട ഇറച്ചിയും അതിനു മുമ്പിലായി തല പ്ലാസ്റ്റിക് കവറിൽ മറച്ച് മാസ്കിട്ട ആൾ എന്തൊക്കെയോ ചെയ്യുന്നതും കണ്ട ഭാഗത്തേക്ക് അയാൾ നടന്നു.
ഒരു പ്ലേറ്റ് ഷവർമ്മ
അയാൾ പതുക്കെ പറഞ്ഞു. കേട്ടില്ലേ?
അയാൾക്ക് സംശയമായി.
ഒരു പ്ലേറ്റ് ഷവർമ്മ.
കുറച്ചുറക്കെ പറഞ്ഞു. ഷവർമ്മക്കാരന് ഒരു മൈൻഡുമില്ല.
ഒന്നൂടെ പറയണോ?
മൂത്തമകൾ പ്രത്യേകം പറഞ്ഞിട്ടുണ്ട്, ഒരു പ്ലേറ്റാണ് വാങ്ങേണ്ടത് അല്ലെങ്കിൽ എനിക്കും അച്ചുനും ഉമ്മാക്കും ഉപ്പാക്കുംകൂടെ തിന്നാനാകില്ല.
എനിക്കും ഉമ്മാക്കും ഒന്നും വേണ്ട മോളേ നിങ്ങൾ തിന്നാമതി.
വേണ്ടാ...ഒരു പ്ലേറ്റ് വാങ്ങണം.
ഒന്നൂടെ പറഞ്ഞാലേ ഷവർമ്മക്കാരൻ കേൾക്കുള്ളൂ എന്ന് കരുതി പറയാനൊങ്ങിയതും അയാൾ തിരിഞ്ഞ് ഒരു ചെറിയ കവർ മുന്നിൽ വെച്ചു. 90 രൂപ കൗണ്ടറിൽ കൊടുത്താൽ മതി.
സ്കൂട്ടറിന് മുന്നിലുള്ള കൊളുത്തിൽ കവർ തൂക്കിയിട്ട് അയാൾ വണ്ടിയെടുത്തു. ആകാശം വല്ലാതെ ഇരുണ്ടു കൂടിയിരുന്നു. ചെറിയ മഴയും. ഈ കാലത്ത് ഇതെന്ത് മഴയാണ്?
അങ്ങാടിയിൽ നിന്ന് വലത്തോട്ട് തിരിഞ്ഞ് അയാൾ വണ്ടിയുടെ വേഗത കുറച്ചു. മാനം കൂടുതൽ ഇരുണ്ടിരിക്കുന്നു. മഴയ്ക്ക് അല്പം ശക്തികൂടി. പക്ഷെ സാരമില്ല വണ്ടിയോടിക്കാം വേഗം വീടെത്താം.അയാൾ മനസ്സിൽ കരുതി. നാട്ടിലേക്കുള്ള റോഡാകെ പൊട്ടിപ്പൊളിഞ്ഞ് കിടക്കാൻ തുടങ്ങിയിട്ട് കാലങ്ങളായി. പക്ഷേ, ആരും ഒന്നും പറയാറില്ല. റോഡ് നന്നാവണമെങ്കിൽ മനുഷ്യന്മാര് സ്ഥലം തരണം.എന്നിട്ട് റോഡ് വീതി കൂട്ടും.അല്ലാതെ ഈ റോഡ് നന്നാക്കാൻ ഫണ്ട് പാസാക്കാൻ പറ്റില്ല. വാർഡ് മെമ്പർ പറഞ്ഞത് അയാൾക്ക് ഓർമ്മ വന്നു.
മഴ പെയ്യുന്നുണ്ട്. മാസ്ക് ആകെ നനഞ്ഞു.
അല്ലെങ്കിലും ഈ മാസ്ക് നമുക്കൊന്നും ശരിയാവില്ല. അതൊക്കെ വല്ല്യ പൈസക്കാർക്കേ പറ്റൂ. കഷ്ടപ്പെട്ട് പണിയെടുക്കുമ്പോൾ ആർക്കാണ് മാസ്ക് ശരിയാക്കാൻ നേരം!
അല്ലെങ്കിലും കൊറോണ എല്ലാം കൊണ്ടുപോയി...പണിയില്ല...കൂലിയില്ല... പാവം മക്കൾ അവരൊന്നും വേണമെന്ന് പറയാറില്ല. എന്റെ കഷ്ടപ്പാടുകൾ അവരും കാണുന്നതല്ലേ.
എങ്കിലും പുതിയ കുട്ടികളല്ലേ...
എന്തൊക്കെയാ അവര് കാണുന്നത്? എപ്പോഴോ ഒന്ന് ഉമ്മയോട് ഷവർമ്മ തിന്നാൻ പൂതിയാവുന്നു എന്ന് പറഞ്ഞ മക്കളുടെ കണ്ണിലെ തിളക്കം അങ്ങനെയങ്ങ് മറക്കാൻ പറ്റ്വോ?
അടുത്ത കുഴിയിൽ വണ്ടി ചാടി. സാമാന്യം ആഴമുള്ള കുഴി അയാൾ കണക്ക് കൂട്ടി. മഴ കൂടിയിരുന്നു.അയാൾ താഴേക്ക് നോക്കി. കൊളുത്തിൽ തൂക്കിയിട്ട ഷവർമ്മ അവിടെയില്ല. അയാളുടെ നെഞ്ചൊന്നാളി. വണ്ടി തിരിച്ചു നേരത്തെ ചാടിയ കുഴിയുടെ അരികിൽ കവർ ചിതറി കിടക്കുന്നു.
കുബ്ബൂസ്,ഉപ്പിലിട്ടത്, അതിന്റെ തൊട്ടരികെ ചെളിയിൽ മുഖം കുത്തി വീണ കണ്ടയ്നറും.
അയാൾ സ്തബ്ധനായി നിന്നു.

സഹാന ഷെറിൻ
ബി എ മലയാളം രണ്ടാം വർഷം



# നീതി

സ്ത്രീ അമ്മയാണ്, ഭാര്യയാണ്, മകളാണ്,
ദൈവമാണ്.
സമുഹമേ,
അവളെയതിൽ നിന്നെല്ലാം
മോചിതയാക്കുവിൻ
അവൾക്ക് നീതി നൽകുവിൻ
എന്നിട്ട്,
അവളെ പദവികളില്ലാത്ത,
ബാധ്യതകളില്ലാത്ത
വെറുമൊരു മനുഷ്യനാക്കുവിൻ
പുറം ലോകത്തെ മാത്രം രാജാവാക്കാതെ
അടുക്കളരാജ്യത്തെ മാത്രം
റാണിയാക്കാതെ
ആണിനും പെണ്ണിനും ചിറകു നൽകൂ
അവർക്കിഷ്ടമുള്ള രാജ്യം സ്വന്തമാക്കട്ടെ,
പരസ്പരം ബഹുമാനിക്കട്ടെ !
കാരണം,
അവർ ഇല്ലാത്ത ലോകം ശൂന്യമാണ്

# BIS ZU MEINEM NÄCHSTEN SCHLAF



Fathah Muhammad L
Second BSc Zoology

Wir sind uns noch nie begegnet
Aber wir hielten unsere Hände
zusammen in der welt
gewebt mit unserer Vorstellungskraft

Wir haben unsere Nächte auf den Kopf gestellt
Wir haben bis Sonnenaufgang geredet
wie die Weltkrieg begann und
Dann haben wir uns im Dunkeln geliebt


Die morgendliche Kirchenglocke störte meinen Schlaf und als ich aufwachte
Du warst nicht an meiner Seite
Und ich habe mit Blumen auf dich gewartet
Bis ich dich im nächsten Schlaf treffe

# Die Revolutionäre Pause

AKASH SAMUEL DAVID
B.COM FINANCE (II YEAR)



Das ist keine Pause
Nicht zu prahlen
Aber es ist der Anfang.
Ich kann mit dem Titel übereinstimmen
Halten Sie einfach einen Moment durch.
Das ist nur ein Wind
Vor dem strömenden Regen
Nicht zu schwer, aber ich bin
Schon verregnet.
Es tut mir leid zu sagen
„Du solltest wirklich neidisch auf mich sein".
Schau mich jetzt an,
du kannst mich selten ohne ein lächeln sehen
Und wahrscheinlich werde ich schlafen.
Ich habe jetzt keine Playlist,
Nein nein, du hast mich falsch verstanden
Nicht weil ich aufhöre es zu hören
Jetzt hänge ich daran, gefühlvolle Musik zu leben
Nur aus ihren Herzen zu meinen Ohren.
Also ertrage es einen Moment mit mir
Denn ich habe einiges an Menschen zu vermitteln
Oh! Das hast du richtig gehört
'Menschen' mit Flügel
Und vertrau mir
Ich sah sie fliegen (flüsternd).
Und das Beste daran ist, dass sie mich unterrichten.
Nein nein, nicht zu fliegen.
Sie haben mir nur Flügel gegeben
Sagen "fliege, bis du den Himmel erreichst".
"Also hast du den Himmel erreicht ?"
"Nein, sie haben mir noch etwas gesagt!"
Himmel hat keine Grenzen.
"Also hast du jetzt Angst zu fliegen?"
"Nein, denn ich bin nicht allein!"



# മരണം

നിയാന കാവിൽ
ഒന്നാം വർഷ ബി എ മലയാളം

മരണമേ നീ എന്നെ പുൽകിടും നേരം
അരികിലായി മിഴി നീർ വാർക്കാൻ
എനിക്കായ് ഞാൻ പിളർന്ന മണ്ണിൽ
നിഴൽ പോലും വഴി തിരിഞ്ഞു....

മരണം എന്ന വാക്കേ തനിച്ചാക്കി മറഞ്ഞ
കിരണങ്ങൾ പാതി വഴി മുറിച്ചോ നീ
അകലെ എന്റെ ശിരസ്സാണ് തനിയെ
മൂന്നു തുണ്ട് തുണി പൊതിയിലെ
ക്ഷണിക്കാത്ത അഥിതി.....

മരണമെന്ന വാക്കിനെ പേടിച്ച ഞാൻ
എന്റെ നിഴലിനെ വഴി തിരിച്ചു വിട്ട നേരം
ഒരു നിമിഷമെങ്കിലും എന്റെ ആത്മാവിനെ
കൂടെ വിളിച്ചില്ല ! പിണക്കമാണോ എന്ന
ചോദ്യം അതു ഉത്തരമില്ലാത്ത മട്ടിൽ മിഴി
നിറച്ച കണ്ണാലെ ഉരുവിട്ടനേരം......
മരണമേ  ഞാൻ എന്റെ ആത്മാവിലായി ക്ഷയം കൊണ്ടേ.......

# മഹാമാരി

ആവണി കെ എം
ഒന്നാം വർഷ എം എ ഹിസ്റ്ററി



സ്തുതിക്കുന്നു ഞാൻ നിന്നെ
വിശ്വം ശപിക്കുമ്പോൾ
നീ തന്ന പാഠം വേദമാം മർത്യന്
നീ തന്ന ഗ്രാഹ്യം സ്ഥായിയാം ഭൂമിയിൽ
മർത്യനും മുഖ്യനും ഏകമാം ചിന്തയിൽ-
നാടും നഗരവും തുല്യമാം ചേഷ്ടയിൽ.
ശ്രേഷ്ഠനും നിന്ദ്യനും
ഏകമാം ദൃഷ്ടിയിൽ-
ശക്തനും അബലനും തുല്യമാം ശയ്യയിൽ.
സ്തുതിക്കുന്നു ഞാൻ നിന്നെ
വിശ്വം ശപിക്കുമ്പോൾ.

# ഓർമ്മക്കുറിപ്പ്



Munsa Sherin v
1st BA Economics

ജീവിതത്തിലെ ഓർമ്മപുസ്തകത്തിന്റെ താളുകളിൽ ഏറെ പ്രിയപ്പെട്ടതും ഓർക്കാൻ ഇഷ്ടപെടുന്നതുമായ നാളുകളാണ് 3 വർഷത്തെ കലാലയ ജീവിതം. കൈകൾ കോർത്തു കളിചിരികൾ സമ്മാനിക്കുന്ന സൗഹൃദങ്ങളും, മനസ്സിന്റെ താളിൽ കാത്തു വെക്കാൻ മറക്കാൻ ആവാത്ത ഓർമ്മകളും സമ്മാനിക്കുന്ന കലാലയം. ഈ കലാലയ ജീവിതത്തിൽ ഒരു അദ്ധ്യായം ഇതാ ഇവിടെ അവസാനിച്ചിരിക്കുന്നു. ഓൺലൈൻ ക്ലാസ്സിലൂടെയും ഓൺലൈൻ പരിപാടികളിലൂടെയും, വീഡി യോക്ലാസിലൂടെയും മാത്രം പരസ്പരം ബന്ധപ്പെട്ട ഒരു വർഷം. ക്യാമ്പസിനെ തൊട്ടറിഞ്ഞു പഠിക്കുന്നതിൽ നിന്നും വീടിന്റെ നാലു ചുവരുകൾക്കുള്ളിൽ മൊബൈൽ ഫോണിനു മുന്നിൽ തളച്ചിട്ട ഒരു വർഷം, ക്യാമ്പസ്സൗഹൃദ സംഭാഷണങ്ങൾ വാട്സപ്പ് ചാറ്റിംഗിൽ ആയി ഒതുങ്ങി പോയ വർഷം, കൂട്ടുകാരുടെ ഒത്തുചേരലും ആലിംഗനങ്ങളും സോഷ്യൽ ഡിസ്റ്റൻസ് എന്ന പേരിൽ ഇല്ലാതാക്കപ്പെട്ട വർഷം..... ഈ അധ്യയന വർഷം ഇവിടെ അവസാനിച്ചിരിക്കുന്നു..... ജീവിതമെന്ന പുസ്ത കത്താളുകളിൽ കാത്തുസൂക്ഷിക്കാൻ നല്ലൊരു അനുഭവങ്ങ ളും സമ്മാനിക്കാതെ.... സൗഹൃദമെന്ന തണലിനെ, അനുഗ്രഹത്തെ കൂടുതൽ കെട്ടുറപ്പുള്ളതാക്കി മാറ്റാൻ സാധിക്കാതെ..... . കഴിഞ്ഞു പോയ കാര്യങ്ങളെല്ലാം നല്ലതിന് എന്ന വിശ്വാസ ത്തോടെ...കലാലയമെന്ന വികാരത്തെ അനുഭവിച്ചറിയാൻ അടുത്ത അധ്യയന വർഷമെങ്കിലും സാധിക്കുമെന്ന ശുഭപ്ര തീക്ഷയോടെ.... കാത്തിരിക്കുന്നു...

# തിരയടങ്ങാതെ



ഫെമി ഫ്രാൻസിസ്
ഒന്നാം വർഷ ബി എ മലയാളം

നേരം പാതിരാത്രിയോടടുക്കുന്നു. ഭയാനകമായ നിശബ്ദത. ഇരുളിനെ കീറിമുറിച്ചുകൊണ്ട് അകന്നുപോയ ഒജ്നീടെ വെളിച്ചം കണ്ണിലേക്കു തുളഞ്ഞു കയറിയപ്പോൾ കണ്ണൊന്നു ചിമ്മി തുറന്നവൾ. തിയേറ്ററിൽ വച്ച് നടന്ന സംഭവങ്ങളുടെ ന ടുക്കമവളെ വിട്ടകന്നിരുന്നില്ല. സ്ക്രീനിൽ നിന്ന് ഉയർന്നുവന്ന കൈ അവളിൽ നടുക്കമുണർത്തിയിരുന്നു. ഓർക്കും തോറും ഓർമ്മകൾക്ക് മന്ദത ഭവിക്കുന്നു. എന്നിരുന്നാലും സ്ക്രീനിൽ നിന്ന് ഉയർന്നുവന്ന ആ കരിവളയിട്ട കൈ തനിക്കു മാത്രമേ കാണാൻ സാധിച്ചിരുന്നുള്ളു എന്നത് അവളുടെ ചിന്താ മണ്ഡലങ്ങളെ മരവിപ്പിക്കുന്നതായിരുന്നു.

രാത്രികളിൽ സിനിമ കാണാൻ പോകുന്നത് അവളുടെ ഭ്രാന്തുകളിൽ ഒന്നാണ്. അങ്ങനെ സിനിമ കാണാൻ ഇറങ്ങി യതാണ് ഇന്നും, ഓൺലൈനിൽ ടിക്കറ്റ് ബുക്ക് ചെയ്തത് കൊണ്ട് വലിയ ക്യൂവിൽ അംഗം ആകേണ്ടി വന്നില്ല. നർമ്മ പ്ര



ധാനുമുള്ള ചിത്രം തുടക്കത്തിൽ കുഴപ്പമില്ലായിരുന്നു. എന്നാൽ.. ആദ്യത്തെ ഇടവേളയ്ക്ക് എല്ലാവരും പുറത്തിറങ്ങിയപ്പോഴാണ് അത് സംഭവിച്ചത്. സ്ക്രീൻ തുളച്ചു കൊണ്ട് ഒരു കൈ പുറത്തേക്ക് വന്നു. ഒരു കരിവളയിട്ട വികൃതമായ കൈ.. ഒരു നിമിഷം ഉള്ളാകെ വിറച്ചുപോയി. ശരീരം മുഴുവൻ നിശ്ചലമായി. നാവിന് ആരോ വിലങ്ങിട്ടിരിക്കുന്നു. ഒരാർത്തനാദം തൊണ്ടക്കുഴിയിൽ തടഞ്ഞുനിർത്തിയിരിക്കുന്നു. കണ്ണുകൾ മുറുക്കിയടച്ച് തുറന്നപ്പോൾ സ്ക്രീൻ ശൂന്യം. കണ്ണുകൾ മറ്റുള്ളവരിലേക്ക് പാഞ്ഞപ്പോൾ എല്ലാവരും അവരുടേതായ ലോകത്താണ്. അങ്ങനെ ഒരു സംഭവം നടന്നതിന്റെ യാതൊരു തെളിവും അവിടെ അവശേഷിക്കുന്നില്ല. തോന്നലായിരുന്നുവോ? അറിയില്ല. തോന്നലാണ് എന്ന് മനസ്സിനെ വിശ്വസിപ്പിക്കാൻ ശ്രമിച്ചപ്പോളൊക്കെ സത്യം ആയിരുന്നുവെന്ന് കണ്ണുകൾ സമ്മതിച്ചു കൊണ്ടിരുന്നു. തല ആകെ പെരുക്കുന്നു.. ഇനി സിനിമ കാണാൻ കഴിയില്ല എന്നോർത്തുകൊണ്ട് തീയേറ്ററിന് പുറത്തേക്കിറങ്ങി. മനസ്സിനെ മഥിച്ചു കൊണ്ടിരുന്ന ചിന്തകളെ വരുതിയിലാക്കിയപ്പോളാണ് ഇത്രയും നേരം തിയേറ്ററിന്റെ മുൻപിൽ നിന്ന് കഴിഞ്ഞ സംഭവങ്ങളെക്കുറിച്ച് ചിന്തിക്കുകയായിരുന്നു താനെന്നവൾ മനസ്സിലാക്കിയത്. നേരം വൈകിയിരിക്കുന്നു എന്ന തിരിച്ചറിവ് ധൃതിയിൽ പാദങ്ങളെ വണ്ടിക്ക് അരികിലേക്ക് ചലിപ്പിച്ചു. അപ്പോഴാണ് തീയേറ്ററിന് അരികിലായുള്ള റെയിൽപാളത്തിൽ ആരോ നിൽക്കുന്നതായി അവളുടെ ശ്രദ്ധയിൽ പെട്ടത്. അതൊരു പെൺകുട്ടിയാണെന്ന് വ്യക്തം. ഈയിടയായി നടക്കുന്ന ആത്മഹത്യാ പരമ്പരകളുടെ ഓർമ്മയാകണം അവളെ ആ പെൺകുട്ടിയുടെ അടുത്തേക്ക് നടക്കാൻ പ്രേരിപ്പിച്ചത്. പെട്ടെന്നാണ് അത് ശ്രദ്ധയിൽപെട്ടത് ആ പെൺകുട്ടിയുടെ കൈകളിലായി പ്രാണനിനായി പിടയുന്ന ഒരു മനുഷ്യൻ. അയാളെ രക്ഷിക്കാൻ മുന്നോട്ടു ചലിച്ച അവളുടെ കാൽപാദങ്ങൾ ആ കാഴ്ചയിൽ നിശ്ചലമായി. ആ പെൺകുട്ടിയുടെ കൈ. അതെ താൻ സ്ക്രീനിൽ നിന്ന് വന്നതായി കണ്ട അതേ കരിവളയിട്ട കൈ. ആ മുഖവും അവൾക്ക് പരിചിതമായിരുന്നു. ഏതാനും ദിവസങ്ങൾക്കു മുൻപ് ഡൽഹി മാനഭംഗക്കേസിലെ ഇര എന്ന പേരിൽ ചാനലുകാർ കൊട്ടിഘോഷിച്ച പെൺകുട്ടി. അകലെനിന്ന് തീവണ്ടിയുടെ ചൂളംവിളി അവളുടെ കാതോരം എത്തിയപ്പോഴും അവൾ നിശ്ചലയായിരുന്നു. ശരീരമാകെ ആരോ ചങ്ങലയിട്ട പോലെ ബന്ധിതമായിരുന്നു. തീവണ്ടി അടുത്തെത്തിയപ്പോൾ ആ പെൺകുട്ടി ആ മനുഷ്യനെ തീവണ്ടിക്കു മുന്നിലേക്ക് തള്ളി. ഒരു ആർത്തനാദത്തോടെ ആ മനുഷ്യശരീരം നിശ്ചലമായി. അതൊരു നി ർവികാരതയോടെ നോക്കിനിൽക്കാനേ അവൾക്കായുള്ളു. ഏതോ ഒരു അമാനുഷിക ശക്തി അവളുടെ ചലനങ്ങളെയും വികാരങ്ങളെയും സ്തംഭനാവസ്ഥയിലാക്കിയതു പോലെ. പെട്ടെന്ന് ബോധം മറഞ്ഞ് അ വൾ പിന്നോട്ട് വീണു. പെട്ടെന്നാണ് ഉറക്കത്തിൽ നിന്നവൾ ഞെട്ടിയുണർന്നത്. ചുറ്റും നോക്കിയപ്പോൾ സ്വന്തം മുറിയിലാണ്. കണ്ട കാര്യങ്ങൾ മറവിയിൽ ആണ്ടു പോയിരുന്നു.

നേരം പുലർന്നിരുന്നു. വീണ്ടും പതിയെ അവൾ നിദ്രയുടെ കാണാകയത്തിലേക്ക് വീണുപോയിരുന്നു. ഇതേസമയം ഡൽഹി മാനഭംഗ കേസിലെ പ്രതിയുടെ മൃതദേഹം ആത്മഹത്യ ചെയ്തതായി കണ്ടെടുത്തിരുന്നു. ആ മൃതദേഹത്തിന് അയാളുടെ മുഖമായിരുന്നു. ആ പെൺകുട്ടി തീവണ്ടിക്ക് മുന്നിൽ തള്ളിയിട്ട ആളുടെ മുഖം. ഇതേസമയം അന്ന് അകലെ ചിത്രഗുപ്തന്റെ കണക്കുപുസ്തകത്തിൽ ഒരു ഏട് കൂടെ എഴുതപ്പെട്ടിരുന്നു. എവിടെ നീതി നിഷേധിക്കപ്പെടുന്നുവോ, അവിടെ നീതിക്കായ് ഒരു പോരാട്ടം തീർച്ചയായും നടന്നിരിക്കും എന്ന്. ●

# പരിസ്ഥിതി സംരക്ഷണത്തിൽ വിദ്യാർത്ഥികൾക്കുള്ള പങ്ക്

Vishnupriya.M
Bsc chemistry 3rd year

പരിസ്ഥിതി നമ്മുടെ ജീവനോട് ചേർന്നിരിക്കുന്ന ഒന്നാണ്. ഭൂമിയിൽ ഓരോ കണികകളും മനുഷ്യന്റെ അധീനതയിലാണ് എന്ന മിഥ്യാധാരണയെ ഇന്ന് സൂക്ഷ്മാണുക്കൾ വരെ തകർത്തു കൊണ്ടിരിക്കുന്ന സാഹചര്യത്തിലും പരിസ്ഥിതിയെ നമ്മുടെ അത്യാഗ്രഹം കാർന്നു കൊണ്ടിരിക്കുകയാണ്. നിരന്തരം തിരിച്ചടികൾ ഏറ്റുകൊണ്ടിരിക്കുന്നു എന്ന തിരിച്ചറിവിൽ പരിസ്ഥിതി സംരക്ഷണം അത്യന്താപേക്ഷിതമാണെന്ന് നാം ചിന്തിക്കേണ്ടിയിരിക്കുന്നു. നാളെയുടെ വാഗ്ദാനങ്ങളായ വിദ്യാർത്ഥി സമൂഹത്തിലൂടെ ഈ കർത്തവ്യം നടപ്പിലാക്കുന്നത് സമൂഹത്തിന് പ്രതീക്ഷയുടെ പുതുനാമ്പുകൾ നൽകുന്നു. പരിസ്ഥിതി സംരക്ഷണത്തിൽ വിദ്യാർത്ഥികൾക്കുള്ള പങ്കിനെ കുറിച്ച് ചർച്ച ചെയ്യുമ്പോൾ ഈ വിഭാഗത്തെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഉജ്ജ്വല പ്രവർത്തനം നൽകുന്ന ഗുണങ്ങളെക്കുറിച്ച് ആദ്യം വിലയിരുത്താം. യുവത





ലമുറ അഥവാ വിദ്യയും പുതിയ നിരീക്ഷണപാടവവും പഠനരീതിയും
ഉൾക്കൊണ്ട സമൂഹത്തിന് വിജയ സാധ്യത കൂടുന്നു. കാരണം അവർക്ക്
പുത്തൻ ചിന്തകളെ ആശയങ്ങളെ മുന്നോട്ടു വയ്ക്കാൻ സാധിക്കും. പ
രിസ്ഥിതി സംരക്ഷണത്തിൽ വിദ്യാർത്ഥികളുടെ പങ്കാളിത്തം ശക്തമാക്കു
ക എന്ന ലക്ഷ്യത്തോടെയാണ് യുനെസ്കോ പാരിസ്ഥിതിക പഠനം
എന്നൊരാശയം വിദ്യാലയങ്ങളിലും കലാലയങ്ങളിലും കൊണ്ടുവരാനു
ള്ള പദ്ധതി തയ്യാറാക്കിയത്. 1970 ൽ വില്യം സ്റ്റാഫ് മുന്നോട്ടു വെച്ചതാണ്
ഈ ആശയം. പരമ്പരാഗത വിദ്യാഭ്യാസ സമ്പ്രദായത്തിലെ ക്ലാസ്സ്റൂമിനു
ള്ളിൽ മാത്രമുള്ള വിദ്യാഭ്യാസത്തിനു പുറമേ അക്വേറിയം, മൃഗശാല,
പാർക്ക് പോലുള്ള പാരിസ്ഥിതിക സങ്കേതങ്ങളിൽ ചെന്നുള്ള പഠനവും
വിദ്യാർഥികളിലൂടെയോ അല്ലാതെയോ പൊതുജനത്തെ പരിസ്ഥിതിയെ
ക്കുറിച്ചും മൂല്യത്തെക്കുറിച്ചും അതിന്റെ പ്രശ്നങ്ങളെങ്ങളെക്കുറിച്ചും പ
രിഹാരത്തെകുറിച്ചും പഠിപ്പിക്കുന്ന ഒരു രീതി. യൂറോപ്യൻ രാജ്യങ്ങളിൽ
നാച്ചുറൽ സയൻസ് എന്ന പ്രത്യേക പഠന വിഭാഗത്തിനു പുറമേ എല്ലാ
വിഷയങ്ങളിൽ പഠിക്കുന്നവർക്കും പാരിസ്ഥിതിക പഠനം നിർബന്ധമാക്കി
മാറ്റിയതും ഇതിന്റെ ഭാഗമായി തന്നെയാണ്.

പരിസ്ഥിതി വിദ്യാഭ്യാസത്തിന്റെ ഭാഗമായി ലോകത്തുടനീളം ഡബ്ല്യു
ഡബ്ല്യു എഫ് (WWF) ഇക്കോ സ്കൂളുകൾ തുടങ്ങി . 1976 ഇന്ത്യയും പ
രിസ്ഥിതി വിദ്യാഭ്യാസം ഊർജ്ജിതമാക്കി. പരിസ്ഥിതി സംരക്ഷണത്തിന്റെ
ഭാഗമായി വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കാനും കൂടുതൽ പ്രവർത്തന



**പരിസ്ഥിതി വിദ്യാഭ്യാസത്തിന്റെ ഭാഗമായി ലോകത്തുടനീളം ഡബ്ല്യു ഡബ്ല്യു എഫ് (ണണഎ) ഇക്കോ സ്കൂളുകൾ തുടങ്ങി . 1976 ഇന്ത്യയും പരിസ്ഥിതി വിദ്യാഭ്യാസം ഊർജ്ജിതമാക്കി. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി വിദ്യാർഥികളെ പ്രോത്സാഹിപ്പിക്കാനും കൂടുതൽ പ്രവർത്തന സജ്ജമാക്കാനും പ്രവർത്തിക്കുന്ന ഒരുപാട് സംഘടനകൾ നമുക്കിടയിലുണ്ട്.**

സജ്ജമാക്കാനും പ്രവർത്തിക്കുന്ന ഒരുപാട് സംഘടനകൾ നമുക്കിടയിലുണ്ട്. ഗവൺമെന്റ് സംഘടനകൾ മുതൽ എൻ ജി ഒ പോലുള്ളവ വരെ. മാതൃഭൂമിയുടെ സീഡ് പ്രോജക്ട് ഇതിനൊരുദാഹരണമാണ്. സ്കൂൾ കുട്ടികളിൽ ഒരു പുതിയ കാർഷിക സംസ്കാരവും പരിസ്ഥിതി സംരക്ഷണ അവബോധവും വളർത്തുക എന്ന ലക്ഷ്യത്തോടെ 38 വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ 14 റവന്യൂ ജില്ലകളിലായി കേരളത്തിൽ ഇത് നടത്തിവരുന്നു. കേരള സർക്കാരിന്റെ ഏറെ വർഷങ്ങളായി തുടർന്നുപോരുന്ന എന്റെ മരം പോലുള്ള പരിപാടികളും ജൂൺ 5 പരിസ്ഥിതി സംബന്ധമായി വിദ്യാലയങ്ങളിലും കലാലയങ്ങളിലും നടക്കുന്ന ശുചീകരണവും മറ്റു പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളും മറ്റൊരു ഉദാഹരണമാണ്. സസ്യങ്ങൾ നട്ടുപിടിപ്പിക്കൽ, വനനശീകരണം തടയൽ, ദിനം തോറുമുള്ള സസ്യ പരിപാലനം, ജൈവ പച്ചക്കറി കൃഷി, പ്ലാസ്റ്റിക് പോലുള്ള മാലിന്യനിർമാർജന പരിപാടികൾ തുടങ്ങി ഇത്തരം മികവേറിയ പ്രവർത്തനങ്ങൾ വിദ്യാർഥികൾക്കിടയിൽ കാണാം.
വിദ്യാർത്ഥി സംഘടനകൾ, പരിസ്ഥിതി ക്ലബ്ബുകൾ സമീപപ്രദേശങ്ങളിലെ വനങ്ങൾ ജലാശയങ്ങൾ പോലുള്ള പ്രകൃതി സമ്പത്തുകൾ സംരക്ഷിക്കുന്നതും ദൈനംദിന ജീവിതത്തിൽ പരിസ്ഥിതി സംരക്ഷണ പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതും പ്രതീക്ഷയുടെ കിരണങ്ങൾ ആണ് സൃഷ്ടിക്കുന്നത്.

ദേശീയതലത്തിൽ ഊർജ്ജ ചേതന, യങ് അഡ്വക്കേറ്റ്സ് ഫോർ ക്ലീൻ എയർ സപ്പോർട്ടഡ് ബൈ യു എസ് കോൺസുലേറ്റ്, യങ് ലീഡേഴ്സ് ഫോർ ചേഞ്ച്, എസ് ല സി മ പോലുള്ള സ്കൂൾ വിദ്യാഭ്യാസ ത ലത്തിലും ഉന്നത വിദ്യാഭ്യാസ തലത്തിലുമുള്ള പരിസ്ഥിതി പ്രവർത്തനങ്ങൾ സർക്കാരിന്റെ ഭാഗത്തുനി ന്നും നടപ്പിലാക്കുന്നതായി കാണാം. കൂടാതെ അധ്യാപകർ ചേർന്നുള്ള വേലാല പ്രൊജക്ട് പര്യാവരൺമിത്ര പോലുള്ള പരിപാടികളും ഇതിനൊരു ഉദാഹരണം തന്നെ. ഗംഗാ സംരക്ഷണത്തിന് ഭാഗമായുള്ള വിദ്യാർത്ഥി പ്രവർത്തന വാർത്തകളും സ്വാഗതാർഹം തന്നെ. ചരിത്രവും ആനുകാലികവും ഇത്തരത്തിൽ വിശകലനം ചെയ്യുമ്പോഴും സമന്വയിപ്പിച്ച് അപഗ്രഥിക്കുമ്പോഴും പ്രകൃതി സംരക്ഷണത്തിൽ വിദ്യാർത്ഥികൾക്കുള്ള പങ്കിനെ തുറന്നുകാട്ടുന്നു. ഇതിലൂടെ ഭാവിതലമുറയുടെ ഭൂമിയുടെ നിലനിൽപ്പ് തന്നെയാണ് ഉറപ്പാക്കുന്നത് എന്ന് നമുക്ക് വിലയിരുത്താം.

# Love & Lies



Abhiram M.P
3rd B.A English

You should be
Very much careful
When you're 'bout to
Lie to a liar.
They will catch you
Within a fraction of your breath.
The liar will enter into you
Through that lie.
When Eve uttered the first lie,
Adam saw right through
And now it has you.

Very much alike,
You should be cunning
About love too.
When you have love [ for you]
It will catch the one next to you.
It may spread like cancer
To one , then all
But the good point is
We have always, a medicine.

Love and lie are the same.
They wear each others outfit.
They even smell the same at times.
Like a human; It's hard to define .
Lie isn't dark , like
Dark is the lie
Love isn't red , like
Red is sometimes Vibgyor.
They are transparent ;
Shape shifters like us.

We have no separate
Love or lie.
They are just like sand.
How much you dig
That much you'll be surprised;
Once you're in it you have no
Way back;
You can't take one from
The other.
Just like us!!!

# THE COMPANION

Rinu Mariyam
BA Malayalam (2nd sem)

You and I,
Our laughter,
Our secrets,
Our gossips
and the Universe
that appears like
Our memories
are the finest'.

You were the
Sole brightness
to my dead nights,
When I cried my heart out
You brushed away the tears.



വര: ഐശ്വര്യ എ

# പൗരാവകാശം

വിഷ്ണു
I MSc Zoology

കല്ലുകൾ തിരയുന്ന കൈകൾ കാണാത്ത
പീടികത്തിണ്ണയിൽ ഞാനൊളിച്ചു

മാനത്ത് പാതി മയങ്ങിയ ചന്ദ്രിക
മകരമാസത്തിന്റെ കാറ്റിൻ ശരങ്ങളും

ആരോരുമില്ലാത്ത പീടികത്തിണ്ണയിൽ
അന്തിക്കുകൂട്ടായി ഞാൻ കിടന്നു
വെള്ളമൊഴിച്ചു കെടുത്തിയ തീക്കനൽ പിന്നെയും
പള്ളയിൽ വെന്തെരിഞ്ഞു.
കണ്ണടയ്ക്കുമ്പോൾ കടിച്ചു പറിക്കുന്നു
ഭൂതകാലത്തിന്റെ കാട്ടുനായ്ക്കൾ..
അന്നൊരു പുലർക്കാലെ അന്നവുംതേടിഞാൻ
വീടുകൾ തോറും അലഞ്ഞിരുന്നു.
അംബരം മുട്ടുന്ന വീടിന്റെ കുപ്പയിൽ
കണ്ടു ഞാൻ ഓരില ചോറിൻ ശിഷ്ടം.
പള്ളയിൽ കത്തുന്ന കനലിന്റെ ചൂടെന്നെ
കുപ്പയിലേക്ക് വലിച്ചിഴച്ചു.
ആഴ്ചകൾ താണ്ടിയ ക്ഷുത്തിന്റെ തിനാളം
ആനന്ദാശ്രുവിൽ കെട്ടുപോയി
പഴയോരു ചോറും നുഴയ്ക്കും പുഴുക്കളും
പശിയിലോ വെണ്ണീരായി മാറി
പിന്നിലായാരോ വന്നതു കൂസാതെ
ക്ഷുത്തിന്റെ ഉത്തരം നക്കിയെടുത്തു ഞാൻ

തിരിഞ്ഞൊന്നു നോക്കുന്ന നേരത്ത് കണ്ടതോ
പുഞ്ചിരി തൂകുന്ന മർത്യഭാവം
കാപട്യഭാവം നടിച്ചു ചിരിച്ചവൻ
തിളച്ചോരു വെള്ളമൊഴിച്ചെന്റെ മേനിയിൽ
ചിരിപ്പൂ മാനുഷൻ പിന്നെയും നോക്കുന്നു
ചെന്തീയിൽ വീണപോൽ ഞാൻ പിടഞ്ഞു.
വെന്തോരു തോലും മനസ്സും വലിച്ചു ഞാൻ
കനിവിന്റെ തേനും തേടിയോടി..
വഴിയിൽ കവർ, കല്ലെറിഞ്ഞവരൊന്നും
പാപം ചെയ്തവരല്ല പോലും..
പൊള്ളി പൊളിഞ്ഞോരു തോലുമായി ഓടിഞാൻ...
ഒന്നിരിക്കാൻ ഒന്നണയ്ക്കാനിടം തേടി..
കിതക്കുന്ന നേരത്ത് നാവൊന്നു കാൽ
പേ പിടിച്ചെന്നു പറഞ്ഞു കൊല്ലും..
നാവും വിഴുങ്ങി ഞാൻ പായുന്ന പാച്ചിലിൽ..
കത്തുന്ന സൂര്യനെ ഒന്ന് നോക്കി
പാരിനെ മൊത്തത്തിൽ പകലാക്കും വെട്ടമോ



കനിവിന്നഭാവത്തിൽ കൂരിരുട്ട്..
കണ്ടവർ കണ്ടവർ കല്ലെറിഞ്ഞു
ആട്ടിയോടിച്ചവർ ഒന്നുപോലെ.
ഏതെന്റെ ദേശം കുലം ജാതി വർഗ്ഗവും
ഏത് ദേശത്തേക്കു പോയിടേണ്ടു..
ജനിച്ചോരു മണ്ണിൽ മരിക്കുവാനായിനി
എന്തു ഞാൻ മർത്യന് നൽകിടേണ്ടു..
ഞാനെന്ന ഭാവവും മാളികയും വിട്ട്
ആറടി മണ്ണിൽ അലിഞ്ഞിടുമ്പോൾ
ഓർക്കു നീ മർത്യാ.. ഭൂവിൻ അവകാശി..
പൂവും പുഴുക്കളും പുൽച്ചാടിയും..
കാമവും ക്രോധവും മത ജാതി ചിന്തയും
പുഴുവിന്നു ഭക്ഷണമായിടുന്നു


# ढूढ़ो इंसानियत को

प्रेमचंद जी के कफन नामक कथा एक कालजयी रचना है। यहाँ प्रेमचंद जी एक ऐसे समाज की और हमारा ध्यान आकर्षित करते है जहाँ दिन रात काम करनेवालों की हालत और कुछ भी काम किए बिना कामचोर होकर अपनी रोज़ी रोटी केलिए दूसरों की खेतों में चोरी करनेवालों से ज्यादा अंतर नही है। निम्नवर्ग किसानों की खेतों में सिर्फ भूख ही उगता है, चाहे वे दिन रात कितनी भी मेहनत करे। जो किसानों के दुर्बलताओं से लाभ उठाना जानते है, वे कई ज्यादा संपन्न रहते है। ऐसे समाज में जहाँ आर्थिक विषमता इतनी ज्यादा है, जहाँ श्रम का उत्साह व्यक्ति से खत्म होने लगता है, जहाँ लोग सोचते है कि इतनी मेहनत करने के बावजूद भी, दिन रात एक करने के बावजूद भी उचित फल नहीं मिले तो मेहनत करे ही क्यों ?

कफन कहानी घीसू और माधव के बारे में है जो पिता-पुत्र है। गरीबी ने उन पर ऐसा एक जादू किया है जिससे वे दोनों परिवार के एक सदस्य के अंतिम संस्कार करने से ज्यादा महत्वपूर्ण अपना पेट भरना लगता है। वे दोनों इतने कामचोर बन गए है, इतने आलसी बन गए है । मानवीय मूल्य उनके अंदर से पूर्ण रूप से गायब हो चुकी है। कहानी के शुरुआत में देखा जा सकता है कि माधव के गर्भवती पत्नी दर्द से अपनी कोठरी में तडप रही होती है और माधव और घींसू किसी के खेत से चोरी करके लाए गए आलू भुनकर खा रहे होते है। लेकिन देखा जा सकता है कि अपनी पत्नी की ऐसी हालत के बावजूद माधव आराम से आलू खा रहे होते हैं। घींसू के कहने पर भी वह कोठरी में अपने पत्नी को देखने नहीं जाता है, उसे आलू की फिक्र होती है। वह सोचता है कि कोठरी में जाने पर आलू का बडा भाग घींसू साफ कर देगा। इससे पूर्ण रूप से माधव की चरित्र का एक साफ चित्र हमारे सामने आ जाता है। हमें समझे आते हैं कि मानवीय मूल्यों की एक बूँद भी माधव के अंदर बची नही है। अगले दिन जब पता चल जाता है कि बुधिया की मौत हो चुकी है तो माधव और घींसू कफन के पैसे केलिए इधर-उधर भटकते है। गाँव के ज़मीनदार से और लोगों से उन दोनों को पाँच रूपया मिल जाता है। बाजार पहुँचते ही वे दोनों इधर-उधर घूमते है, रात होते ही वे एक मधुशाला में जा पहुँचते है। वहाँ से दोनों नशे में आ जाते है। लोगों से कफन केलिए इकट्ठा किए गए पैसे को खो देने की बहाना करने के बारे में सोचते है। दोनों नशे में बुधिया की प्रशंसा करते है, परलोक के बारे में बातें करते है। बची हुई खाने को एक भिखारी को देकर दान देने की आनंद वे दोनों नशे में महसूस करते है।

प्रेमचंद जी ने जिस भारत का वर्णन कई साल पहले किया था उस भारत से हम आज भी बहुत हद तक परिचित है। हम सब बहुत आगे निकल गए है लेकिन हमारा देश भारत बहुत पीछे पड गया है। गरीबी, बेरोज़गारी आदि की समस्य आज भी देश के कई कोनों में देखी जा सकती है।

Gayathri B.S
BSc Physics



# साथी

दुःख के सागर में
तैरकर थक गयी थी मैं
रास्ता एक भी न था
बचने केलिए तब
रुलाई सुनी गयी अंत में
खुला गया दरवाज़ा सच्चाई का
सामने मेरे अप्रत्याशित
कहती हूँ हज़ारों धन्यवाद
साथी बनने चुनौतियों में।

**Megha**
**II[nd] BSc Chemistry**



# ചുമലിലേറ്റിയ ദുർഗന്ധം

അഥീന കെ.പി
IIIrd BA English

ദുർഗന്ധം വമിപ്പിക്കുന്ന
ജീർണിച്ച ശവം
കാലങ്ങൾ മുമ്പേ
കുഴിച്ചിട്ട ശവം
നല്ലതെന്തെന്നോ കരുതി
മണ്ണിൽ നിന്നെടുത്തു
അവരിന്ന് വീണ്ടും

എന്നിട്ടോ മുതുകിൽ
ചുമന്ന് നടക്കുന്നു
പോകുന്നിടത്തെല്ലാം
കൂടെ കൊണ്ടു പോകുന്നു
നാടെങ്ങും ദുർഗന്ധം
പരത്തി നടക്കുന്നു.

താൻ കാണുന്നത് മാത്രം
ശരിയെന്ന് പറയുന്നു
തനിക്കിഷ്ടമില്ലാത്തതെല്ലാം
തെറ്റായി കാണുന്നു
ശവം തോണ്ടിയെടുക്കാൻ
ആളെ കൂടെ കൂട്ടുന്നു
എല്ലാവരുടെയും ചുമലിൽ
അത് വെച്ചു കെട്ടുന്നു

മതഗ്രന്ഥങ്ങൾ തൻ
അഴുകിയവശങ്ങൾ
തെരഞ്ഞ് കണ്ടെത്തി
കൂടെ കൂട്ടുന്നു

എതിർക്കുന്നവർക്കെതിരെ
തോക്ക് ചൂണ്ടുന്നു
പാടേ, പറക്കേണ
കിളികളെ കൂട്ടിലടയ്ക്കുന്നു

രക്ഷയ്ക്കായ് ഓടുന്നവരുടെ
കാലെറിഞ്ഞ് ഒടിക്കുന്നു
എന്നിട്ടും മതിയാകാതെ
പലരെയും കഴുവിലേറ്റുന്നു

ശുദ്ധവായുവിൽ പോലും
വിഷം കലർത്തുന്നു
ജീവനുള്ള പാതി പേരെ
കഴുത്തറുക്കുന്നു
മറ്റുള്ളവരെ കൊല്ലാതെ
കൊല്ലുന്നു


ഇതൊന്നും പോരാതെ
ഇതെല്ലാം ദൈവത്തിന്റെ
ഇഷ്ടമെന്ന് പറഞ്ഞ്
നടക്കുന്നു.

# ആദരാഞ്ജലിയുടെ പുഷ്പങ്ങൾ

**അനാമിക**
IInd Bcom



ഇരുട്ടിന്റെ മുഖംമൂടി അഴിച്ചു മാറ്റി വീണ്ടും ഒരു പ്രഭാതം ജന്മമെടുത്തു. സൂര്യകിരണങ്ങളേറ്റ് നഗരവീഥികൾ തിളങ്ങി. കിളികളുടെയും മറ്റു ജീവികളുടെയും മധുര ശബ്ദങ്ങൾക്കു പകരം ചീറിപ്പാഞ്ഞ് മരണവേഗത്തിലോടുന്ന വണ്ടികളുടെ ശബ്ദമായിരുന്നു. നഗരം ആ പുലരിക്ക് സമ്മാനിച്ചത് സുപ്രഭാത വരവേൽപ്പ്. അന്നു മാത്രമല്ല എന്നും, ഇനി അങ്ങോട്ടും തന്റേതായ തിരക്കുകളിൽ മുഴുകി പരക്കംപായുന്ന ജനങ്ങൾ, തെരുവുപട്ടികൾ, കമ്പോള മത്സരങ്ങൾ, ഇടയ്ക്കെപ്പോഴോ നഗരവീഥികളിൽ വരുന്ന കുഞ്ഞു കിളികൾ, അവരുടെ മധുരസ്വരങ്ങൾ. എന്നാൽ നഗര തിരക്കുകളുടെ നടുവിൽ ആ മധുരസ്വരങ്ങൾ ഒന്നു കേൾക്കാൻ മടിക്കും, എല്ലാം ആ പ്രഭാത കാഴ്ചകളായിരുന്നു. ആ തിരക്കുകൾക്കിടയിൽ അയാൾ നടന്നു നീങ്ങി. തോളിൽ ഒരു തുണി സഞ്ചിയും, നീട്ടി വളർത്തിയ താടിയും, കണ്ടാൽ ചെറുപ്പക്കാരനാണ്.



മുപ്പതുവയസ്സു മാത്രം തോന്നിപ്പിക്കുന്ന പ്രായം. അയാൾ തിരക്കുകൾക്കിടയിൽ നടന്നു. പെട്ടെന്ന് ആളെ പിന്തുടർന്ന് ഒരു ശബ്ദം.

സാർ.... സാർ...

അയാൾ തിരിഞ്ഞു നോക്കി. കണ്ടിട്ട് അപരിചിതമായ മുഖം. മനസ്സിലാവാത്ത മട്ടിൽ അയാൾ നിന്നു നോക്കി. അത്യാവശ്യം നല്ല പ്രായമുള്ള മനുഷ്യനായിരുന്നു അത്.

സാറേ.... സാർ ബാലുസാർ അല്ലേ..?
ആകാംക്ഷയോടെ ആ മനുഷ്യൻ ചോദിച്ചു.
എഴുത്തുകാരൻ ബാലു സാർ.....
ബാലു മേനോൻ..?
വീണ്ടും അദ്ദേഹം ആവർത്തിച്ചു.

അതെ, എന്നു മറുപടി പറഞ്ഞുകൊണ്ട് ബാലു ആ മുഖത്തേക്ക് സൂക്ഷിച്ചു നോക്കി. ഒരു പരിചയവുമില്ലാത്ത മുഖം.

എനിക്ക് സാറിനെ അറിയാം. ഞാൻ നിങ്ങളുടെ കഥകളെല്ലാം വായിക്കാറുണ്ട്. ഞാൻ നിങ്ങളുടെ വലിയ ഒരു ആരാധകനാണ്. ബാലുവിന്റെ മുഖത്ത് പുഞ്ചിരി വിടർന്നു. അയാൾ ആ വൃദ്ധനെ നമസ്കരിച്ചു.

സാർ എന്താണിവിടെ? അയാൾ ചോദിച്ചു.
ഞാൻ പുതിയ ഒരു കഥയുമായി ബന്ധപ്പെട്ട് എത്തിയതാണ്. കുറച്ച് ശാന്തമായൊരിടം. പക്ഷേ എനിക്കിവിടെ പരിചയമില്ല.

സാരമില്ല സാർ എനിക്കിവിടം നന്നായി അറിയാം. സാർ വരൂ.... ഞാൻ ഒരിടം കാണിച്ചുതരാം.
അവർ ഇരുവരും ഒരു ടാക്സിയിൽ കയറി. സ്ഥലത്തെത്തി.
നഗരമധ്യേ വിശാലമായ ഒരിടം. എങ്ങും ശാന്തിയുടെ ഇളംകാറ്റ് അവരെ വരവേൽക്കാൻ എന്നപോലെ തഴുകി. എങ്ങും സുഗന്ധം മണക്കുന്ന ഇടം. ശാന്തത തളോടുന്ന വഴികൾ, കിളികളുടെ മധുരസ്വരം, പഴത്തോട്ടങ്ങളുടെ ശേഖരം,എങ്ങും പച്ചപ്പ് തിരക്കുപിടിച്ച നഗരവീഥികൾക്കിടയിൽ ആരോ നഷ്ടപ്പെടുത്താതെ കരുതിവെച്ച പച്ചപ്പിന്റെ ഹരിതഇടമാണെന്ന് തോന്നി പോകുന്ന ഇടം.

സാറിന് എഴുതാൻ പറ്റിയ ഇടമാണെന്ന് തോന്നുന്നുണ്ടോ? എന്ന് ആ വൃദ്ധൻ ചോദിച്ചു.
ബാലുവിന്റെ ഹൃദയം സന്തോഷത്താൽ തുളുമ്പുന്ന സ്വരത്തിൽ അതെ എന്ന് മറുപടി പറഞ്ഞു.
അത് ഒരു ഹോട്ടലായിരുന്നു. കണ്ടാൽ പറയില്ല. എങ്ങും ശാന്തമായിരുന്നു അവിടം. അവിടെ മുറിയെടുത്തു. അതിനുശേഷം വൃദ്ധൻ മടങ്ങി. റൂമിലെത്തി ബാലു ജനാലയുടെ കർട്ടൻ നീക്കി. എന്തൊരു സുന്ദരമായ കാഴ്ച. പച്ചപ്പുകൾക്കപ്പുറം ഇരമ്പിയടിക്കുന്ന കടൽ, കുറേ ആളുകൾ. അവരെല്ലാം ഇവിടെ ഒഴിവുദിവസം ഉല്ലാസഭരിതമാക്കാൻ എത്തിയവരാണ്. കുറച്ചുനേരം റൂമിൽ വിശ്രമിച്ചശേഷം ബാലു പുറത്ത് നടക്കാനിറങ്ങി. ആ ശാന്തമായ സ്ഥലം ബാലുവിന്റെ ജീവിതത്തിൽ വളരെയധികം സ്വാധീനം ചെലുത്തി. കടൽക്കരയോടും പാറക്കല്ലുകളോടും മറുകരയുടെ കഥകൾ പറഞ്ഞ് മുത്തമിടുന്ന തിരമാലകളെ നോക്കി ബാലു നടന്നുനീങ്ങി. അകലെ കുറെ പാറക്കെട്ടുകൾ, അങ്ങോട്ട് പോകുവാനായി ബാലുവിന്റെ ഹൃദയം തുടിച്ചു. പക്ഷേ അപകടമേഖല എന്ന പോസ്റ്റർ കണ്ടപ്പോൾ മനസ്സ് നിരാശയോ ൽ തലകുനിച്ചുതിരിച്ചു നടക്കാൻ തുടങ്ങിയപ്പോഴാണ് ആ കാഴ്ച കണ്ടത്.അപകടമേഖലയായിട്ടു കൂടിയും അവിടെ ആരോ നിൽക്കുന്നതായി തോന്നി. ബാലു പതിയെ അടുത്തേക്ക് നടന്നു. അത് ഒരു സ്ത്രീയാ ണ്. കണ്ടാൽ അധികം പ്രായമൊന്നും ഇല്ല. നന്നേ ചെറുപ്പക്കാരി. എന്തോ തീരുമാനിച്ചുറപ്പിച്ചു നിൽക്കുന്നതുപോലെ. ബാലു ഉച്ചത്തിൽ വിളിച്ചു. അവിടെ നിൽക്കുന്നത് അപകടമാണെന്ന് വിളിച്ചുകൂവി. പക്ഷേ അത് അവർ കേട്ടില്ല. ബാലു അവളുടെ അടുത്തെത്തി. അവളെ തിരികെ കൊണ്ടുവരാൻ പരിശ്രമിച്ചു. തിരിച്ചു നടക്കുമ്പോൾ അവളുടെ മുഖവും മനസ്സും ആസൂത്രണം ചെയ്ത് ഉറപ്പിച്ചതെന്തോ, പരാജയപ്പെട്ടതിന്റെ മാനം തെളിഞ്ഞിരുന്നു. എന്തുതന്നെ ആയാലും അത് നല്ല ഉദ്ദേശ്യം അല്ലെന്നും, ദുരുദ്ദേശ്യം ആയിരുന്നുവെന്നും ബാലുവിന് തോന്നി. അടുത്തുള്ള റസ്റ്റോറന്റിൽ കയറി അവർ ഇരുന്നു. ബാലു തന്നെ സ്വയം പരിചയപ്പെടുത്തി എന്നിട്ടും അവളിൽ ഒരു കുലുക്കവും കണ്ടില്ല. പരാജയത്തിന്റെ ആഴക്കടലിൽ അവൾ മുങ്ങിത്താഴുകയായിരുന്നു. ബാലു ഓരോന്ന് കുത്തി കുത്തി ചോദിച്ചപ്പോൾ അവൾ പറഞ്ഞു.

ഞാൻ അലീന,അലീന വർഗീസ്.
ജനിച്ചതും വളർന്നതുമെല്ലാം ബാംഗ്ലൂരാണ്.
അപ്പോൾ ഇവിടെ, ബാലു ചോദിച്ചു.

ഒരാളെ അന്വേഷിച്ചു വന്നതാണ് അവൾ പറഞ്ഞു.

അവൾ തന്നെ കുറിച്ച് പറയാൻ തുടങ്ങി. അമ്മയും ചേട്ടനും അടങ്ങുന്ന കൊച്ചു കുടുംബമാണ് അവളുടേത്. അച്ഛൻ കുഞ്ഞിലേ മരിച്ചു. ഒരു സുഹൃത്തിനെ അന്വേഷിച്ചാണ് അവൾ തിരുവനന്തപുരത്ത് എത്തിയത്. സുഹൃത്ത്.. അതു പറഞ്ഞപ്പോൾ അവളുടെ തല താനെ കുനിഞ്ഞു. അവൾ കള്ളം പറഞ്ഞതാണെന്ന് ബാലുവിന് തോന്നി. കള്ളം പറഞ്ഞത് കൊണ്ടാവാം ബാലുവിന്റെ കണ്ണുകളിൽ നോക്കാൻ അവൾ തയ്യാറായില്ല.

സുഹൃത്തല്ല, അവൾ പറഞ്ഞു.

ഞാൻ സ്നേഹിക്കുന്ന ആളാണ്. കഥ തുടർന്നു. അഗസ്റ്റിൻ മാത്യു എന്നായിരുന്നു ആ യുവാവിന്റെ പേര്. ഇരുവരും ബാംഗ്ലൂരിൽ എംബിഎ പഠനം പൂർത്തിയാക്കിയത് ഒരുമിച്ചായിരുന്നു. അന്നുമുതലുള്ള പരിചയമാണ്. ആദ്യമൊക്കെ വെറും സുഹൃത്തുക്കളായിരുന്നു. പിന്നീടത് പ്രണയമായി വളർന്നു. പരസ്പരം സ്നേഹിച്ചും മനസ്സിലാക്കിയും പ്രണയിച്ചു. അവർ എംബിഎ പഠനം പൂർത്തിയാക്കി. അതിനുശേഷം അദ്ദേഹം തിരുവനന്തപുരത്തേക്ക് തിരിച്ചു. പെട്ടെന്ന് വിളിയും സംസാരവും ഒന്നും ഇല്ലാതായി. തിരക്കായിരിക്കും എന്നാണ് അവർ കരുതിയത്. അല്പം തിരക്കുള്ള ആളായിരുന്നു. അവളെ ഒരിക്കലും വിളിക്കാതിരിക്കാൻ അദ്ദേഹത്തിന് കഴിയുമായിരുന്നില്ല എന്ന് കരുതി അവൾ കാത്തിരുന്നു. പിന്നെ കിട്ടാതെ ആയപ്പോൾ കത്തുകൾ എഴുതി. ഒന്നിനും മറുപടി ഉണ്ടായിരുന്നില്ല. അവസാനം അദ്ദേഹത്തെ തിരഞ്ഞ് അവൾ യാത്ര തുടങ്ങി. അങ്ങനെയാണ് ഇവിടെ എത്തിയത്. ഒരുപാട് തവണ കാണാൻ ശ്രമിച്ചു.പക്ഷെ കഴിഞ്ഞില്ല. അവസാനം.. അവളത് പറഞ്ഞപ്പോൾ അവളുടെ കണ്ണുകളിൽ നിന്ന് അറിയാതെയാവാം കണ്ണുനീർതുള്ളികൾ ഒഴുകി.ഒരു അവസാനമില്ലാത്ത ഒഴുക്ക്. അവൾ നഷ്ടപ്പെട്ട ശക്തിയെ തിരികെ പിടിച്ച് പറഞ്ഞു.

ഇപ്പോൾ അയാൾ സന്തുഷ്ടനാണ്. അയാൾക്ക് കുടുംബമുണ്ട്, കുട്ടികളുണ്ട് . ബാലു ഞെട്ടി. പക്ഷേ അയാളെ കുറ്റപ്പെടുത്താൻ അവൾ തയ്യാറല്ലായിരുന്നു. അദ്ദേഹത്തിന്റെ സാഹചര്യമാണ് അതിലേക്ക് നയിച്ചത് എന്ന് അവൾ പറഞ്ഞു. എത്ര തെറ്റ് ചെയ്താലും കുറ്റപ്പെടുത്താൻ കഴിയാത്ത അവളുടെ സ്നേഹം കണ്ടപ്പോൾ ബാലുവിനെ കണ്ണുകൾ നിറഞ്ഞു.

ഞാൻ മരിക്കാൻ ഒരുങ്ങിയതാണ് അലീന പറഞ്ഞു. അഗസ്റ്റിൻ ഇല്ലാത്ത ജീവിതം അവൾക്ക് ചിന്തിക്കാൻ കഴിയാത്തതായിരുന്നു എന്ന് ബാലുവിന് ബോധ്യമായി. അഗസ്റ്റിൻ മാത്യു എന്ന പേര് ഉച്ചരിക്കുമ്പോൾഎല്ലാം അവളുടെ കണ്ണുകൾ വിടരുന്നതായി ബാലു ശ്രദ്ധിച്ചു. എന്തുതന്നെയായാലും അവൾക്ക് മരിക്കാൻ ഭയമില്ല.

മരണത്തെ ഭയമില്ലേ എന്ന ചോദ്യത്തിന് അവളുടെ മറുപടി ഇതായിരുന്നു.

മരണത്തെ ആഗ്രഹിക്കാത്തവരാണ് മരണത്തെ ഭയക്കുന്നത്. എന്നാൽ മരണത്തെ സ്നേഹിക്കുകയും ആഗ്രഹിക്കുകയും ചെയ്യുന്നവർക്ക് എന്ത് ഭയം.

അവളെ അതിൽനിന്ന് പിന്തിരിപ്പിക്കാൻ കഴിയില്ലെന്ന് ബാലുവിന് നന്നായി അറിയാമായിരുന്നു. അതുകൊണ്ടുതന്നെ ബാലു അതിനു ശ്രമിച്ചില്ല. അതിനു കഴിഞ്ഞില്ല എന്ന് വേണമെങ്കിൽ പറയാം. കാരണം അവളുടെ തീരുമാനം അത്രമേൽ ദൃഢമായിരുന്നു. ഓരോ വാക്കിലും അവൾ മരണത്തെ തന്നിലേക്ക് അടുപ്പിക്കുകയായിരുന്നു. കുറച്ചു നിമിഷങ്ങൾ കൊണ്ട് അവർ സുഹൃത്തുക്കളായി.അവൾ സന്തോഷവതിയായിരുന്നു. കാരണം മടങ്ങും മുമ്പ് എല്ലാം ഒരാളുമായി പങ്കുവെച്ചല്ലോ എന്നുള്ള സന്തോഷത്തിൽ. എന്നാൽ ബാലുവിന്റെ മനസ്സ് അസ്വസ്ഥമായി. അധികം വൈകിയില്ല. അടുത്ത പ്രഭാതം ഒരു മരണദൂതുമായാണ് ബാലുവിന്റെ അരികിൽ എത്തിയത്. ഒട്ടും അതിശയം തോന്നിയില്ല. കാരണം അത് സംഭവിക്കുമെന്ന് ബാലുവിന് അറിയാമായിരുന്നു. അങ്ങനെ വർഷങ്ങൾ കഴിഞ്ഞു. ബാലു മേനോൻ എന്ന എഴുത്തുകാരന്റെ പുതിയ പുസ്തകം പുറത്തിറങ്ങുന്നു. എന്റെ സുഹൃത്തിന്റെ ആത്മാവിന് മുന്നിൽ താൻ സമർപ്പിക്കുന്ന ആദരാഞ്ജലിയുടെ പുഷ്പങ്ങൾ. അതിലൂടെ അവളെ ലോകമറിയും. അങ്ങനെ തന്റെ സുഹൃത്ത് വീണ്ടും പുനർജനിക്കും. ഇന്ന് ലോകം വായിക്കപ്പെടുന്നു അവളുടെ ജീവിതം ആദരാഞ്ജലിയുടെ പുഷ്പങ്ങളിലൂടെ. ●



# നിളയുടെ ചരിത്രവും വർത്തമാനവും



ശിൽപ
IInd MA History

കടൽ തീരങ്ങളാലും നദികളാലും സമ്പന്നമായതാണ് നമ്മുടെ കൊച്ചു കേരളം. കേരളത്തിന്റെ താങ്ങും തണലും തന്നെ ഒഴുകി കൊണ്ടിരിക്കുന്ന നദികളാണ്. ഒരു തരത്തിൽ പറഞ്ഞാൽ നദികളാണ് കേരളത്തിന്റെ ജീവവായു. നാൽപത്തിനാലു നദികളാണ് കേരളത്തിലൂടെ ഒഴുകുന്നത്. ഇവയിൽ നാല്പത്തി ഒന്ന് നദികൾ പടിഞ്ഞാറോട്ടും, പാമ്പാർ, കബനി, ഭവാനി തുടങ്ങിയ മൂന്നു നദികൾ കിഴക്കോട്ടുമാണ് ഒഴുകുന്നത്.

ചരിത്രപ്രാധാന്യം കൊണ്ടും ജലസമൃദ്ധി കൊണ്ടും ശ്രദ്ധേയമായ പല നദികളും മലപ്പുറം ജില്ലയിലുണ്ട്. ഭാരതപുഴയാണ് ഇതിൽ ഏറ്റവും പ്രധാനം. ചാലിയാർ, കടലുണ്ടിപുഴ, തിരൂർപുഴ, തൂത പുഴ എന്നിവയാണ് ജില്ലയിലൂടെ ഒഴുകുന്ന മറ്റു നദികൾ. കേരളത്തിൽ രണ്ടാം സ്ഥാനത്തുള്ള ഭാരത പുഴ തമിഴ്നാട്ടിലൂടെ ഒഴുകി പാലക്കാട് ജില്ലയും പിന്നിട്ടാണ് മലപ്പുറം ജില്ലയിലെത്തുന്നത്. ഭാരതപുഴയുടെ തീരത്തെ ഏറ്റവും പ്രസിദ്ധ സ്ഥലമായ തിരുന്നാവായ മലപ്പുറം ജില്ലയിലാണ്. മാമാങ്കം നടന്നിരുന്നത് തിരുന്നാവയായിലാണ്. പൊന്നാനിയിൽ വെച്ചാണ് ഭാരതപ്പുഴ അറബികടലിൽ പതിക്കുന്നത്. കരിമ്പുഴ, ഒറവൽ പുഴ എന്നിങ്ങനെയും പേരുകളുള്ള കടലുണ്ടി പുഴ മലപ്പുറം ജില്ലയെ ജലസമൃദ്ധമാക്കുന്നതിൽ വലിയ പങ്കുവഹിക്കുന്നുണ്ട്. ഒലിപുഴ, വെളിയാർ എന്നീ ചെറിയ നദികൾ ചേർന്നാണ് കടലുണ്ടിപുഴ ഉത്ഭവിക്കുന്നത്. കേരളത്തിലെ രണ്ടാമത്തെ നീളം കൂടിയ നദിയായ ഭാരതപ്പുഴ നിള എന്നും ശോകനാശിനി എന്നും നാമധേയം സ്വീകരിച്ചിരിക്കുന്നു. പശ്ചിമഘട്ടത്തിൽ നിന്നും ഉത്ഭവിച്ചു അറബികടലിൽ പതിക്കുന്ന ഭാരതപുഴ 209കി മി. ദൂരം താണ്ടുന്നു. വെറുമൊരു നദി എന്നതിനേക്കാൾ ഭാരതപുഴ കേരളത്തിന്റെ

സാംസ്കാരിക ചിഹ്നങ്ങളിലൊന്നാണ്. മലയാള സാഹിത്യത്തിലും ജീവിതത്തിലും ഭാരതപ്പുഴയുടെ സാന്നിധ്യം അടയാളപ്പെടുത്തിയിട്ടുണ്ട്. പേരാർ, കോരയാർ, വരട്ടാർ, വാളയാർ എന്നീ പേരുകളും ഭാരതപ്പുഴ, നിള, ഗായത്രി, മംഗലം നദി എന്നീ സംസ്കൃത നാമങ്ങളും ഈ നദിക്കുണ്ട്.

## നിളയുടെ ഉത്ഭവവും പ്രവാഹവഴികളും

നിളയുടെ പ്രധാന ശാഖ ഉത്ഭവിക്കുന്നത് പശ്ചിമഘട്ടത്തിലെ ആനമലയിലെ അണ്ണാമല പർവ്വതത്തിൽനിന്നുമാണ്. പടിഞ്ഞാറോട്ടൊഴുകുന്ന നിള പാലക്കാട്,തൃശൂർ മലപ്പുറം ജില്ലകളിൽ കൂടി ഒഴുകുന്നു. 209 കിലോമീറ്റർ 130 മൈൽ ദൂരത്തിൽ ഒഴുകുന്ന ഈ നദി 40 കിലോമീറ്ററോളം ദൂരത്തിൽ പൊള്ളാച്ചി വരെ കുറവാണ്. പുഴയുടെ ഒരു വലിയ ഭാഗം തന്നെ അധികം മഴ ലഭിക്കാത്ത ഭൂപ്രദേശങ്ങളിലൂടെ ഒഴുകുന്നതാണ് (പാലക്കാട്,തമിഴ്നാട് )ഇതിന് കാരണം. സ്വാതന്ത്ര്യത്തിനു ശേഷം പുഴയ്ക്കു കുറുകെ പല അണക്കെട്ടുകൾ കെട്ടിയതും പുഴയുടെ ഒഴുക്ക് കുറയ്ക്കാൻ കാരണമായി. ഇന്ന് വേനൽക്കാലത്ത് പുഴയുടെ പല ഭാഗങ്ങളിലും ഒട്ടും തന്നെ ഒഴുകില്ല.

കേരളത്തിലൂടെ ഒഴുകുന്ന ഏറ്റവും രണ്ടാമത്തെ നീളം കൂടിയ നദിയാണ്, ഭാരതപ്പുഴ. നിള പല നഗരങ്ങളുടെയും ഗ്രാമങ്ങളുടെയും ജീവശ്വാസം ആണെന്ന് തന്നെ പറയാം. പാലക്കാട്,പറളി, കിള്ളിക്കുറിശ്ശി,ഒറ്റപ്പാലം, ഷൊർണൂർ,പട്ടാമ്പി, തൃത്താല,വണ്ടർ,കുറ്റിക്കടവ്, തിരുനാവായ, ഗപ്പുറം, കുടല്ലൂർ പള്ളിപ്പുറം,കുറ്റിപ്പുറം എന്നിവിടങ്ങൾ നിള ഒഴുകുന്ന പട്ടണങ്ങളും ഗ്രാമങ്ങളുമാണ്. പള്ളിപ്പുറം പട്ടണം ഉൾക്കൊള്ളുന്ന പരതൂർ ഗ്രാമം തൂതപ്പുഴയു



വടക്കോട്ടാണ് ഒഴുകുന്നത്. കൈവഴിയായ തൂതപ്പുഴ, ഗായത്രിപ്പുഴ, കൽപ്പാത്തിപ്പുഴ, കണ്ണാടിപ്പുഴ തിരൂർ പുഴ,എന്നിവ നിളയിൽ ചേരുന്നു.

പറളിയിൽ വച്ച് കണ്ണാടിപ്പുഴയും കൽപ്പാത്തിപ്പുഴയും നിളയിൽ ചേരുന്നു. അവിടെ നിന്ന് പൊന്നാനിയിൽ ചെന്ന് അറബിക്കടലിൽ പതിക്കുന്നത് വരെ ഭാരതപ്പുഴ പടിഞ്ഞാറോട്ടൊഴുകുന്നു. നിളയുടെ കടലിനോട് ചേർന്നുള്ള ഒരു ചെറിയ ഭാഗം ഒഴിച്ചാൽ മറ്റുഭാഗങ്ങൾ നദീജല ഗതാഗതത്തിന് അനുയോജ്യമല്ല. 6186 ചതുരശ്ര കിലോമീറ്റർ വ്യാപ്തിയുള്ള നദീതടം കേരളത്തിലെ എല്ലാ നദീതടങ്ങളിലും വെച്ച് വലുതാണ്. ഇതിന്റെ മൂന്നിൽ രണ്ടു ഭാഗത്തേക്കാൾ അല്പം കൂടുതൽ കേരളത്തിലും തമിഴ്നാട്ടിലുമാണ്. വലിയ നദീതടം ഉണ്ടെങ്കിലും കേരളത്തിലെ മറ്റു നദികളെ അപേക്ഷിച്ച് നിളക്ക് ഒഴുക്ക്

ടെയും നിളയുടെയും സംഗമ സ്ഥാനങ്ങളാണ്. മായന്നൂരിൽ വച്ച് ഗായത്രിപ്പുഴ നിളയിൽ ലയിക്കുന്നു. എല്ലാ അണക്കെട്ടുകളും ജലസേചനത്തിനു മാത്രമുള്ളവയാണ്. നിളയ്ക്ക് കുറുകെ വെള്ളിയാങ്കല്ലിൽ ഒരു പാലമുണ്ട് പള്ളിപ്പുറത്തെ തൃത്താലയുമായി പാലം ബന്ധിപ്പിക്കുന്നു. ഇതോടെ തൃശ്ശൂരിൽ നിന്നും കോഴിക്കോട്ടേക്കുള്ള ദൂരത്തിൽ 10 കിലോമീറ്ററോളം കുറവ് വന്നു. നിളയ്ക്ക് കുറുകെ ഉള്ളതിൽ വെച്ച് ഏറ്റവും നീളം കൂടിയ പാലമാണ് മായന്നൂർ പാലം. ഒരു കിലോമീറ്ററോളം നീളമുള്ള പാലം ഒരേസമയം നിളയും പാലക്കാട് ഷൊർണൂർ റെയിൽവേ പാതയും മറികടക്കുന്നു. ഈ പാലം വന്നതോടെ തൃശ്ശൂരിൽ നിന്നും ഒറ്റപ്പാലത്തേക്കുള്ള ദൂരത്തിൽ ആറ് കിലോമീറ്റർ കുറവ് വന്നു. മലപ്പുറം ജില്ലയിലെ പൊന്നാനിക്ക് സമീപത്തുള്ള ചമ്രവട്ടം തടയണ പാലം പൊന്നാന



ിയെയും തിരൂരിനെയും വളരെ കുറഞ്ഞ ദൂരത്തിൽ ബന്ധിപ്പിക്കുന്നു. കൂടാതെ കൊച്ചി-കോഴിക്കോട് ദൂരം 40 കിലോമീറ്റർ കുറയ്ക്കുവാനും ഈ പാലം സഹായിക്കുന്നു.

## നിളയെന്ന സാംസ്കാരിക സാന്നിധ്യം

